പഞ്ചായത്ത് രാജ്

പുസ്തകം 53 ◆ ലക്കം 09
പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം
ഡിസംബർ 2013



ജനാധിപത്യ ശാക്തീകരണത്തിന്റെ അന്താരാഷ്ട്ര സെമിനാർ

"നിർഭരമായ മനസ്സുമഭിമാന
നിർഭരമായ ശിരസ്സുമായ് സ്വാതന്ത്ര്യ-
സ്വർഗത്തിലേക്കാറെ ദുഃഖം സഹിച്ചു നിൻ
വർഗത്തെയാനയിക്കാനുയിർത്തെഴുന്നേൽക്ക!
ഇനി വരിക ഹേ, ശ്യാമസൂര്യ!"

(ഒ.എൻ.വി)

'നമ്മുടെ പഞ്ചായത്ത്
ശുചിത്വത്തിന്റെ പാതയിൽ

പഞ്ചായത്തിന്റെ ശുചിത്വം
നമ്മുടെ കൈകളിൽ'



- പകർച്ചവ്യാധികളെ അകറ്റി നിർത്തുക
- പരിസര ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻകൈ എടുക്കുക

നമ്മുടെ ലക്ഷ്യം
മാലിന്യമുക്ത കേരളം

പബ്ലിസിറ്റി വിഭാഗം, പഞ്ചായത്ത് വകുപ്പ്

ഉള്ളടക്കം

5 എഡിറ്ററുടെ പേജ്

6

സാമൂഹ്യനീതിയും ജനമൈത്രി സുരക്ഷയും
ഡോ. എം.കെ. മുനീർ

നെൽസൺമണ്ടേല യുഗപുരുഷൻ, ഭാരതത്തിന്റെ ആത്മമിത്രം
അജിത് വെണ്ണിയൂർ
8

കേരളം വിദേശത്തേയ്ക്ക് ഇന്ത്യ കേരളത്തിലേയ്ക്കും
ഡോ.എം. ഷാജഹാൻ

11

നവകേരളവും പഞ്ചായത്തീരാജും
വി. സുഭാഷ് ചന്ദ്രബോസ്
15

അംഗപരിമിതരുടെ ശാക്തീകരണം
ഫീച്ചർ: ഡോ. പി.ജെ. സുധാകർ
18

ഗ്രാമ പഞ്ചായത്തുകളിലൂടെ
പ:ന്യൂ:സർവ്വീസ്
20


വീണ്ടും പാളത്തിലായ ആസൂത്രണം
ജോൺ എസ്. ജെയിംസ്
23


26
നാടോടി വിജ്ഞാനീയം – വഴിയും മൊഴിയും
വി.കെ. ശ്രീധരൻ

മികച്ച തരിശുരഹിത പഞ്ചായത്തുകൾക്ക് അവാർഡ്
അനിത സി.എസ്.
29

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഡി.ബി.റ്റി സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുമ്പോൾ
കെ. എസ് ജ്യോതി
30

32
ഊർജ്ജ പ്രതിസന്ധിക്ക് ബദൽ നിർദ്ദേശവുമായി കേരള സൗരോർജ്ജനയം 2013
ടി. ഷാഹുൽ ഹമീദ്

ഇന്ത്യയിലെ ആദ്യ പഞ്ചായത്ത്തല സമ്പൂർണ്ണ പെൻഷൻ ജില്ല – ആലപ്പുഴ

35

ഇന്ത്യ ഇൻർനാഷണൽ ട്രേഡ് ഫെയർ 2013 പഞ്ചായത്ത് വകുപ്പിന് ഒന്നാം സമ്മാനം
40

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ കോഴിക്കോട് ജില്ലാ ജനറൽബോഡി

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ കോഴിക്കോട് ജില്ലാ ജനറൽബോഡി യോഗം സംസ്ഥാന ജനറൽ സെക്രട്ടറി സൂപ്പി നരിക്കാട്ടേരി ഉദ്ഘാടനം ചെയ്യുന്നു.

കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ, ഗ്രാമപഞ്ചായത്തുകളുടെ പദ്ധതിനിർവഹണം ത്വരിതപ്പെടുത്താനും, സമയബന്ധിതമായി അടുത്ത രണ്ടുവർഷത്തെ പദ്ധതി ആസൂത്രണം ചിട്ടയായി നിർവഹിക്കാൻ വേണ്ട പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുന്നതിനും, പഞ്ചായത്തുകൾ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ മനസ്സിലാക്കി പരിഹാരം കാണുന്നതിനുമായി എല്ലാ ജില്ലകളിലും ജനറൽബോഡികൾ നടന്നുവരുന്നു. ഇതിന്റെ ഭാഗമായി കോഴിക്കോട് ജില്ലാ ജനറൽബോഡി യോഗം മൂടാടി ഗ്രാമപഞ്ചായത്ത് കമ്യൂണിറ്റിഹാളിൽ വച്ച് അസോസിയേഷൻ സംസ്ഥാന ജനറൽസെക്രട്ടറി സൂപ്പി നരിക്കാട്ടേരി ഉദ്ഘാടനകർമ്മം നിർവഹിച്ചു. ജില്ലാ പ്രസിഡന്റ് നൊച്ചാട് കുഞ്ഞബ്ദുള്ള ആദ്ധ്യക്ഷ്യം വഹിച്ച യോഗത്തിൽ മൂടാടി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശിവാനന്ദൻ മാസ്റ്റർ, സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സുരേന്ദ്രൻ, എ.ഡി.പി. മുരളീധരൻ, ചീഫ് എക്സിക്യൂട്ടീവ് കോഡിനേറ്റർ, കെ.ബി. മദൻമോഹൻ എന്നിവർ സംസാരിച്ചു. ജില്ലാ സെക്രട്ടറി ബിജു താന്നിക്കാക്കുഴി സ്വാഗതവും ജോയിന്റ് സെക്രട്ടറി ഒ.പി. ശോഭന നന്ദിയും പറഞ്ഞു.

കിലയുടെ സഹകരണം തേടി ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങൾ

ധാക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലെ സംയോജിത ഗ്രാമവികസന സെന്റർ (സി.ഐ.ആർ.ഡി.എ.പി.) ഡയറക്ടർ ജനറൽ ഡോ. സീസഫ് എഫൻഡിയും പരിശീലനവിഭാഗം ഡയറക്ടർ ഡോ. വാസന്തിരാജേന്ദ്രനും കില ഡയറക്ടറുമായി ചർച്ച നടത്തുന്നു.

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പരിശീലനകേന്ദ്രമായ കിലയുടെ പ്രവർത്തനമേഖല ഏഷ്യ- പെസഫിക്ക് രാഷ്ട്രങ്ങളിലേക്കുകൂടി വ്യാപിക്കുന്നു. ബംഗ്ലാദേശിലെ ധാക്ക ആസ്ഥാനമായി പ്രവർത്തിക്കുന്ന ഏഷ്യ-പെസഫിക്ക് രാഷ്ട്രങ്ങളിലെ സംയോജിത ഗ്രാമവികസന സെന്റർ (സി.ഐ.ആർ.ഡി.എ.പി.) മേധാവികളാണ് കിലയുടെ സഹകരണം തേടിയെത്തിയത്. കേന്ദ്രത്തിന്റെ ഡയറക്ടർ ജനറൽ ഡോ. സീസഫ് എഫൻഡിയും പരിശീലനവിഭാഗം ഡയറക്ടർ ഡോ. വാസന്തിരാജേന്ദ്രനും കില ഡയറക്ടറുമായി ചർച്ച നടത്തി. ഇതുസംബന്ധിച്ച് ധാരണാപത്രം ഒപ്പുവയ്ക്കുന്നതുൾപ്പടെയുള്ള കാര്യങ്ങൾ വകുപ്പുമന്ത്രിയുമായി കൂടിയാലോചിച്ചതിനുശേഷം തീരുമാനിക്കുമെന്ന് കില ഡയറക്ടർ ഡോ. പി.പി. ബാലൻ അറിയിച്ചു.

കിലയുടെ സഹകരണത്തോടെ ഏഷ്യ- പെസഫിക്ക് രാഷ്ട്രങ്ങളിലെ വികേന്ദ്രീകരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനാണ് സിർഡാപ് സഹകരണം തേടിയിട്ടുള്ളത്. അന്തർദ്ദേശീയ ശിൽപ്പശാലകൾ ഗവേഷണം, ഫാക്കൽറ്റികളുടെ കൈമാറ്റം, പഠനസന്ദർശനം ഇവയ്ക്കെല്ലാം സൗകര്യമൊരുക്കും. അധികാരവികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതോടൊപ്പം ഈ മേഖലയിലെ ദാരിദ്ര്യനിർമ്മാർജനവും സിർഡാപ്പിന്റെ ലക്ഷ്യമാണ്. ഐക്യരാഷ്ട്രസംഘടനയുടെ ഭാഗമായ ഭക്ഷ്യ-കൃഷി സംഘടനയുമായി (എഫ്.എ.ഒ.) ബന്ധപ്പെട്ട് പ്രവർത്തിക്കുന്നതിന് സംയോജിത ഗ്രാമീണ വികസനപദ്ധതികൾ തയ്യാറാക്കും.

ഇന്ത്യയുടെ അയൽ രാജ്യങ്ങളായ ബംഗ്ലാദേശ്, പാക്കിസ്ഥാൻ, നേപ്പാൾ, ശ്രീലങ്ക എന്നിവയ്ക്കു പുറമെ ഇന്തോനേഷ്യ, ഇറാൻ, ലാവോസ്, മലേഷ്യ, മ്യാൻമർ, ഇറാൻ, ഫിജി, ഫിലിപ്പൈൻസ്, തായ്‌ലാന്റ്, വിയറ്റ്നാം എന്നി രാഷ്ട്രങ്ങളും ഈ സംഘടനയിലെ അംഗങ്ങളാണ്.

പഞ്ചായത്ത് രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

ഡിസംബർ 2013

പുസ്തകം 53

ലക്കം 09

വാർഷിക വരിസംഖ്യ: ₹ 120

www.lsgkerala.gov.in

ഉപദേശക സമിതി

ചെയർമാൻ

ഡോ. എം.കെ. മുനീർ
പഞ്ചായത്ത് സാമൂഹ്യനീതിവകുപ്പ് മന്ത്രി

അംഗങ്ങൾ

ജയിംസ് വർഗ്ഗീസ്, ഐ.എ.എസ്.
പ്രിൻസിപ്പൽ സെക്രട്ടറി,
തദ്ദേശസ്വയംഭരണവകുപ്പ്

മിനി ആന്റണി, ഐ.എ.എസ്.
ഡയറക്ടർ
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്

പി.ടി. മാത്യു
പ്രസിഡന്റ്
കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ

ജി. രാജീവ്
സെക്രട്ടറി, പ്രസ് ക്ലബ്ബ്, തിരുവനന്തപുരം

എ. ഹാഷിം
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ

മിത്ര.റ്റി ഐ.എ.എസ്.
പഞ്ചായത്ത് ഡയറക്ടർ

എഡിറ്റർ

മിത്ര.റ്റി, ഐ.എ.എസ്.
e-mail: directorofpanchayat@gmail.com
Ph: 0471-2323286

അസിസ്റ്റന്റ് എഡിറ്റർ

എ. ഹാഷിം
e-mail: prodp12@gmail.com
Ph: 0471-2321280

കവർ ഡിസൈൻ & ലേ ഔട്ട്
എ.ബി.സി. കളർ സിസ്റ്റംസ്

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്വം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്രാജിന് ഉത്തരവാദിത്വമില്ല.

മേൽവിലാസം

എഡിറ്റർ
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം - 695033.

1918 ജൂലൈ 18ന് ദക്ഷിണാഫ്രിക്കയിൽ ട്രാൻസ്കെയിലെ ഉംതകിൽ തെംബുഗോത്രത്തലവന്റെ പുത്രനായി ജനിച്ച രോലിഹ് ലാലാ മണ്ടേല എന്ന കറുത്ത ബാലനിൽ നിന്നും നെൽസൺ മണ്ടേല എന്ന അന്താരാഷ്ട്ര പൗരനിലേക്കുള്ള പരിണാമം വളരെ സംഭവബഹുലമായിരുന്നു.

വിമോചന പോരാട്ടങ്ങളിലെ വീരേതിഹാസവും ദക്ഷിണാഫ്രിക്കൻ മുൻ പ്രസിഡന്റുമായ നെൽസൺമണ്ടേലക്ക് ലോകം ആദരവോടെ വിട നൽകി കഴിഞ്ഞു.

തന്റെ രാജ്യത്തിനും മനുഷ്യകുലത്തനുംവേണ്ടി ഐതിഹാസിക സമരത്തിലൂടെ നേടിയെടുത്ത നേട്ടങ്ങൾ കൊണ്ട് അദ്ദേഹം എക്കാലത്തും സ്മരിക്കപ്പെടും. 25-ാം വയസ്സിൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സിൽ ചേർന്ന മണ്ടേല അതിന്റെ യൂത്ത് ലീഗ് രൂപീകരിക്കുന്നതിൽ മുഖ്യപങ്ക് വഹിച്ചുകൊണ്ട് തന്റെ ജീവിതം തന്നെ തന്റെ ജനതയ്ക്ക് വേണ്ടി സമർപ്പിച്ചു. വർണ്ണ വിവേചനത്തിന് എതിരെ പ്രവർത്തിച്ചതിന് രാജ്യദ്രോഹക്കുറ്റം ചുമത്തി തടവറയിലാക്കി. നാലു വർഷത്തെ വിചാരണക്കുശേഷം അദ്ദേഹത്തിനെതിരായ കുറ്റങ്ങൾ തള്ളി കളയേണ്ടിവന്നു. 1960 ൽ ആഫ്രിക്കൻ നാഷണൽ കോൺഗ്രസ്സ് നിരോധിക്കപ്പെട്ടതിനെ തുടർന്ന് ഒളിവിൽ പോയ മണ്ടേലയെ ഭരണ കൂടത്തെ അട്ടിമറിക്കാൻ ശ്രമിച്ചു എന്ന കുറ്റം ചുമത്തി വീണ്ടും അറസ്റ്റ് ചെയ്തു തടവറയിലാക്കി. 27 വർഷം തടവുശിക്ഷ അനുഭവിച്ചു. രാജ്യാന്തരതലത്തിൽ ഉയർന്ന പ്രതിക്ഷേധങ്ങളുടെ സമ്മർദ്ദഫലമായി 1990 ൽ നാഷണൽ കോൺഗ്രസ്സിന്റെ നിരോധം പിൻവലിച്ചതിനെ തുടർന്ന് മണ്ടേല ജയിൽ മോചിതനായി. 1993 ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു. 1994 ൽ ദക്ഷിണാഫ്രിക്കയുടെ ചരിത്രത്തിലാദ്യമായി ജനാധിപത്യപരമായി തിരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റായി, 1991 മുതൽ 1997 വരെ നാഷണൽ കോൺഗ്രസ്സിന്റെ പ്രസിഡന്റായും 1998 മുതൽ 1999 വരെ ചേരിചേരാ പ്രസ്ഥാനത്തിന്റെ ജനറൽ സെക്രട്ടറിയായും പ്രവർത്തിച്ച മണ്ടേലയെ 1990 ൽ ഭാരതരത്ന ബഹുമതി നൽകി നാം ആദരിച്ചു. 1999 ൽ പ്രസിഡന്റ് പദവി ഒഴിഞ്ഞതിനുശേഷം എയിഡ്സിനെതിരായ പ്രചരണത്തിനുവേണ്ടി പ്രവർത്തിച്ചു.

അദ്ദേഹം തന്റെ രാജ്യത്തിനും, ജനതയ്ക്കും വേണ്ടി സഹിച്ച ത്യാഗം നാം ഓർക്കേണ്ടതുണ്ട്. തന്റെ ജനതയുടെ മോചനത്തിനായി അദ്ദേഹം ജയിൽവാസം അനുഭവിക്കുകയും അതിലൂടെ മോചനം സാധ്യമാക്കുകയും ചെയ്തു. വർണവിവേചനത്തിനെതിരെ അദ്ദേഹം നടത്തിയ പോരാട്ടം ലോകത്തിനു പ്രചോദനമായി മാറി. അദ്ദേഹത്തിന്റെ ഇത്തരം പ്രവർത്തനം സാമൂഹിക വിപത്തുകൾക്കെതിരെ ശബ്ദിക്കുന്നതിന് പ്രേരകമാകും.

മിത്ര.റ്റി.ഐ.എ.എസ്.
(പഞ്ചായത്ത് ഡയറക്ടർ)

സാമൂഹ്യനീതിയും ജനമൈത്രി സുരക്ഷയും



ഡോ. എം.കെ.മുനീർ
പഞ്ചായത്ത് സാമൂഹ്യനീതി വകുപ്പ് മന്ത്രി

നാം ഒരു പരിഷ്കൃത സമൂഹത്തിൽ ജീവിക്കുന്നവരാണ്. നിയമപരവും, സാംസ്കാരികവുമായ ബോധമാണ് ഒരു പരിഷ്കൃത സമൂഹത്തെ സൃഷ്ടിക്കുന്നത്. ക്രമസമാധാന പരിപാലനത്തിലൂടെ മാത്രമേ അതിനുവേണ്ടുന്ന സാമൂഹ്യ സാഹചര്യം നിലനിർത്താൻ കഴിയുകയുള്ളൂ. ഈ ഉത്തരവാദിത്തം പ്രാഥമികമായി പൊലീസിൽ നിക്ഷിപ്തമായിരിക്കുന്നു. ഒരു പൗരന്റെ നിയമപരവും, മൗലിക വുമായ അവകാശങ്ങളെ ഹനിക്കുകയോ, തടസ്സപ്പെടുത്തുകയോ ചെയ്യുമ്പോൾ അവർ ആദ്യം ചിന്തിക്കുന്നത് ആ രാജ്യത്ത് നിലവിലിരിക്കുന്ന നിയമ സംവിധാനങ്ങളെക്കുറിച്ചാണ്. അതിനായി അവർ ആദ്യം സമീപിക്കേണ്ടത് പൊലീസ് സ്റ്റേഷനുകളാണ്. നമ്മുടെ സർക്കാർ ഓഫീസുകളിലേക്ക് കയറിച്ചെല്ലുന്ന മാനസിക അവസ്ഥയുമായി പൊലീസ് സ്റ്റേഷനുകളിൽ എത്താൻ പൗരന് കഴിയണം. അത്തരം ജനാധിപത്യ പൊലീസിംഗിലേയ്ക്കുള്ള ഏറ്റവും സമൂർത്തവും ഉജ്ജ്വലവുമായ പാതയാണ് ജനമൈത്രി സുരക്ഷാ പദ്ധതി. വനിതാ – ശിശു സംരക്ഷയിൽ ജനമൈത്രി പൊലീസിന്റെ പങ്ക് ചർച്ച ചെയ്യപ്പെടുന്നു എന്നത് സ്വാഗതാ ർഹമാണ്.

കേവലം പേരിലുള്ള ഒരു മാറ്റം മാത്രമല്ല ഇതെന്ന് ഓരോ ജന മൈത്രി പൊലീസ് സ്റ്റേഷനുകളും ഏറ്റെടുക്കുന്ന സാമൂഹ്യ, ജീവ കാരുണ്യ പ്രവർത്തനങ്ങളെക്കുറിച്ച് അറിയുമ്പോൾ നമുക്ക് ബോധ്യമാകും. അഴിമതി രഹിതമായും, നിഷ്പക്ഷമായും നിയമ സഹായവും സംരക്ഷണവും തേടി വരുന്ന പ്രശ്നങ്ങളിൽ ഓരോ ഉദ്യോഗസ്ഥനും ഇടപെടണം. സാമൂഹ്യ നീതി വകുപ്പ്, അനുബ ന്ധ ഏജൻസികൾ സോഷ്യൽ വെൽഫെയർ ബോർഡ്, കുടുംബ ശ്രീ, ജുവനൈൽ ജസ്റ്റിസ് ബോർഡ്, നിർഭയ എന്നിവയ്ക്ക് ഏകോ പി ച്ച് ഫലപ്രദമായി പ്രവർത്തിക്കാൻ കഴിയും.

ഇന്ത്യയിൽ 2010 മുതൽ 2012 വരെയുള്ള രണ്ട് വർഷക്കാലം കുട്ടികൾക്കെതിരായ rape casesൽ 29% വർദ്ധന ഉണ്ടെന്നാണ് കണക്ക്. സ്ത്രീകൾക്കെതിരായ അതിക്രമങ്ങളിലും 20% വർദ്ധന ഉണ്ട്. സ്ത്രീ സുരക്ഷയും ശിശുസംരക്ഷണവും കടുത്ത വെല്ലുവിളി നേരിടുന്നു എന്നർത്ഥം. ഇതിനെതിരായി ശക്തമായ നടപടികൾ വേണം. കേരള സർക്കാർ ഈ രംഗത്ത് ഏതാനും ശക്തമായ കാൽവയ്പുകൾ നടത്തിയിട്ടുണ്ട്. 40 ലക്ഷം സ്ത്രീകളുടെ കൂട്ടായ്മയായ കുടുംബശ്രീ സ്ത്രീ ശാക്തീകരണത്തിൽ ഇന്ന് അപൂർവ മാതൃകയാണ്. സ്ത്രീക്ക് സഹായ ഹസ്തവുമായി 'സ്നേഹിത' എന്ന പുതിയ പദ്ധതിയിലൂടെ 24 മണിക്കൂറും സേവനം നൽകുന്നുണ്ട്. 77 പഞ്ചായത്തുകളിൽ കുടുംബശ്രീ പൂർത്തിയാക്കിയ ക്രൈംമാപ്പിംഗും അതിക്രമങ്ങൾ കുറച്ചുകൊണ്ടുവരുന്നതിൽ പ്രമുഖ പങ്ക് വഹിക്കു.

നിർഭയ' സാമൂഹികനീതി വകുപ്പിന്റെ ദീർഘവീക്ഷണത്തോടെയുള്ള ഇന്ത്യക്കാകെ മാതൃകയായ ഒരു കാൽവയ്പാണ്. ഫാസ്റ്റ്ട്രാക്ക് കോടതി, വനിതാ പൊലീസ് അടങ്ങുന്ന അന്വേഷണ സംഘം, ഷെൽട്ടർ ഹോമുകൾ, കൗൺസിലിംഗ്, തൊഴിൽ എന്നിവ അടങ്ങിയ ഈ സംവിധാനം പീഡനത്തിനിരയാവുന്ന സ്ത്രീകൾക്കും കുട്ടികൾക്കും ആശ്വാസമായി പ്രവർത്തിക്കുന്നു. കേരള സോഷ്യൽ സെക്യൂരിറ്റി മിഷന്റെ ORC പദ്ധതി, deviant behaviour ഉള്ള കുട്ടികളെ corrective measures ലൂടെ കൈവിട്ടു പോകാതിരിക്കാൻ സഹായകമാക്കുന്നു. രക്ഷിതാക്കൾ, പൊലീസ്, അദ്ധ്യാപക സമൂഹം, കൗൺസിലിംഗ് എന്നിവ ഉൾക്കൊള്ളുന്ന ഈ സംവിധാനം ലഹരി ഉപയോഗം, മോഷണം, സൈബർ കുറ്റകൃത്യങ്ങൾ എന്നിവയിൽ നിന്ന് കുട്ടികൾക്ക് സംരക്ഷണം നൽകുന്ന രക്ഷാ കവചമാണ് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലേക്കും ഇത് വ്യാപിപ്പിക്കുന്നതോടെ പുതിയ തലമുറ കുറ്റവാസനകളിൽ നിന്ന് വിമുക്തമാവാൻ സഹായകമാകും. ചൈൽഡ് റൈറ്റ്സ് കമ്മിഷൻ നിലവിൽ വന്നു കഴിഞ്ഞു. മുൻചീഫ് സെക്രട്ടറി നീലാ ഗംഗാധരൻ അധ്യക്ഷയായിട്ടുള്ള ഈ സമിതി കുട്ടികളെ ചൂഷണവിമുക്തരാക്കുന്നതിൽ നല്ല തുടക്കം കുറിച്ചു കഴിഞ്ഞു. ഐ.സി.പി. എസിന് വിപുലമായ ലക്ഷ്യങ്ങളാണുള്ളത്. അതും നമ്മൾ ആരംഭിച്ചു കഴിഞ്ഞു. ജുവനൈൽ ഹോംസിന്റെ നവീകരണത്തിനും അവിടെ താമസിപ്പിക്കുന്ന കുട്ടികളുടെ മാനസിക പരിവർത്തനത്തിനും ആരോഗ്യത്തിനും ഉള്ള നടപടികൾക്ക് ആക്കം കൂട്ടണം എന്ന ബോധ്യം സർക്കാരിനുണ്ട്. അതുപോലെ തന്നെ ആഫ്റ്റർകെയർ ഹോമുകളിൽ നിന്ന് പുറത്ത് പോകേണ്ട കുട്ടികൾക്ക് അവർ പോകുമ്പോൾ എന്തെങ്കിലും ജോലി ചെയ്ത് ജീവിക്കാനുള്ള തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുന്നതിൽ പരിശീലനം നൽകാനും ഉദ്ദേശിക്കുന്നുണ്ട്.

മിത്രമായി, രക്ഷകനായി, നിയമപാലകനായി ഇതാ പൊലീസ് എത്തുന്നു. അയാൾ നമ്മിലൊരാൾ തന്നെയാണ് എന്ന സന്ദേശം വ്യക്തമായി സാക്ഷാത്കരിക്കപ്പെടുമ്പോഴാണ് ജനമൈത്രി പൊലീസ് സംവിധാനം പൂർണ്ണ വിജയം കണ്ടെത്തുക. കേരളത്തിലെ ഇന്നത്തെ സാമൂഹികാന്തരീക്ഷത്തിൽ ഈ ആശയം ഏറ്റവും വിജയകരമാക്കാൻ കഴിയുക പോലീസും സാമൂഹികനീതി വകുപ്പും തമ്മിലുള്ള സഹകരണത്തോടെയാണ്. സാമൂഹികനീതിയും സ്വാഭാവിക നീതിയും ഒപ്പം തന്നെ ക്രമസമാധാനവും എല്ലാവരിലും എത്തിക്കാൻ പ്രതിജ്ഞാബദ്ധമായ ഈ രണ്ടു സംവിധാനങ്ങളും പരസ്പര പൂരകങ്ങളാണ്. സ്ത്രീകളും കുട്ടികളും വയോജനങ്ങളും വിഭിന്നശേഷിയുള്ളവരും അടങ്ങുന്ന ജനവിഭാഗം നമ്മുടെ ജനസംഖ്യയിൽ ഭൂരിപക്ഷമായി. ഇവരുടെ മനുഷ്യാവകാശവും നിയമപരമായ അവകാശവും അന്തസ്സും അഭിമാനവും സംരക്ഷിക്കപ്പെടുമ്പോൾ വലിയ ഒരളവോളം സാമൂഹ്യനീതി നിർവഹണം സാധ്യമാവുകയാണ്. പൊലീസിന്റെയും സാമൂഹ്യനീതി വകുപ്പിന്റെയും സാമൂഹ്യ പ്രതിബദ്ധത മുൻനിർത്തിയുള്ള കാഴ്ചപ്പാടിന് അനുസരിച്ച് പ്രവർത്തിക്കാൻ തയാറുള്ള പൊലീസ് ഓഫീസർമാരും പ്രതിജ്ഞാബദ്ധരായ സാമൂഹികനീതി വകുപ്പിലെയും ബന്ധപ്പെട്ട ഇതര മേഖലകളിലെയും പ്രവർത്തകരും സംയുക്തമായി മുന്നോട്ടു നീങ്ങുമ്പോൾ ഈ ദൗത്യം വിജയം കാണുന്നതിൽ എനിക്ക് സംശയമില്ല. ഇതിലൂടെ ലോകത്തിനു മുന്നിൽ പുതിയ ഒരു മാതൃക സൃഷ്ടിക്കാൻ നമുക്ക് കഴിയും. ■

അജിത് വെണ്ണിയൂർ

നെൽസൺമണ്ടേല

യുഗപുരുഷൻ

ഭാരതത്തിന്റെ ആത്മമിത്രം

"നിർഭരമായ മനസ്സുമഭിമാന
നിർഭരമായ ശിരസ്സുമായ് സ്വാതന്ത്ര്യ-
സ്വർഗത്തിലേക്കേറെ ദു:ഖം സഹിച്ചു നിൻ
വർഗത്തെയാനയിക്കാനുയിർത്തേഴുന്നേൽക്ക!
ഇനി വരിക ഹേ, ശ്യാമസൂര്യ!"

(ഒ.എൻ.വി)

ശ്യാമസൂര്യൻ അസ്തമിച്ചു. ഒരു യുഗം അവസാനിച്ചു. യുഗപുരുഷന്മാരുടെ പരമ്പരയിൽ ഒടുവിലത്തെ കണ്ണിയും അറ്റു. നെൽസൺമണ്ടേല ചരിത്രമായി.

ദക്ഷിണാഫ്രിക്കക്കാരുടെ മഹാത്മാ ഗാന്ധിയാണ് മണ്ടേല. ആഫ്രിക്കൻ ഗാന്ധി. സ്വാതന്ത്ര്യത്തിലേക്കുള്ള പാതയിൽ ഇരുവരുടേയും യാത്ര സമാനതകൾ നിറഞ്ഞതായിരുന്നു.

തന്റെ ഗുരുവായും മാതൃകാപുരുഷനായും മണ്ടേല ഗാന്ധിയെ സ്വീകരിച്ചു. ദക്ഷിണാഫ്രിക്കയിൽ വർണവിവേചനത്തിനെതരായ പോരാട്ടങ്ങളിലൂടെയാണ് ഗാന്ധി അഹിംസയുടെ സമരവും ആവിഷ്കരിച്ചത്. ആ പാതയിലൂടെ സഞ്ചരിച്ച് മണ്ടേല ആ രാജ്യത്തെ അടിമത്തത്തിൽ നിന്ന് മോചിപ്പിച്ചു. സത്യാഗ്രഹത്തിന്റെ പരീക്ഷണശാലയായിരുന്നു ഗാന്ധിക്ക് ദക്ഷിണാഫ്രിക്ക. ജീവിതത്തിന്റെ നല്ലൊരുപങ്ക് 1893 മുതൽ 1914 വരെ അദ്ദേഹം അവിടെ വർണവിവേചനത്തിനെതിരെ പോരാടി.

സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള പോരാട്ടത്തിൽ ഏറ്റവും ദീർഘകാലം ജയിൽവാസമനുഷ്ഠിച്ച നേതാവായിരുന്നു മണ്ടേല. ഏറ്റവും കൂടുതൽ തവണ ജയിൽശിക്ഷ അനുഭവിച്ച നേതാവെന്ന റെക്കാർഡ് മഹാത്മാഗാന്ധിക്കാണ്. ഗാന്ധിയെപ്പോലെ മണ്ടേലയും ദക്ഷിണാഫ്രിക്കയിൽ അഭിഭാഷകനായിരുന്നു.

നീണ്ട 27 വർഷത്തെ ജയിൽവാസത്തിനുശേഷം മണ്ടേല നടത്തിയ ആദ്യ വിദേശയാത്രാ സന്ദർശനം ഇന്ത്യയിലേക്കായിരുന്നു. 1995-ൽ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായശേഷം മണ്ടേല സന്ദർശിച്ച ആദ്യ വിദേശരാജ്യവും ഇന്ത്യയാണ്.

1990-ൽ, 'ഭാരതരത്നം' എന്ന അത്യപൂർവ്വ ബഹുമതി നൽകി ഭാരതം അദ്ദേഹത്തെ ആദരിച്ചു. ഭാരതീയനല്ലാത്ത രണ്ടാമത്തെ 'ഭാരതരത്ന'മാണ് മണ്ടേല. ഇന്ത്യ ഭാരതരത്നം നല്കി മൂന്നുവർഷം കഴിഞ്ഞാണ് മണ്ടേലയെ നോബൽ സമ്മാനസമിതി ആദരിച്ചത്. ദക്ഷിണാഫ്രിക്കൻ രാഷ്ട്രത്തലവൻ എന്ന നിലയ്ക്ക് 1995-ലാണ് മണ്ടേല ആദ്യമായി ഇന്ത്യ സന്ദർശിച്ചത്. ഡൽഹിക്ക് പുറമെ മഹാത്മാഗാന്ധിയുടെ കർമഭൂമിയായിരുന്ന സബർമതിയും അദ്ദേഹം സന്ദർശിച്ചു. ആ സന്ദർശനത്തിന്റെ ഓർമയ്ക്കായി തെക്കൻ ഡൽഹിയിൽ ഒരു റോഡിന് നെൽസൻ മണ്ടേലയുടെ പേര് നൽകിയിട്ടുണ്ട്.

]©mb v cmPv

സത്യം, അഹിംസ, സമാധാനം എന്നീ ഗാന്ധിസൂക്തങ്ങളുടെ പ്രചാരകനും പ്രായോക്താവുമായിരുന്നു മണ്ടേല. 2001 -ൽ ഗാന്ധിപീസ് പുരസ്കാരം നൽകി വീണ്ടും ഇന്ത്യ അദ്ദേഹത്തെ ആദരിച്ചു.

ഇന്ത്യമഹാത്മാഗാന്ധിക്കു പിറവി നൽകിയ രാജ്യമാണെങ്കിൽ ഗാന്ധിസം സ്വയം തിരഞ്ഞെടുത്ത രാജ്യമാണ് ദക്ഷിണാഫ്രിക്ക. ഗാന്ധിപീസ് പുരസ്കാരം സ്വീകരിച്ചുകൊണ്ട് മണ്ടേല നടത്തിയ പ്രസ്താവന ഇന്ത്യയോടും ഗാന്ധിയോടുമുള്ള അദ്ദേഹത്തിന്റെ മമത വ്യക്തമാക്കുന്നതായിരുന്നു.

ഇന്ത്യൻ നാഷണൽ കോൺഗ്രസിൽ മഹാത്മാഗാന്ധിക്കുണ്ടായിരുന്ന സ്ഥാനമാണ് ആഫ്രിക്കൻ നാഷണൽ കോൺഗ്രസിൽ മണ്ടേലക്കുണ്ടായിരുന്നത്. വർണവിവേചനത്തിനെതിരെ അദ്ദേഹം നയിച്ച പോരാട്ടങ്ങൾക്ക് എന്നും ഇന്ത്യൻ ജനതയും ഭരണകൂടവും പിന്തുണ നൽകി. ഐക്യരാഷ്ട്രസഭ അടക്കമുള്ള അന്താരാഷ്ട്രവേദികളിൽ ഇന്ത്യ ദക്ഷിണാഫ്രിക്കയുടെ സ്വാതന്ത്ര്യത്തിനുവേണ്ടി വാദിച്ചു. വർണവിവേചനം അവസാനിപ്പിക്കാതെ ദക്ഷിണാഫ്രിക്കയെ അംഗീകരിക്കില്ലെന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നിരന്തരം പ്രഖ്യാപിച്ചു.

മഹാത്മാഗാന്ധിയെപ്പോലെ അധികാര രാഷ്ട്രീയത്തിൽ നിന്ന് അകന്നു നിൽക്കാനായിരുന്നു മണ്ടേലക്കു താൽപ്പര്യം. സ്വാതന്ത്ര്യാനന്തരം ആഫ്രിക്കൻ ജനതയുടെ നിർബന്ധത്തിനു വഴങ്ങി ആദ്യപ്രസിഡന്റായി 1994-ൽ ചുമതലയേറ്റുവെങ്കിലും അഞ്ചുവർഷം പൂർത്തിയാക്കി 1999-ൽ എന്നത്തേക്കുമായി അദ്ദേഹം അധികാരത്തിൽ നിന്ന് സ്വയം പടിയിറങ്ങി.

വെളുത്തവർഗക്കാരും വിവിധഗോത്രവർഗങ്ങളിൽപ്പെട്ട കറുത്ത വർഗക്കാരും പരസ്പര സ്നേഹത്തോടും വിശ്വാസത്തോടും കൂടി സമാധാനപരമായി ജീവിക്കുന്ന സാമൂഹികാന്തരീക്ഷം കെട്ടിപ്പടുക്കാനായിരുന്നു മണ്ടേല അധികാരകസേരയിലിരുന്ന അഞ്ചുവർഷവും പ്രയത്നിച്ചത്. രക്തച്ചൊരിച്ചിൽ ഒഴിവാക്കാനും ഐക്യത്തിന്റെ പാതവെട്ടിത്തുറക്കാനും അദ്ദേഹത്തിനു കഴിഞ്ഞു. മഹാത്മാഗാന്ധിയുടെ മാർഗമാണ് ഇക്കാര്യത്തിലും മണ്ടേല പിന്തുടർന്നത്.

വർണവിവേചനത്തിന്റെ ജീവിതകാലം മുഴുവൻ പോരാടി വിജയിച്ച് ചരിത്രത്തിലെ തന്നെ പ്രഥമകറുത്ത വർഗ്ഗക്കാരായി അധികാരത്തിലെത്തിയ മണ്ടേല തങ്ങളെ മുഴുവൻ ചവുട്ടി പുറത്താക്കുമെന്ന് വെള്ളക്കാർ ഭയന്നിരുന്നു. അവർ മാത്രമല്ല എല്ലാവരും കരുതിയിരുന്നത് അങ്ങനെയാണ്. വെള്ളക്കാർ അതിനുള്ള തയ്യാറെടുപ്പും തുടങ്ങിയിരുന്നു.

'ഞങ്ങളെ എന്നാണ് പിരിച്ചുവിടുന്നത്' എന്നായിരുന്നു മണ്ടേല അധികാരമേറ്റ് ഒരാഴ്ചകഴിഞ്ഞ് വെള്ളക്കാരായ ഉന്നത ഉദ്യോഗസ്ഥർ ഒരു യോഗത്തിൽ അദ്ദേഹത്തോട് ചോദിച്ചത്. മന്ദഹാസമായിരുന്നു മണ്ടേലയുടെ ആദ്യപ്രതികരണം. ഇവിടെ കാര്യങ്ങളെല്ലാം ഭംഗിയായി നടക്കുന്നുണ്ടല്ലോ. ഞാനെന്തിന് നിങ്ങളെ പിരിച്ചുവിടണം. എന്നോടൊപ്പം ജോലിചെയ്യാൻ നിങ്ങൾക്കു വിരോധമില്ലെങ്കിൽ, നിങ്ങൾ ആഗ്രഹിക്കുന്ന പക്ഷം നിങ്ങളോടൊപ്പം ജോലി ചെയ്തോട്ടെ എന്ന് ഞാൻ ഔപചാരികമായി അപേക്ഷിക്കുകയാണ്' - മണ്ടേലയുടെ ഈ മറുപടികേട്ട വെള്ളക്കാർ അത്ഭുതം കൂറി.

തന്നെ ജീവിതകാലം മുഴുവൻ പീഡിപ്പിച്ച വെള്ളക്കാരോട് മണ്ടേലപകവീട്ടിയത് സഹിഷ്ണുതയുടേയും സ്നേഹത്തിന്റെയും സമാധാനത്തിന്റെയും മാർഗത്തിലൂടെയാണ്. ഇന്ത്യാക്കാർ മഹാത്മാഗാന്ധിയെ 'ബാപ്പു' എന്ന് വിളിച്ചപ്പോൾ ദക്ഷിണാഫ്രിക്കൻ ജനത മണ്ടേലയെ 'മാഡിബ' എന്ന് സ്നേഹാദരങ്ങളോടെ സംബോധന ചെയ്തു. പതിനെട്ടാം നൂറ്റാണ്ടിൽ ആഫ്രിക്കയിലെ ട്രാൻസ്കേ ഭരിച്ചിരുന്ന തെമ്പു ഗോത്രമുഖ്യന്റെ സ്ഥാനപ്പേരായിരുന്നു 'മാഡിബ'. നാം ഗാന്ധിയെ രാഷ്ട്രപിതാവെന്ന് വിശേഷിപ്പിച്ചപ്പോൾ അതേ വികാരവായ്പോടെ ദക്ഷിണാഫ്രിക്കയിലെ ഭൂരിപക്ഷം പേരും മണ്ടേലയെ അച്ഛൻ എന്നർത്ഥം വരുന്ന 'ടാറ്റ' എന്ന് വിളിച്ചു. പുത്തൻ തലമുറയ്ക്ക് അദ്ദേഹം 'ഖുലു'വാണ്. മുത്തച്ഛൻ, മഹാൻ, മികച്ചവൻ എന്നൊക്കെയാണ് ആ വാക്കിന്റെ അർത്ഥം.

നീണ്ട 27 വർഷത്തെ ജയിൽവാസത്തിനുശേഷം മണ്ടേല നടത്തിയ ആദ്യ വിദേശയാത്രാ സന്ദർശനം ഇന്ത്യയിലേക്കായിരുന്നു. 1995-ൽ ദക്ഷിണാഫ്രിക്കൻ പ്രസിഡന്റായശേഷം മണ്ടേല സന്ദർശിച്ച ആദ്യ വിദേശരാജ്യവും ഇന്ത്യയാണ്.

മഹാത്മാഗാന്ധിയുടെ അഹിംസാമാർഗം പൂർണമായി സ്വീകരിക്കാൻ തനിക്ക് കഴിഞ്ഞില്ലെന്ന് അല്പം കുറ്റബോധത്തോടെ മണ്ടേല തുറന്നു പറഞ്ഞിട്ടുണ്ട്. ഉരുക്കിന്റെ കരുത്തുള്ള ആദർശമാണ് ഗാന്ധിയുടേത്. വിനയവും സഹനവുമാണ് അതിന്റെ അന്തർധാര. ആഗ്രഹമുണ്ടെങ്കിലും അത് പൂർണമായും പ്രാവർത്തികമാക്കാൻ തനിക്കായില്ല.

ജവഹർലാൽ നെഹ്റുവിന്റെ സോഷ്യലിസ്റ്റ് ആദർശത്തോട് അങ്ങേയറ്റം പ്രതിപത്തി പുലർത്തിയ മണ്ടേല തന്റെ പ്രസംഗങ്ങളിൽ നെഹ്റുവിന്റെ ഉദ്ധരണികൾ ധാരാളമായി ഉപയോഗിച്ചിരുന്നു. വർണവിവേചനത്തിനെതിരെ അന്താരാഷ്ട്രവേദികളിൽ നെഹ്റു കൈക്കൊണ്ട നിലപാടുകൾ തന്റെ പോരാട്ടങ്ങൾക്ക് വീര്യവും ശക്തിയും പകർന്നതായി അദ്ദേഹം പലവട്ടം പറഞ്ഞിട്ടുണ്ട്. മണ്ടേല ജയിലിൽ കഴിയുമ്പോൾ,

"സ്വതന്ത്രവും ജനാധിപത്യപരവുമായ ഒരു ആദർശ സമൂഹമാണ് ഞാൻ സ്വപ്നം കാണുന്നത്. എല്ലാവരും പരസ്പരസഹകരണത്തോടെ സന്തോഷപൂർവം ഒന്നിച്ചുകഴിയുന്ന ഒരു സമൂഹം. എല്ലാവർക്കും തുല്യതയും തുല്യാവസരങ്ങളും നൽകുന്ന സമൂഹവ്യവസ്ഥ. ഈയൊരു ആദർശ സാക്ഷാത്കാരത്തിനായി ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ഞാൻ ദൃഢനിശ്ചയമെടുത്തിരിക്കുകയാണ്. വേണ്ടിവന്നാൽ അതിനുവേണ്ടിയുള്ള പോരാട്ടത്തിൽ ജീവൻ വെടിയാനും ഞാൻ സന്നദ്ധനാണ്".

1980-ൽ, അന്താരാഷ്ട്രധാരണയ്ക്കുള്ള ജവഹർലാൽ പുരസ്കാരം നൽകി ഇന്ത്യ അദ്ദേഹത്തെ ആദരിച്ചു. അദ്ദേഹത്തിന്റെ സഹപ്രവർത്തകൻ ഒളിവർ താമ്പോയാണ് അന്നത് സ്വീകരിച്ചത്.

"ഇന്ത്യയുടെ ദൗർബല്യങ്ങളും കരുത്തും ഒരുപോലെ അറിയാവുന്ന ഇന്ത്യയുടെ ഉത്തമസുഹൃത്ത്" എന്നാണ് നെൽസൻ മണ്ടേലയെ മഹാത്മാ ഗാന്ധിയുടെ പൗത്രനും ദക്ഷിണാഫ്രിക്കയിലെ മുൻ ഇന്ത്യൻ ഹൈക്കമ്മീഷണറുമായ ഗോപാൽ കൃഷ്ണ ഗാന്ധി അനുസ്മരിച്ചത്.

ദക്ഷിണാഫ്രിക്കയിൽ വർണവിവേചനത്തിനെതിരെ പോരാടിയപ്പോൾ അറസ്റ്റിലായ ഗാന്ധി ജയിലിൽ കുറ്റം സമ്മതിച്ച് ശിക്ഷ ചോദിച്ചുവാങ്ങിയ സംഭവം ചരിത്രത്തിലെ ഒരു വിസ്മയമായി ഇന്നും നിലകൊള്ളുന്നു. അതിനു സമാനമായ ഒരു പ്രസ്താവനയാണ് അഭിഭാഷകൻ കൂടിയായിരുന്ന നെൽസൻ മണ്ടേല കോടതിയിൽ തന്റെ ഭാഗം വിശദീകരിച്ച് നടത്തിയത്.

"സ്വതന്ത്രവും ജനാധിപത്യപരവുമായ ഒരു ആദർശ സമൂഹമാണ് ഞാൻ സ്വപ്നം കാണുന്നത്. എല്ലാവരും പരസ്പരസഹകരണത്തോടെ സന്തോഷപൂർവം ഒന്നിച്ചുകഴിയുന്ന ഒരു സമൂഹം. എല്ലാവർക്കും തുല്യതയും തുല്യാവസരങ്ങളും നൽകുന്ന സമൂഹവ്യവസ്ഥ. ഈയൊരു ആദർശസാക്ഷാത്കാരത്തിനായി ജീവിതം ഉഴിഞ്ഞുവയ്ക്കാൻ ഞാൻ ദൃഢനിശ്ചയമെടുത്തിരിക്കുകയാണ്. വേണ്ടിവന്നാൽ അതിനുവേണ്ടിയുള്ള പോരാട്ടത്തിൽ ജീവൻ വെടിയാനും ഞാൻ സന്നദ്ധനാണ്".

ജയിലിലായിരുന്ന ഇരുപത്തിയേഴു വർഷവും ലോകം കണ്ടത് മണ്ടേലയുടെ ഒരേയൊരു ചിത്രമായിരുന്നു. ജയിലിൽ അടയ്ക്കപ്പെടുന്നതിനു മുമ്പ് എടുത്ത ചിത്രം - ചുരുണ്ട മുടിയും ഉരുണ്ട കവിളും ഗൗരവം സ്ഫുരിക്കുന്ന മുഖവുമുള്ള ബ്ലാക്ക് ആന്റ് വൈറ്റ് ചിത്രം. എന്നാൽ ആഫ്രിക്കൻ ജനതയുടെ സ്മൃതിപഥത്തിൽ നിന്ന് ആ രൂപം ഒരിക്കലും മാഞ്ഞുപോയിരുന്നില്ല. ജയിലിൽ നിന്നിറങ്ങുമ്പോൾ രൂപത്തിലും ഭാവത്തിലും അവിശ്വസനീയമായ മാറ്റമാണ് ലോകത്തിനു കാണാനായത്.

മഹാത്മാഗാന്ധി, മാർട്ടിൻ ലൂഥർ കിങ്ങ് ജൂനിയർ, നെൽസൻ മണ്ടേല - പോരാട്ടത്തിന്റെ വഴികളിൽ സമാനതയുള്ള മൂന്ന് മഹാന്മാർ. മൂവരും ഇന്ത്യയുടെ ആത്മാവിനോട് ചേർന്നു നിൽക്കുന്നവർ. തൊലിനിറത്തിന്റെ പേരിൽ വെറുക്കപ്പെട്ടവരായി അകറ്റിനിർത്തപ്പെട്ടവർക്കായി ജീവിതം സമർപ്പിച്ചവർ.

ആത്മകഥയുടെ കാര്യത്തിലുമുണ്ട് സമാനതകൾ. മാനവരാശിയുടെ മോചനത്തിനായുള്ള പോരാട്ട ചരിത്രത്തിൽ മഹാത്മാഗാന്ധിയുടെ 'സത്യാന്വേഷണ പരീക്ഷണങ്ങൾ' പോലെതന്നെ അനശ്വരമായ ഈടുവയ്പാണ് മറ്റു രണ്ടുപേരുടേയും ആത്മകഥാംശമുള്ള മഹത്ഗ്രന്ഥങ്ങളും. മാർട്ടിൻ ലൂഥർ കിങ്ങിന്റെ 'സ്ട്രൈഡ് റ്റുവേർഡ് ഫ്രീഡവും', നെൽസൺ മണ്ടേലയുടെ 'ലോങ്ങ് വാക് ടു ഫ്രീഡവും.' സ്വാതന്ത്ര്യത്തിലേക്കുള്ള നീണ്ടയാത്രയുടെ ഓർമകൾ പങ്കുവച്ച് മാഡിബ യാത്രയായി - മടങ്ങിവരാത്ത യാത്ര.

ഡോ. എം. ഷാജഹാൻ

കേരളം വിദേശത്തേയ്ക്ക് ഇന്ത്യ കേരളത്തിലേയ്ക്കും

ഭൂമിയിൽ ഒരു സ്വർഗ്ഗമുണ്ടെങ്കിൽ അതിവിടെയാണ്'' എന്ന് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു പറഞ്ഞത് കേരളത്തെ പ്പറ്റിയല്ല കാശ്മീരിനെപ്പറ്റിയാണ്. എന്നാൽ ഏതൊരു ഇന്ത്യൻ സംസ്ഥാനത്തു നിന്നും വിദേശത്തു നിന്നും കേരളം സന്ദർശിക്കുന്നവർ ഒരേപോലെ തലകുലുക്കി സമ്മതിക്കുന്ന ഒരു വസ്തുതയാണ് കേരളം സുന്ദരമാണ് എന്നത്. കേരളം സന്ദർശിക്കുന്ന അന്യസംസ്ഥാനക്കാർ പത്തു ദിവസത്തിനകം പറയാൻ തുടങ്ങുന്നു. 'കേരൾ സുന്ദർ ഹെ. ഇത്തനാ ഹരിയാലി' എന്ന് (കേരളം സുന്ദരമാണ്, എന്തൊരു പച്ചപ്പ്).

അവർ മഞ്ഞപ്പല്ലുകൾ കാട്ടി ചിരിക്കുന്നത് ഇവിടുത്തെ പച്ചപ്പ് മാത്രം കണ്ടിട്ടല്ല എന്നതാണ് വാസ്തവും. കലാപകലുഷിതമായ സ്വസംസ്ഥാനങ്ങളിൽ നിന്ന് ദീർഘയാത്ര ചെയ്ത് കേരളത്തിൽ എത്തുന്ന ഈ ഭാരതപൗരന്മാർ ഇവിടെ കാലുകുത്തുന്ന നിമിഷം മുതൽ ശാന്തിയും സ്വസ്ഥതയും എന്തെന്ന് അനുഭവിച്ചറിയാൻ തുടങ്ങുന്നു. ഭൂപ്രഭുക്കളുടെയും മാടമ്പിമാരുടെയും ക്രിമിനൽ സ്വഭാവമുള്ള രാഷ്ട്രീയ നേതാക്കളുടെയും മുന്നിൽ ഓച്ഛാനിച്ചുനിന്നും അവരുടെ ചവിട്ടേറ്റു വീണും ആത്മാഭിമാനം നശിച്ച്, ഒന്നിലും പ്രതീക്ഷയർപ്പിക്കാനില്ലാതെ, കിട്ടുന്നത് ഭക്ഷിച്ച് വെറുതെ കറങ്ങിനടക്കുന്നതു മാത്രമാണ് ജീവിതം എന്നു ധരിച്ചുവശായ ഒരു വലിയ ജനതതി തുല്യത, അഭിമാനം, ന്യായമായ കൂലി, മനുഷ്യനെന്ന പരിഗണന തുടങ്ങി രാത്രിയിലെ സ്വസ്ഥമായ ഉറക്കം പോലും ആദ്യമായി അനുഭവിക്കുകയാണ്. സ്വപ്നവും പ്രതീക്ഷയും അനുവദനീയമായ പ്രതിഭാസങ്ങളാണെന്ന് തിരിച്ചറിയുകയാണ്.

പട്ടിക 1 കാണുക

സ്വന്തം സംസ്ഥാനത്ത് ജോലിസാധ്യതകൾ കുറവായതും ജോലിദൈർഘ്യവും വേതനവും തമ്മിൽ മനുഷ്യത്വരഹിതമാം വിധം അന്തരം നിലനിൽക്കുന്നതുമാണ് അന്യസംസ്ഥാനക്കാരനെ വികസനോന്മുഖവും താരതമ്യേന സമ്പന്നവുമായ കേരളത്തിലേക്ക്

കേരളം സന്ദർശിക്കുന്നവർ ഒരേപോലെ തലകുലുക്കി സമ്മതിക്കുന്ന ഒരു വസ്തുതയാണ് കേരളം സുന്ദരമാണ് എന്നത്. കേരളം സന്ദർശിക്കുന്ന അന്യസംസ്ഥാനക്കാർ പത്തു ദിവസത്തിനകം പറയാൻ തുടങ്ങുന്നു. 'കേരൾ സുന്ദർ ഹെ. ഇത്തനാ ഹരിയാലി എന്ന് (കേരളം സുന്ദരമാണ്, എന്തൊരു പച്ചപ്പ്) അവർ മഞ്ഞപ്പല്ലുകൾ കാട്ടി ചിരിക്കുന്നത് ഇവിടുത്തെ പച്ചപ്പ് മാത്രം കണ്ടിട്ടല്ല എന്നതാണ് വാസ്തവും.

തീവണ്ടി കയറ്റിയ ഘടകങ്ങൾ, ഇവിടെ വന്നിറങ്ങിയപ്പോഴാകട്ടെ അവരെ കാത്തിരുന്നത് മലയാളി ചെറുപ്പക്കാരുടെ ഗൾഫ് കുടിയേറ്റം മൂലം സൃഷ്ടിക്കപ്പെട്ട വമ്പിച്ച സാധ്യതകളായിരുന്നു.

2011 ലെ സെൻസസ് പ്രകാരം കേരള ജനസംഖ്യ ഏകദേശം 3.34 കോടിയാണ്. അതിൽ ഇരുപതിനും അറുപത്തിനാലിനും ഇടയ്ക്ക് പ്രായമുള്ള പുരുഷന്മാരുടെ എണ്ണം 0.87 കോടിയോളം വരും. ഉയർന്ന ജീവിതനിലവാരവും ആരോഗ്യസ്ഥിതിയും മൂലം ഇവരിൽ ഭൂരിഭാഗവും പ്രായം ചെന്നവരും അതിനാൽ ഭാരിച്ച ശാരീരികാധ്വാനം ചെയ്യാത്തവരും ആണ്. ജോലി ചെയ്യാൻ സന്നദ്ധരായ ചെറുപ്പക്കാരിൽ തന്നെ ഉയർന്ന വിദ്യാഭ്യാസയോഗ്യതകളും സഹജമായ ഔന്നത്യബോധവും മൂലം ശരീരത്തിൽ അഴുക്കുപറ്റുന്നതരം നീലക്കോളർ ജോലികളോടുള്ള വിമുഖത പ്രകടകമാണ്. വെള്ളക്കോളർ ജോലികൾ നേടാൻ വേണ്ടത്ര വിദ്യാഭ്യാസം കരസ്ഥമാക്കാൻ കഴിയാതെ പോയ ചെറുപ്പക്കാരാവട്ടെ കേരളത്തിനു പുറത്തേക്കും പോയി. ഈ അനുകൂലഘടകങ്ങൾ സൃഷ്ടിച്ച വലിയൊരു ഒഴിവിലേക്കാണ് ലക്ഷക്കണക്കിനുവരുന്ന അന്യസംസ്ഥാനക്കാർ കടന്നുകയറിയത്.

മൈഗ്രേഷൻ മൂലവും എമിഗ്രേഷൻ മൂലവും ഉണ്ടായ ശൂന്യതയെ റിവേഴ്സ് മൈഗ്രേഷന് കൊണ്ട് നികത്തുന്ന പ്രതിഭാസം 1980–90 കളിൽ മാത്രമാണ് തുടങ്ങിയത്. ഇതു പ്രധാനമായും സംഭവിച്ചത് തമിഴ്നാട്ടിൽനിന്നും ആന്ധ്രയിൽ നിന്നും ആയിരുന്നു. സമീപകാലത്ത് കേരളത്തിലേക്ക് അന്യസംസ്ഥാനക്കാരുടെ തള്ളിക്കയറ്റം (exodus) മൂലമുണ്ടായ സാഹചര്യം 1990 കളിലെ റിവേഴ്സ് മൈഗ്രേഷനിൽ നിന്നും വ്യത്യസ്തമായിരുന്നു. അതുപിറകേ വിശദമാക്കാം.

2010-ലെ (NSSO National Survey Organisation) പഠനപ്രകാരം 2009 ൽ കേരളത്തിൽ നിന്ന് 18 ലക്ഷം പേർ മറ്റു രാജ്യങ്ങളിലേക്കും 9 ലക്ഷം പേർ മറ്റു സംസ്ഥാനങ്ങളിലേക്കും (ആകെ 27 ലക്ഷം) പോയപ്പോൾ 10 ലക്ഷം പേരാണ് അന്യസംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേക്ക് വന്നത്. സംസ്ഥാന പ്ലാനിംഗ് ബോർഡിന്റെ 2011 ലെ കണക്കുപ്രകാരം അക്കൊല്ലം 22.8 ലക്ഷം മലയാളികൾ വിദേശത്തേക്കും 10 ലക്ഷം പേർ മറ്റു സംസ്ഥാനങ്ങളിലേക്കും (ആകെ 32.8 ലക്ഷം) പേർ പോയതായി കാണാം. അതായത് രണ്ടുവർഷം കൊണ്ട് 5.8 ലക്ഷം പേർ കൂടുതലായി കേരളം വിട്ടു. (GIFT-Gulati Institute of Finance and Taxation)

ജനസംഖ്യയിൽ ചെറുപ്പക്കാരുടെ അനുപാതം കുറയുന്നു എന്നതും ഒരു കാരണമാണ്.

അന്യസംസ്ഥാനക്കാരുടെ മറ്റു സ്ഥിതിവിവരക്കണക്കുകൾ

ഒരു കൽക്കത്തക്കാരൻ ഒരു മലയാളി പെൺകുട്ടിയെ തട്ടിക്കൊണ്ടുപോയ പ്രശ്നം 2012 ജൂലൈയിൽ സി.പി.ഐ.എമ്മിലെ ഐഷാപോറ്റി നിയമസഭയിൽ ഉന്നയിച്ചപ്പോൾ വകുപ്പുമന്ത്രി പറഞ്ഞ മറുപടിയിൽ അന്യസംസ്ഥാനക്കാർ 63200 പേർ ആ വർഷം രജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് അറിയിച്ചിരുന്നു. അന്യസംസ്ഥാനക്കാരുടെ വിവരങ്ങൾ അറിയാനും അവർക്ക് സേവനങ്ങൾ എത്തിക്കാനും രജിസ്ട്രേഷൻ ആവശ്യമാണെങ്കിലും അത് ആ വർഷം കാര്യക്ഷമമായി നടപ്പിലാക്കിയിട്ടുണ്ടായിരുന്നില്ല. എന്നാൽ 2013 ഫെബ്രുവരിയിൽ മന്ത്രി ഷിബുബേബി ജോൺ അറിയിച്ചത്. 235000 പേർ ഓരോ വർഷവും വരുന്നുണ്ടെന്നാണ്. ആ വർഷം കേരളത്തിൽ 25 ലക്ഷം കുടിയേറ്റക്കാർ ഉണ്ടെന്നും മന്ത്രി അറിയിച്ചു. വർഷംതോറും ഇതിൽ പത്തു ശതമാനം വർദ്ധന സംഭവിക്കുമെന്നും പത്തു വർഷത്തിനകം എണ്ണം 48 ലക്ഷം ആവുമെന്നും പ്രവചിക്കപ്പെട്ടു. നിർമാണമേഖലയിലെ

സൗദി അറേബ്യയിൽ നിതാഖാത് നിയമം നടപ്പിൽ വരുത്തിയപ്പോൾ അതിനെതിരെ ഏതോപ്യക്കാർ കലാപം നടത്തിയതും വാഹനങ്ങൾ കത്തിച്ചതും ഒരു സൗദിയടക്കം മൂന്നുപേർ കൊല്ലപ്പെട്ടതും ഈയടുത്തു നടന്ന സംഭവമാണ്. ഒരു രാജ്യത്തെ അനധികൃത കുടിയേറ്റക്കാരെ നിയമത്തിനു കീഴിൽ കൊണ്ടുവരാൻ ഒരു ഗവൺമെന്റ് ശ്രമിച്ചപ്പോൾ സംഭവിച്ചതാണിത്. ആസ്സാമിലെ ബോഡോ തദ്ദേശീയരും കിഴക്കൻ പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള അനധികൃത മുസ്ലീം കുടിയേറ്റക്കാരും തമ്മിൽ കലാപം ഉണ്ടായത് 2012 ലാണ്.

റിവേഴ്സ് മൈഗ്രേഷൻ (reverse migration)

ഒരു രാജ്യത്തുനിന്ന് പുറത്തേക്കു പോവുന്ന അത്രയും ജനങ്ങൾ രാജ്യത്തിനകത്തേക്കും കടന്നുവരുന്നതിനെയാണ് റിവേഴ്സ് മൈഗ്രേഷൻ എന്നു പറയുന്നത്. 1970 കളിൽ തന്നെ കേരളത്തിൽ നിന്ന് യുവാക്കൾ പുറത്തേക്കുപോവാൻ തുടങ്ങിയിരുന്നെങ്കിലും അത് അക്കാലത്ത് സാമൂഹ്യസാമ്പത്തികതലങ്ങളിൽ നിർണായക സ്വാധീനം ചെലുത്തുന്ന ഒരു പ്രതിഭാസമായി മാറിയിരുന്നില്ല. അന്യസംസ്ഥാനങ്ങളിലേക്കു പോവുന്നതിനെ ഔട്ട് മൈഗ്രേഷൻ (Out migtration) എന്നും അന്യരാജ്യങ്ങളിലേക്കു പോവുന്നതിന് എമിഗ്രേഷൻ (emigration) എന്നുമാണ് പറയുന്നത്. ഔട്ട്

എന്ന സംഘടനയുടെ 2013-ലെ ഒരു കണക്കു പ്രകാരം 2013ൽ കേരളത്തിൽ നിന്ന് പുറത്തേക്കു കടന്നത് 25 ലക്ഷം പേരും കേരളത്തിലേക്കു വന്നത് 25 ലക്ഷം പേരും ആണ്. റിവേഴ്സ് മൈഗ്രേഷൻ അതിന്റെ പൂർണമായ രൂപത്തിൽ നടപ്പിലായിരിക്കുന്നത് ഈ വർഷമാണെന്നർത്ഥം. ഇതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത 2009 ൽ 27 ലക്ഷം പേർ കേരളത്തിൽ നിന്ന് പുറത്തേക്കുപോയപ്പോൾ 2013 ൽ അത് 25 ലക്ഷമായി കുറഞ്ഞു എന്നതാണ്. കേരളത്തിലേക്കു വന്നവരുടെ എണ്ണം 2009 ലെ 10 ലക്ഷത്തിൽ നിന്ന് 2013 ൽ 25 ലക്ഷമായി കൂടുകയും ചെയ്തു. കേരളത്തിൽ നിന്ന് പുറത്തുപോവുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നതിന് ഇവിടുത്തെ

60% തൊഴിലുകളും ചെയ്യുന്നത് അവരാണ്. വർഷം 17000 കോടി രൂപയോളം അവർ കേരളത്തിനു പുറത്തേക്ക് അയയ്ക്കുന്നു.

പുത്തൻ തള്ളിക്കയറ്റത്തിന്റെ സവിശേഷതകൾ

1980–90 കളിൽ കേരളത്തിലേക്കു വന്നത് തമിഴനും ആന്ധ്രാക്കാരനും ആയിരുന്നു. അവർ നഗരങ്ങളിലെയും പട്ടണങ്ങളിലെയും താഴേക്കിടയിലുള്ള (ആക്രി പെറുക്കുക, വിറകുകീറുക, കക്കൂസ് ശുചീകരിക്കുക, കൊത്തിക്കിളയ്ക്കുക തുടങ്ങിയ) ജോലികൾ മാത്രമാണ് ചെയ്തിരുന്നത്. അവരുടെ വരവ് ഇവിടത്തെ സാമ്പത്തിക സാമൂഹ്യസ്ഥിതിയെ ഒരുതരത്തിലും ബാധിച്ചിരുന്നില്ല. രണ്ടുരൂപയ്ക്ക് അരിയും നല്ല തൊഴിലും നാട്ടിൽ കിട്ടിയപ്പോൾ അവർ

2011 ൽ 47000 കോടി രൂപയാണ് വിദേശമലയാളികൾ കേരളത്തിലേക്കയച്ചത്. ആ വർഷം സംസ്ഥാന ബജറ്റ് പോലും 44566 കോടി രൂപ ചെലവും 38546 കോടി രൂപ വരവുമായി 6000 കോടി രൂപയുടെ കമ്മി ബജറ്റായിരുന്നു എന്നോർക്കണം. എന്നാൽ അന്യസംസ്ഥാനക്കാർ എല്ലാവരും ചേർന്ന് ആ വർഷം 17000 കോടി രൂപയാണ് കേരളത്തിൽ നിന്ന് നാട്ടിലേക്കയച്ചത്.

തിരിച്ചുപോവുകയും ചെയ്തു. എന്നാൽ 2012 നു ശേഷം വടക്കേ ഇന്ത്യ (ബീഹാർ, ഉത്തർപ്രദേശ്, ഉത്തർഖണ്ഡ്) കിഴക്കൻ ഇന്ത്യ (പശ്ചിമ ബംഗാൾ, ഒറീസ) വടക്കു കിഴക്കൻ ഇന്ത്യ (ആസ്സാം, മണിപ്പൂർ) എന്നിവിടങ്ങളിൽ നിന്നുള്ള ഭാരതീയരും ബംഗ്ലാദേശിൽ നിന്നുള്ള നിയമവിരുദ്ധ കടന്നുകയറ്റക്കാരും കേരളത്തിലേക്കു വന്നു. ഇവർ കൃഷി, പ്ലംബിംഗ്, ഇലക്ട്രീഷ്യൻ, ഹോട്ടൽ, ജ്വല്ലറി, കശുവണ്ടി, പ്ലൈവുഡ്, പൊടിമില്ല്, വർക്ക്ഷോപ്പ്, പ്രസ്, ചെരുപ്പു നിർമാണ ഫാക്ടറി, മറ്റു കമ്പനിജോലികൾ, ക്വാറി, ബാർബർഷോപ്പ്, അറവുശാല, പെട്രോൾ പമ്പ്, ഇഷ്ടികക്കളം തുടങ്ങിയ സമസ്ത മേഖലകളിലും ചുവടുറപ്പിച്ചു. പല മേഖലകളിൽനിന്നും തദ്ദേശീയരെ പുറന്തള്ളുകയും ചെയ്തു. മാത്രമല്ല ഒന്നാം ഘട്ടം അതിഥികളിൽ നിന്നും വ്യത്യസ്തമായി ഇവർ നഗരങ്ങളിൽ ഒതുങ്ങിനിൽക്കാതെ ഗ്രാമങ്ങളിലേക്കും കടന്നുകയറി.

ഗൾഫ് മലയാളിയുമായി താരതമ്യം

കേരളത്തിലേക്ക് കടന്നുവരുന്ന അന്യസംസ്ഥാനക്കാരനും ഗൾഫ് മലയാളിയും പല കാര്യങ്ങളിലും സമാനത പുലർത്തുന്നു. സ്വന്തം നാട്ടിൽ ചെയ്യാനിഷ്ടപ്പെടാത്ത താണതരം ജോലികളാണ് രണ്ടുവിഭാഗവും മറുനാടുകളിൽ ചെയ്യുന്നത്. ധാരാളം മണിക്കൂറുകൾ മുറുമുറുപ്പില്ലാതെ ജോലി ചെയ്യുമെന്നും കിട്ടുന്ന കൂലിയും വാങ്ങി സന്തോഷത്തിൽ പൊയ്ക്കൊള്ളുമെന്നുമാണ് മറുനാടൻ ജോലിക്കാരെ പറ്റി കേരളത്തിൽ പറയുന്നത്. ഇതുതന്നെയാണ് വിദേശങ്ങളിൽ മലയാളിയെപ്പറ്റി പറയുന്നതും. മറ്റൊരു താരതമ്യം രണ്ടുകൂട്ടരും സഞ്ചരിക്കുന്ന ദൂരത്തിന്റെ കാര്യത്തിലാണ്. ഒരു കൽക്കത്തക്കാരൻ കൊച്ചിയിലെത്താൻ 2360 കിലോമീറ്ററും ബീഹാറി 2581 കിലോമീറ്ററും ആസാമി 3500 കിലോമീറ്ററും യാത്ര ചെയ്യുന്നു. കേരളത്തിൽ നിന്ന് ദുബൈയിലേക്ക് ദൂരം 2787 കിലോമീറ്ററും അബുദാബിയിലേക്ക് 2817 കിലോമീറ്ററും ആണ്. അന്തർസംസ്ഥാന യാത്രയും അന്താരാഷ്ട്ര യാത്രയും തമ്മിൽ വ്യത്യാസങ്ങളുണ്ടെങ്കിലും രണ്ടുകൂട്ടരും തരണം ചെയ്യുന്ന ദൂരം സമാനമാണെന്നർത്ഥം. മറുനാട്ടിൽ ജോലി ചെയ്ത് ജന്മനാട്ടിലേക്കയയ്ക്കുന്ന പണത്തിന്റെ കാര്യത്തിൽ മലയാളിയാണ് സ്വാഭാവികമായും മുന്നിൽ. 2011 ൽ 47000 കോടി രൂപയാണ് വിദേശ മലയാളികൾ കേരളത്തിലേക്കയച്ചത്. ആ വർഷം സംസ്ഥാന ബജറ്റ് പോലും 44566 കോടി രൂപ ചെലവും 38546 കോടി രൂപ വരവുമായി 6000 കോടി രൂപയുടെ കമ്മി ബജറ്റായിരുന്നു എന്നോർക്കണം. എന്നാൽ അന്യസംസ്ഥാനക്കാർ എല്ലാവരും ചേർന്ന് ആ വർഷം 17000 കോടി രൂപയാണ് കേരളത്തിൽ നിന്ന് നാട്ടിലേക്കയച്ചത്. ബംഗാളിന്റെ മാത്രം ബജറ്റ് 2011 ൽ 22000 കോടി രൂപയായിരുന്നു. മറ്റൊരു സമാനതയുള്ളത് ഏകാന്തതയടെയും വിഷാദത്തിന്റെയും കാര്യമാണ്. ലോകമെങ്ങും പ്രവാസികൾക്കെല്ലാം തുല്യവും സമാനവുമായ ഒരേയൊരു കാര്യവും അതുതന്നെ.

അന്യസംസ്ഥാനക്കാരുടെ കാതലായ പ്രശ്നങ്ങൾ

അന്യസംസ്ഥാനക്കാർ കേരളത്തിൽ സുഖമായൊന്നുമല്ല കഴിയുന്നത്. അവരുടെ ജീവിതസാഹചര്യങ്ങൾ ഏറ്റവും പരിതാപകരമാണ്. സംസ്ഥാന സർക്കാരിന്റെ മാത്രമല്ല കേന്ദ്രസർക്കാരിന്റെ പോലും സേവനങ്ങളും ആനുകല്യങ്ങളും പലതും അവർക്ക് ലഭിക്കുന്നില്ല. റേഷൻ കാർഡ്, രാഷ്ട്രീയ സ്വാസ്ഥ്യ ഭീമാ യോജന (RSBY) തുടങ്ങിയ പദ്ധതികൾ അവർക്ക് പ്രയോജനപ്പെടുന്നില്ല. കെട്ടിട ഉടമകൾ വലിയ വാടക വാങ്ങി അവരെ ചൂഷണം ചെയ്തിട്ട് ഷെഡുകളിൽ കിടത്തിയുറക്കുന്നു. പൊതുസമൂഹം അവരെ പരിഗണിക്കുന്നില്ല. അന്യസംസ്ഥാനക്കാർ എന്ന് സംസ്ഥാന സർക്കാർ തന്നെ അവരെ വിശേഷിപ്പിക്കുന്നതിന് തദ്ദേശസമൂഹം ചൂഷണത്തിന് ഒരു മറയാക്കുന്നു. കൂലിയുടെ കാര്യത്തിൽ പ്രത്യേകിച്ചും. ജോലിക്കിടയിലുള്ള അപകടങ്ങളെ ഇടനിലക്കാർ സർക്കാർ ആശുപത്രികളിലും അതുവഴി നിയമസംവിധാനത്തിനു കീഴിലും കൊണ്ടുവരാതെ പ്രൈവറ്റ് ആശുപത്രികളിൽ നാമമാത്രമായ ചികിത്സ നടത്തി അഡ്ജസ്റ്റ്' ചെയ്യുന്നു. അല്ലെങ്കിൽ നാട്ടിലേയ്ക്ക് പറഞ്ഞയയ്ക്കുന്നു.

അന്യസംസ്ഥാനക്കാരുടെ കടന്നുകയറ്റം സൃഷ്ടിക്കുന്ന സാമൂഹ്യ പ്രശ്നങ്ങൾ

1. വർദ്ധിച്ചുവരുന്ന സംഘബലവും കലാപസാധ്യതകളും

സൗദി അറേബ്യയിൽ നിതാഖാത് നിയമം നടപ്പിൽ വരുത്തിയപ്പോൾ അതിനെതിരെ ഏതോപ്യക്കാർ കലാപം നടത്തിയതും വാഹനങ്ങൾ കത്തിച്ചതും ഒരു സൗദിയടക്കം മൂന്നുപേർ കൊല്ലപ്പെട്ടതും ഈയടുത്തു നടന്ന സംഭവമാണ്. ഒരു രാജ്യത്തെ അനധികൃത കുടിയേറ്റക്കാരെ നിയമത്തിനു കീഴിൽ കൊണ്ടുവരാൻ ഒരു ഗവൺമെന്റ് ശ്രമിച്ചപ്പോൾ സംഭവിച്ചതാണിത്. ആസ്സാമിലെ ബോഡോ തദ്ദേശീയരും കിഴക്കൻ പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നിവിടങ്ങളിൽ നിന്നുള്ള അനധികൃത മുസ്ലീം കുടിയേറ്റക്കാരും തമ്മിൽ കലാപം ഉണ്ടായത് 2012 ലാണ്. ബ്രിട്ടീഷ് ഭരണകാവലത്ത് ബംഗാളിൽ നിന്ന് വന്ന ഭാരതീയരാണ് തങ്ങളെന്ന് അവിടത്തെ കുടിയേറ്റക്കാർ വാദിച്ചു. ശ്രീലങ്കയിലെ തമിഴ് കുടിയേറ്റക്കാരും തദ്ദേശീയ സിംഹളരും തമ്മിൽ 26 വർഷം (1983–2009) നീണ്ട കലാപം അടുത്തയിടെയാണ് കെട്ടടങ്ങിയത്. മുപ്പതു വർഷം കൊണ്ട് മൂന്നു ലക്ഷം ഇന്ത്യൻ തമിഴരെ ശ്രീലങ്ക ഇന്ത്യയിലേക്ക് തിരിച്ചു നാടു കടത്തി. ശ്രീലങ്കയിലെ തമിഴർക്ക് (ഇന്ത്യയിൽ നിന്ന് കുടിയേറിയ തമിഴരും ശ്രീലങ്കൻ മൂറുകളും) പൗരത്വം, വിദ്യാഭ്യാസം, സിവിൽ സർവീസ് എന്നിവ നിഷേധിക്കാനുള്ള അവിടത്തെ സർക്കാരിന്റെ നടപടികളായിരുന്നു അസംതൃപ്തിയിലും അസ്വസ്ഥതയിലും ഒടുക്കം കലാപത്തിലും ചെന്നവസാനിച്ചത് എന്ന ചരിത്രത്തിൽ നിന്ന് കേരളത്തിന് പലതും പഠിക്കാനുണ്ട്. സമീപകാലത്തൊന്നും വ്യാപകമായ ഒരു കലാപം നടന്നിട്ടില്ലാത്ത കേരളത്തിലെ ആദ്യത്തെ കലാപസാദ്ധ്യതയായിത്തീരുമോ വർത്തമാനകാല അന്യസംസ്ഥാനകടന്നുകയറ്റം എന്ന് ആശങ്ക അസ്ഥാനത്തല്ല.

235000 പേരാണ് ഓരോ വർഷവും കേരളത്തിലേക്കു വരുന്നതെന്ന് മുൻപു സൂചിപ്പിച്ചു. അവരുടെ എണ്ണം ദിനംപ്രതി വർദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇങ്ങനെ സംഘബലം വർദ്ധിക്കുന്നതിനനുസരിച്ച് അവരിൽ സംഘബോധവും അവകാശബോധവും അവകാശങ്ങൾക്കുവേണ്ടിയുള്ള പോരാട്ട വാഞ്ഛയും വർദ്ധിച്ചുവരും. പരിതാപകരമായ ജീവിതസൗകര്യങ്ങൾ, ചൂഷണാത്മകമായ കൂലി സമ്പ്രദായം, സാമൂഹ്യമായ അവഹേളനം തുടങ്ങിയ പ്രശ്നങ്ങൾ ഈ ചിതറിയ സമൂഹത്തെ ഏകീകരിപ്പിച്ചേക്കാം. പൊതു ആവശ്യങ്ങൾക്കുവേണ്ടി അവർ

2013ലെ ഒരു കണക്കു പ്രകാരം 2013ൽ കേരളത്തിൽ നിന്ന് പുറത്തേക്കു കടന്നത് 25 ലക്ഷം പേരും കേരളത്തിലേക്കു വന്നത് 25 ലക്ഷം പേരും ആണ്. റിവേഴ്സ് മൈഗ്രേഷൻ അതിന്റെ പൂർണമായ രൂപത്തിൽ നടപ്പിലായിരിക്കുന്നത് ഈ വർഷമാണെന്നർത്ഥം. ഇതോടൊപ്പം ശ്രദ്ധിക്കേണ്ട മറ്റൊരു വസ്തുത 2009 ൽ 27 ലക്ഷം പേർ കേരളത്തിൽ നിന്ന് പുറത്തേക്കുപോയപ്പോൾ 2013 ൽ അത് 25 ലക്ഷമായി കുറഞ്ഞു എന്നതാണ്.

ആദ്യം ഒന്നിച്ച് ശബ്ദമുയർത്തുകയും പിന്നീട് പ്രക്ഷോഭം നടത്തുകയും ഒരു പരിധി കടന്നാൽ തദ്ദേശീയരുമായി ഏറ്റുമുട്ടുകയും ചെയ്തേക്കാം.

തിരുവനന്തപുരത്തെ കോട്ടൺഹിൽ ഗവൺമെന്റ് പ്രൈമറി സ്കൂളിൽ പത്ത് ഉത്തരേന്ത്യൻ കുട്ടികൾ ഇപ്പോഴെ പഠിക്കുന്നുണ്ട്. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്ന മാതാപിതാക്കൾ അവരുടെ വിവാഹപ്രായമായ പെൺകുട്ടികളെ അന്യസംസ്ഥാനക്കാർക്ക് വിവാഹം കഴിച്ചുകൊടുക്കാൻ ഒട്ടും മടിക്കില്ല. പണം മാത്രം ലക്ഷ്യമിടുന്ന ഭൂമാഫിയ കേരളഭൂമിയുടെ കഷണങ്ങൾ അന്യസംസ്ഥാനക്കാർക്ക് വിൽക്കാനും തയ്യാറാകും. തദ്ദേശീയ തൊഴിലാളികളെ തൊഴിൽ മേഖലകളിൽ നിന്ന് അവർ നിർണ്ണായകമാംവിധം പുറന്തള്ളും. ഒന്നാം ഘട്ട കടന്നുകയറ്റത്തിൽനിന്നും വ്യത്യസ്തമായി ഈ ഘട്ടം ഗ്രാമങ്ങളെക്കൂടി സ്വാധീനിച്ചിരിക്കുന്നു. അങ്ങനെ നോക്കിയാൽ കേരളത്തിന്റെ സമസ്തമേഖലകളിലും പിടിമുറിക്കിയ വലിയൊരു ശക്തിയെയായിരിക്കും ഒരു കലാപമുണ്ടായാൽ മലയാളി നേരിടേണ്ടിവരിക.

ആസ്സാം കലാപസമയത്ത് മലപ്പുറത്തുനിന്നും ബാംഗ്ലൂരിൽ നിന്നും ഉണ്ടായ ഭീഷണികളിൽ ഭയന്ന് ആസ്സാമികൾ കൂട്ടത്തോടെ നാടുവിട്ടത് വരാനിരിക്കുന്ന ദുർദ്ദിനങ്ങളുടെ ഒരു സൂചനയായേക്കാം. ഹൈദരാബാദ്, പൂന, ചെന്നൈ എന്നിവിടങ്ങളിൽ നിന്നും ആ സമയത്ത് ആസാമികൾ കൂട്ടത്തോടെ പലായനം ചെയ്തു. ബാംഗ്ലൂർ നഗരത്തിൽ നിന്നും മാത്രം 300000 പേരാണ് സ്ഥലം വിട്ടത്. ആസാമികൾക്ക് ആഗസ്റ്റ് 20 ഒരു അവസാനതീയതിയാണെന്നും മറ്റുമുള്ള പ്രചരണങ്ങൾ തടയാൻ കേന്ദ്ര ഗവൺമെന്റിന് കൂട്ട എസ്.എം.എസുകൾ നിരോധിക്കേണ്ടതായി പോലും വന്നു.

2. ഇറക്കുമതി ചെയ്യപ്പെടുന്ന ക്രിമിനൽ സ്വഭാവങ്ങൾ

കടയടച്ച് വീട്ടിൽ പോവുകയായിരുന്ന വ്യാപാരിയ മഞ്ചേരി പാണ്ടിക്കാട്ടുവച്ച് കഴുത്തറുത്തുകൊന്ന കൽക്കത്താ സഹോദരന്മാരും സീറ്റ് തർക്കത്തെത്തുടർന്ന് ട്രെയിനിൽ ഗൃഹനാഥന്റെ കഴുത്തറുത്ത ഒറീസക്കാരും പരസ്പരം കഴുത്തറുക്കുന്ന ബീഹാറികളും ഇവിടെ അരാജകത്വത്തിന്റെയും ചോരക്കളിയുടെയും പുത്തൻ ആശയങ്ങൾ വിതയ്ക്കുകയാണ്. പാൻ, ഹാൻസ്, കഞ്ചാവ്, ചരസ്, മരിജുവാന തുടങ്ങിയ അപകടകരമായ വസ്തുക്കൾ വിതരണം ചെയ്യാൻ പറ്റിയ സ്ഥലമായി അവർ കേരളത്തെ കണക്കാക്കുന്നു. കേരളത്തിൽ നിന്ന് പടികടന്ന ബീഡിവലിയും ബീഡി തെറുപ്പും ബംഗാളികൾ ഇവിടെ പുന:സ്ഥാപിച്ചുകഴിഞ്ഞു. വൃത്തികെട്ട റൗഡിവേഷങ്ങളും, മുറുക്കിത്തുപ്പലും ലോറിയിൽ മനുഷ്യരെ അട്ടിയിട്ട് കൊണ്ടുപോകലും ഒരു കലയാക്കി ഇവിടെ പ്രദർശിപ്പിക്കുമ്പോൾ മലയാളി എല്ലാം കണ്ടു പഠിക്കുകയാണ്. പീടികത്തിണ്ണയിൽ സൊറ പറഞ്ഞും മൊബൈലിൽ ഞെക്കിയും ഇരിക്കുന്ന അലസ മലയാളിയുവാവ് ഇതിലെല്ലാം പെട്ടെന്ന് ആകൃഷ്ടനാവുന്നു. അന്യസംസ്ഥാനങ്ങളിലെ താഴേക്കിടയിലുള്ളവരും ആദിവാസികളും വനവാസികളുമെല്ലാമാണല്ലോ ഇങ്ങോട്ടു കടക്കുന്നത്. ഇവിടത്തെ സാംസ്കാരികാന്തരീക്ഷത്തിൽ കലർത്താൻ അവർ കൊണ്ടുവന്നിരിക്കുന്ന മസാലക്കൂട്ടുകൾ അത്ര നല്ലതൊന്നുമല്ല. സാംസ്കാരിക സങ്കലനത്തിന്റെ (acculturation) ഗുണഫലങ്ങളല്ല സൃഷ്ടിക്കപ്പെടുന്നതെന്നർത്ഥം. ഉദ്യോഗസ്ഥരായ മലയാളി യുവതികൾക്ക് നിർഭയരായി പുറത്തിറങ്ങി നടക്കാൻ സാധിക്കാത്ത സ്ഥിതിപോലും സംജാതമാവും.

3. ആരോഗ്യപ്രശ്നങ്ങൾ

ചിക്കുൻഗുനിയ, ഡെങ്കി, മലമ്പനി, കൈകാൽനാവു രോഗം (HFMD) തക്കാളിപ്പനി, തുടങ്ങി കേരളത്തിൽ കേട്ടുകേഴ്‌വി ഇല്ലാതിരുന്ന രോഗങ്ങൾ ഇവിടെ പ്രത്യക്ഷപ്പെട്ടു തുടങ്ങിയത് അന്യസംസ്ഥാനക്കാരുടെ വരവിനു ശേഷമാണ്. ആരോഗ്യ വകുപ്പ് പണിപ്പെട്ട് നേടിയെടുത്ത കേരള മോഡൽ ആരോഗ്യം എന്നത് കേരളത്തിനു നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇനി ആരോഗ്യ പ്രവർത്തകർ തലകുത്തിനിന്ന് ശ്രമിച്ചാലും രക്ഷിക്കാൻ കഴിയാത്ത അവസ്ഥയിലേക്ക് കാര്യങ്ങൾ നീങ്ങിയിരിക്കുന്നു. വിദേശരാജ്യങ്ങളിൽ നിലവിലുള്ള ഒരു ശക്തമായ സ്ക്രീനിംഗ് സംവിധാനം പോലും ഇവിടെ വിജയിക്കുമോ എന്ന കണ്ടറിയേണ്ടിയിരിക്കുന്നു. കേരളം മാത്രം അങ്ങനെ സുഖിക്കേണ്ട എന്ന രീതിയിലാണ് രോഗങ്ങളുടെ ഈ കടന്നുകയറ്റം.

വിദേശ രാജ്യങ്ങളിലെ മലയാളിയെ പോലെതന്നെ ഏകാന്തതയും വിഷാദവും അകറ്റാൻ അന്യസംസ്ഥാനക്കാരനും ലൈംഗികതൊഴിലാളികളെ സമീപിക്കാൻ സാധ്യതയുണ്ട്. മലയാളി ലൈംഗികത്തൊഴിലാളികളെ സമീപിക്കാനുള്ള വിമുഖതമൂലവും ഇവിടത്തെ സദാചാര മൂല്യവും മൂലം അവരവരുടെ സംസ്ഥാനങ്ങളിൽ നിന്നുള്ള ലൈംഗികതൊഴിലാളികളെ അവർ കേരളത്തിലെത്തിക്കും. മലയാളിയുടെ ആവശ്യത്തിനുവേണ്ടിയാണല്ലോ മലയാളി ലൈംഗികത്തൊഴിലാളികൾ വിദേശത്തേക്കു പോവുന്നത്. ആ മേഖലയിലും വമ്പിച്ച ആരോഗ്യപ്രശ്നങ്ങൾ അങ്ങനെ സംജാതമാവും.

4. സാമ്പത്തിക പ്രശ്നങ്ങൾ

ഈ പുത്തൻ കടന്നകയറ്റം സൃഷ്ടിക്കുന്ന സാമ്പത്തിക പ്രശ്നങ്ങൾ അനവധിയാണ്. സംസ്ഥാനത്തിന്റെ പുരോഗമനത്തിന് ഉപയുക്തമാവേണ്ട ഇരുപതിനായിരം കോടിയോളം രൂപ ഓരോ വർഷവും നഷ്ടപ്പെടുന്നു. വിദേശമലയാളികൾ അയയ്ക്കുന്ന പണം രണ്ടുകാരണങ്ങളാൽ കുറയാൻ പോവുന്നു എന്നറിയുമ്പോൾ സംഗതി ഗൗരവമുള്ളതാവുന്നു. ഒന്ന്, ഗൾഫിലെ സാമ്പത്തിക സാമൂഹ്യ കാരണങ്ങളാൽ മലയാളി വൻതോതിൽ തിരിച്ചുവരാൻ തുടങ്ങിയിരിക്കുന്നു. രണ്ട്, ജനസംഖ്യാപരമായ കാരണങ്ങളാൽ കേരളത്തിൽ ചെറുപ്പക്കാരുടെ അനുപാതവും തന്മൂലം വിദേശത്തേക്ക് പുതുതായി പോവുന്നവരുടെ എണ്ണവും കുറയുകയാണ്.

കൂലിത്തൊഴിൽ മേഖലയെ പൂർണമായും അന്യർ കയ്യടിക്കിവച്ചിരിക്കുന്ന കേരളത്തിലേക്കാണ് മലയാളി ചെറുപ്പക്കാൻ തിരിച്ചുവരുന്നത് എന്നും ഓർക്കണം. ഗൾഫ് പണം കുറയുന്നതോടെ നിർമാണ മേഖല മന്ദീഭവിക്കുകയും ജോലിസാധ്യതകൾ അന്യസംസ്ഥാനകാർക്കടക്കം എല്ലാവർക്കും കുറയുകയും ചെയ്യും. സ്വന്തം ജനതയെക്കൂടാതെ മറ്റൊരു വലിയ സമൂഹത്തെക്കൂടി തീറ്റിപ്പോറ്റേണ്ട ഭാരം കൂടി സംസ്ഥാനസർക്കാരിന്റെ മേൽ വന്നുകൂടുന്നു എന്നതും പരിഗണിക്കേണ്ട വിഷയമാണ്. ഈ പുത്തൻ സാമ്പത്തിക പ്രശ്നങ്ങളെല്ലാം കേരളത്തിന്റേതുമാത്രവുമാണ്. ■

ലേഖകൻ: കേരള ഗവ: ഹെൽത്ത് സർവ്വീസിൽ ശിശുരോഗ വിദഗ്ദ്ധനാണ്

വി. സുഭാഷ്ചന്ദ്രബോസ്

നവകേരളവും പഞ്ചായത്തീരാജും

അധികാര വികേന്ദ്രീകരണവും വികേന്ദ്രീകൃത പ്രാദേശിക ആസൂത്രണവും പ്രാദേശിക ഗവൺമെന്റുകളുടെ ഉത്തരവാദിത്വവും കടമയുമായിട്ടാണ് കണക്കാക്കപ്പെടുന്നത്. സർക്കാരുകൾ വികസനത്തിനായി നൂറുരൂപ അനുവദിക്കുമ്പോൾ പലകാരണങ്ങളാൽ പത്തുരൂപ മാത്രമെ യഥാർത്ഥ ഗുണഭോക്താക്കളിൽ എത്തുന്നുള്ളൂവെന്നും അതിനാൽ വികസനത്തിന്റെ എല്ലാ നേട്ടങ്ങളും ജനങ്ങളിൽ നേരിട്ട് എത്തിക്കുന്നതിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നിർണായകമായ സ്ഥാനമാണുള്ളതെന്നും മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധി പ്രസ്താവിക്കുകയുണ്ടായി. കേന്ദ്ര, സംസ്ഥാന ഗവൺമെന്റുകൾ ചെയ്തുപോരുന്ന വികസന പരിപാടികളും പദ്ധതികളും ഒരു സഹായി എന്ന നിലയിൽ ഇടക്കു നിന്ന് ജനങ്ങളിൽ എത്തിക്കുവാനുള്ള ഒരു സംവിധാനമായിട്ടല്ല പ്രാദേശിക ഗവൺമെന്റുകളെ വിഭാവനം ചെയ്തത്.

ഓരോ പ്രദേശത്തിന്റെയും ഭൗതീക ഭൂശാസ്ത്ര, സാമൂഹ്യ, സാമ്പത്തിക, സാംസ്കാരിക ഘടകങ്ങളിലെ വൈജാത്യവും തനതു സവിശേഷതകളും കേന്ദ്രീകൃത ആസൂത്രണത്തിൽ കാര്യമായി പരിഗണിക്കാനാവില്ല. ഈ പരിമിതികൾ മാറ്റി സൂക്ഷ്മതലത്തിലുള്ള ഓരോ വിഭവത്തെയും അവയുടെ നിലവിലെ സ്ഥിതിയും പരിമിതികളും സാധ്യതകളും പരസ്പരാശ്രിതത്വവും മനസിലാക്കിയുള്ള ആസൂത്രണം നടത്തുവാൻ പറ്റുന്ന മേഖല പ്രാദേശിക തലമാണ് എന്നതാണ് യാഥാർത്ഥ്യം. അതുപോലെ കേന്ദ്രീകൃത സംവിധാനങ്ങളിലുണ്ടാകുന്ന കാലതാമസവും നടപടി ക്രമങ്ങളും അഴിമതിയും ഉൾപ്പെടെ ഇല്ലാതാക്കുവാനും സുതാര്യത ഉറപ്പാക്കുവാനും ഏറ്റവും കൂടുതൽ സാധ്യത താഴെ തലങ്ങളിലെ വികസന രീതികളാണെന്ന നിലപാടും അംഗീകരിച്ചു വരുന്നു. വികസനത്തിലും ആസൂത്രണത്തിലും പ്രാദേശിക ജനസമൂഹത്തിന് നേരിട്ട് ഇടപെടുവാൻ കഴിയും എന്ന പ്രത്യേകതയുമുണ്ട്. ജനാധിപത്യ സംവിധാനങ്ങളായ ഗ്രാമസഭകൾക്കും ഉദ്യോഗസ്ഥർക്കും പ്രാദേശിക സന്നദ്ധ സംഘടനകൾക്കും പങ്കെടുക്കുവാനും പരസ്പര ചർച്ചയിലൂടെ പദ്ധതികൾ നടപ്പിലാക്കുവാനുള്ള സാധ്യതകളും ഏറെയാണ്.

കേരളത്തിലെത്തുന്ന സമ്പത്തും നമ്മുടെ മനുഷ്യ വിഭവവും കൂട്ടിയോജിപ്പിച്ച് പ്രകൃതിയെ കൂടി സംരക്ഷിക്കുന്ന ഒരു പുതിയ വികസന ജീവിത സംസ്കാരം രൂപപ്പെടുത്തുവാൻ പഞ്ചായത്തുകൾക്കും നിർണായകമായ പങ്കാണ് നിർവ്വഹിക്കാനുള്ളത്. പ്രകൃതി, പാരിസ്ഥിതിക ഘടകങ്ങളെയും പരിഗണിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാദേശിക തലത്തിൽ സാധ്യതകൾ ഏറെയാണ്. പണവും പദ്ധതികളും പരിപാടികളും മനുഷ്യ വിഭവവുമുള്ള കേരളത്തിന് ഇനി ആവശ്യം ഒരു സാംസ്കാരിക നവോത്ഥാനമാണ്.

കേരളത്തിലെ പ്രാദേശിക വികസന ആസൂത്രണ പ്രക്രിയയിൽ പഞ്ചായത്തീരാജ് സ്ഥാപനങ്ങൾ കൂടുതൽ സർഗാത്മകമായി പങ്കെടുത്തിട്ട് ദശകങ്ങൾ പിന്നിടുന്ന ഈ വേളയിൽ ഒരു നേട്ട കോട്ട വിശകലവും മുന്നോട്ടുള്ള പ്രവർത്തനങ്ങൾക്കുള്ള രൂപ രേഖ തയാറാക്കലും ആവശ്യമാണ്. ഉത്പാദന മേഖലയിൽ വളർച്ചയുണ്ടാക്കി സേവന പശ്ചാത്തല മേഖലകളിലേക്ക് വളരുകയെന്ന പതിവ് സാമ്പത്തികരീതികളിൽ നിന്നും വ്യത്യസ്തമായി ഉൽപ്പാദന വളർച്ചയുണ്ടാകാതെ തന്നെ സേവന മേഖലയിൽ മുന്നേറ്റമുണ്ടായി എന്നതും കേരളത്തിന്റെ പ്രത്യേകതയാണ്. കൃഷി, കാർഷിക അനുബന്ധ വ്യവസായങ്ങൾ, മൂല്യ വർദ്ധിത വസ്തുക്കളുടെ വികാസം തുടങ്ങിയ മേഖലകളിൽ സംസ്ഥാനം വേണ്ടത്ര മുന്നേറാതിരുന്നതും പ്രാദേശിക ആസൂത്രണം വിഭാവനം ചെയ്തപ്പോൾ പ്രധാന ചർച്ചാ വിഷയമായതാണ്. എന്തായാലും സേവന പശ്ചാത്തല മേഖലകളിൽ കേരളം ധാരാളം മുന്നോട്ട് പോയി. ഗൾഫ് രാജ്യങ്ങളിൽ നിന്നുള്ള കോടികണക്കിന് രൂപയും ഇവയുടെ വേഗത വർദ്ധിപ്പിച്ചു.

നാം നേടിയ അറിവും നാട്ടിലെ സമ്പത്തും കൂട്ടിയോജിപ്പിച്ച് പ്രാഥമിക, ദ്വിതീയ, ഉൽപ്പാദന മേഖലകളിലെ വളർച്ച എങ്ങനെ നേടാമെന്ന വെല്ലുവിളി ഗൗരവമായി ഏറ്റെടുത്തേകഴിയൂ. അതോടൊപ്പം സേവന മേഖലകളിൽ നേടിയവ നിലനിറുത്തി കൂടുതൽ ഗുണമേന്മ ഉറപ്പു വരുത്തുകയെന്നതും വലിയ ഉത്തരവാദിത്വമാണ്. “കൂടുതൽ ഉൽപ്പാദനം, മികച്ച ഗുണമേന്മ” എന്നൊരു അജണ്ട തന്നെ പ്രാദേശിക ഗവൺമെന്റുകൾക്ക് ഏറ്റെടുക്കുവാൻ കഴിയേണ്ടതാണ്.

ഒരു പുതിയ ഉൽപ്പാദന തൊഴിൽ സംസ്കാരം ബോധപൂർവം രൂപപ്പെടുത്തേണ്ടത് കാലഘട്ടത്തിന്റെ ആവശ്യം കൂടിയാണ്. വലിയ മനുഷ്യ വിഭവമാണ് കേരളത്തിലുള്ളത്. അവയെ പ്രാദേശിക തലത്തിൽ ക്രിയാത്മകമായി പ്രയോജനപ്പെടുത്തണം. ഒരു നവകേരള സൃഷ്ടിയിൽ ആസൂത്രണത്തിന്റെ മുപ്പതു മുതൽ നാല്പതു ശതമാനം വരെ തുകയും വലിയൊരു ഉദ്യോഗസ്ഥ സംവിധാനവും കൈമുതലായുള്ള പഞ്ചായത്തീരാജ് സ്ഥാപനങ്ങൾക്ക് നിർണായകമായ സ്ഥാനമാണുള്ളത്. നവകേരളത്തിനുള്ള ചിലചിന്തകളും വിഷയങ്ങളുമാണ് ചുവടെ ചേർക്കുന്നത്.

ഓരോ പ്രദേശത്തിനുമാവശ്യമായ ഭക്ഷ്യവസ്തുക്കൾ പരമാവധി ഉൽപ്പാദിപ്പിക്കുവാൻ ശ്രമം ഉണ്ടാകേണ്ടതല്ലെ? തരിശിടുന്ന വയലുകളും പറമ്പുകളും കൃഷിയോഗ്യമാക്കപ്പെടണം. ഭക്ഷ്യവിളകൾ ധാരാളമായി പ്രോത്സാഹിപ്പിക്കപ്പെടണം. ജല ലഭ്യതയാണ് പ്രശ്നമെങ്കിൽ മഴയെ കൂടുതൽ കൈകാര്യം ചെയ്ത് ജല സംരക്ഷണത്തിനു മുൻതൂക്കം നൽകണം. ജലസുരക്ഷക്കു പദ്ധതി തയ്യാറാക്കണം. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിലൂടെ കൂടുതൽ ഭക്ഷ്യസുരക്ഷയും ആരോഗ്യവും ഉറപ്പാക്കാവുന്നതാണ്. പ്രാദേശിക തലത്തിൽ ജലസംരക്ഷണം ഭക്ഷ്യസുരക്ഷനയം രൂപപ്പെടുത്തുവാൻ നമുക്കു കഴിയണം. വയലുകൾ തരിശിടുന്നു. ആവശ്യത്തിന് ഭക്ഷ്യവിളയില്ല. തൊഴിലില്ലാത്തവർ എത്രയേറെ ഇവയൊക്കെ പരസ്പരം ബന്ധിപ്പിച്ച്



ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനും കൂടുതൽ തൊഴിലവസരമുണ്ടാക്കുവാനും പദ്ധതിയുണ്ടാക്കണം.

ലോകത്തിലേറ്റവും കൂടുതൽ മഴലഭിക്കുന്ന കേരളത്തിൽ വരൾച്ചയും ജലക്ഷാമവും ഇനിയും അനുവദിച്ചുകൂടാ. മഴവെള്ളസംഭരണവും ജല പരിപോഷണവും ജലസംരക്ഷണവും ഇനിയും നമ്മുടെ പ്രധാന അജണ്ടയാകാത്തതെന്തേ? പ്രാദേശികമായി രൂപപ്പെടുന്ന കാർഷിക ഭക്ഷ്യവിളകൾ ഉപയോഗിച്ചുള്ള മൂല്യവർദ്ധിത വസ്തുക്കൾ തയാറാക്കുവാനുള്ള യൂണിറ്റുകൾ വ്യാപകമാക്കണം. പാട്ടകൃഷിയും സഹകരണ കൃഷിയും ഗ്രൂപ്പുഫാമിങ്ങും പോലുള്ളവ നടത്തുവാൻ ഇനിയും നാം ആലോചിക്കേണ്ടതല്ലേ? പഞ്ചായത്തിലെ ഒരിഞ്ചു ഭൂമിപോലും തരിശിടില്ലായെന്ന് നിശ്ചയിക്കണം. നെല്ല്, പച്ചക്കറി, പാൽ, മുട്ട, മാംസം, കോഴി, പശു, ആട് എന്നിവ പരമാവധി ഉൽപ്പാദിപ്പിക്കുവാൻ പദ്ധതി ഉണ്ടാകണ്ടേ? സഹകരണ മേഖലയിലും സ്വയം സഹായ ഗ്രൂപ്പുകളിലും ഇവ ആലോചിക്കണം. അടുക്കളത്തോട്ടവും പുരപ്പുറകൃഷിയും മാതൃകാ വിത്തുൽപ്പാദന കേന്ദ്രങ്ങളും പ്രോത്സാഹിപ്പിക്കാവാൻ എന്താണ് തടസം? കൃഷിഭവനുകളെ കാർഷിക വിജ്ഞാന വ്യാപന കേന്ദ്രങ്ങളാക്കി മാറ്റി കാർഷിക സാങ്കേതിക മേഖലകളിൽ ജനങ്ങൾക്ക് വിപുലമായ പരിശീലനവും സഹായവും നൽകാവുന്നതാണ്.

മാലിന്യ സംസ്കരണരംഗത്ത് പുതിയ മാതൃകകളും. പൗരബോധനപ്രവർത്തനങ്ങളും ഇനിയും ധാരാളമുണ്ടാകണം. മാലിന്യത്തെയും കൃഷിയേയും പരസ്പരം ബന്ധിപ്പിക്കാനാവില്ലെ? ഒരു പ്രശ്നത്തിനുള്ള പരിഹാരവും വിളവർദ്ധനവും സാധ്യമാവും. നഗരപട്ടണ കേന്ദ്രങ്ങളിൽ മാലിന്യത്തിൽ നിന്നുള്ള ഊർജ്ജവും പരിഗണിക്കേണ്ടതാണ്.

മൂല്യവർദ്ധിത ഉൽപ്പാദന സ്ഥാപനങ്ങളുടെയും ചെറുകിട വ്യവസായ സംരംഭങ്ങളുടെയും സാധ്യതയും വളരെയേറെയാണ്. ചെറുകിട സംരംഭകരെ സഹായിക്കുവാൻ എല്ലാ പഞ്ചായത്തിലും ഗൈഡൻസ് സംവിധാനം ഉണ്ടാകണം. നീർത്തടാധിഷ്ഠിത പരിപാടികൾ വിപുലമാക്കി മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നിവ വർദ്ധിപ്പിക്കുവാൻ പ്രത്യേകം ശ്രദ്ധയുണ്ടാകണം.

പ്രാഥമിക ആരോഗ്യ മേഖലയിൽ വിപുലമായ ബഹുജന വിദ്യാഭ്യാസമാണ് നടക്കേണ്ടത്. ജലശുദ്ധി, മാലിന്യ സംസ്കരണം, ശുദ്ധ ഭക്ഷണം എന്നിവയും ആരോഗ്യവുമായുള്ള ബന്ധം വ്യാപകമായി ചർച്ചചെയ്യപ്പെടണം. സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തുവാൻ നാം ഇനിയും താമസിച്ചുകൂടാ. മലയാളവും ഇംഗ്ലീഷും ഉൾപ്പെടെയുള്ള ഭാഷാ ജ്ഞാനം ഉറപ്പാക്കേണ്ടതും സ്കൂൾ തലത്തിലാണ്. ഇപ്പോഴും പത്തു ശതമാനം നിരക്ഷരരാണ്. ആദിവാസി, തീരദേശമേഖലകളിൽ നിരക്ക് കൂടുതലാണ്. പ്രത്യേകം പദ്ധതി തന്നെ രൂപപ്പെടുത്തണം. സമ്പൂർണ്ണമായ കുടിവെള്ളത്തിന്റെ അഭാവവും ശുചിത്വ സൗകര്യങ്ങളുടെ കുറവുമുള്ള സ്കൂളുകൾ ഇനിയും കാണുന്നത് അനുകരണീയമല്ല.

നമ്മുടെ പൊതു സ്വത്തും പൈതൃകവുമായ നദികൾ, തോടുകൾ, പുഴകൾ, കുളങ്ങൾ, പൊതു കിണറുകൾ, പൊതു നിരത്തുകൾ എന്നിവ നശിപ്പിക്കുന്നതിലും മലിനീകരിക്കുന്നതിലും യാതൊരു തത്വദീക്ഷയും നമുക്കില്ല. നമ്മുടെ "പൊതു"കൾ സംരക്ഷിക്കുവാനുള്ള പൗരബോധവും നടപടികളും ഉണ്ടായെങ്കിലേ കഴിയൂ. ഒരു രാഷ്ട്ര ബോധവും ഭാഷാ സ്നേഹവും പ്രകൃതി സംരക്ഷണ ചിന്തകളും ഉറപ്പാക്കുവാനാവശ്യമായ പ്രചരണ കർമ്മ പരിപാടികൾ പ്രാദേശിക തലത്തിലുണ്ടാകണം. ജല സുരക്ഷ, ഭക്ഷ്യസുരക്ഷ എല്ലാവർക്കും കുടിവെള്ളം, ശുചിത്വം, ജൈവ കൃഷിവ്യാപനം, തരിശുഭൂമിയില്ലാപഞ്ചായത്ത്, വൃത്തിയുള്ള റോഡുകൾ, നല്ല നാട്, നല്ല വെള്ളം എല്ലാവരും സാക്ഷരർ, മദ്യവിമുക്ത ഗ്രാമം, സ്ത്രീധനമില്ലാ പഞ്ചായത്ത്, ജല പരിസ്ഥിതി സൗഹൃദ ഭവനങ്ങൾ, വിദ്യാലയങ്ങൾ, ഗ്രാമങ്ങൾ, മഴയെ തളച്ച ഗ്രാമം, എല്ലാവർക്കും തൊഴിൽ, മാലിന്യം സമ്പത്ത്, പൊതു സ്വത്ത് എന്റെയും എല്ലാവർക്കും, വെളിച്ചം, നെൽ, പച്ചക്കറി സ്വയം പര്യാപ്തത, മൂല്യവർദ്ധിത സംസ്കരണ കേന്ദ്രങ്ങൾ, സഹകരണ കൃഷി, ഫുഡ് പാർക്കുകൾ, വിജ്ഞാന വ്യാപനകേന്ദ്രങ്ങൾ, പ്രാദേശിക വികസന നിധി, പ്രാദേശിക സാങ്കേതിക വൈദഗ്ധ്യം, വിദഗ്ധർ, സ്ഥാപനങ്ങൾ എന്നിവയുടെ പങ്കാളിത്തം തുടങ്ങി ഏറ്റെടുക്കുവാനും ചിന്തിക്കുവാനും കഴിയുന്ന എത്രയെത്ര മേഖലകൾ, വിഷയങ്ങൾ.

സ്വാതന്ത്ര്യം ലഭിച്ചിട്ട് ദശകങ്ങളായി. കേരളം രൂപപ്പെട്ടിട്ടും നാളേറെയായി. കുടിവെള്ളം, ഭക്ഷണം, പാർപ്പിടം, തൊഴിൽ, വൈദ്യുതി, മറ്റ് ഭൗതീക സൗകര്യങ്ങൾ എന്നിവ എല്ലാവർക്കും ഉറപ്പാക്കുവാൻ നമുക്കുകഴിയണ്ടെ? ഉൽപ്പാദന മേഖലയിൽ പുത്തൻ കർമ്മപരിപാടികളും തൊഴിൽ സംസ്കാരവും രൂപപ്പെടണം. സേവന മേഖലയിൽ പുതിയ ആശയങ്ങൾ ഇനിയും ഏറെ വേണം. പശ്ചാത്തല സൗകര്യങ്ങൾ തയാറാക്കുന്നതോടൊപ്പം അവ സംരക്ഷിക്കപ്പെടുവാനും കഴിയണം.

കേരളത്തിലെത്തുന്ന സമ്പത്തും നമ്മുടെ മനുഷ്യ വിഭവവും കൂട്ടിയോജിപ്പിച്ച് പ്രകൃതിയെകൂടി സംരക്ഷിക്കുന്ന ഒരു പുതിയ വികസന ജീവിത സംസ്കാരം രൂപപ്പെടുത്തുവാൻ പഞ്ചായത്തുകൾക്കും നിർണായകമായ പങ്കാണ് നിർവ്വഹിക്കാനുള്ളത്. പ്രകൃതി, പാരിസ്ഥിതിക ഘടകങ്ങളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് പ്രാദേശിക തലത്തിൽ സാധ്യതകൾ ഏറെയാണ്. പണവും പദ്ധതികളും പരിപാടികളും മനുഷ്യ വിഭവവുമുള്ള കേരളത്തിന് ഇനി ആവശ്യം ഒരു സാംസ്കാരിക നവോത്ഥാനമാണ്. ഉൽപ്പാദന മേഖലയെ സജ്ജമാക്കി സേവന പശ്ചാത്തല മേഖലകളുടെ ഗുണമേന്മ വർദ്ധിപ്പിക്കുന്ന ഒരു പുതിയ കർമ്മ മണ്ഡലം ജനങ്ങളുടെ അദ്ധ്വാനശേഷിയും സർഗാത്മകതയും ക്രിയാത്മമായി ഉപയോഗിക്കുന്ന പ്രാദേശിക സമൂഹങ്ങൾ നമുക്കാവശ്യമാണ്. അതു തന്നെ ആവട്ടെ നമ്മുടെ ലക്ഷ്യവും. പിന്നെ വേണ്ടത് സമഗ്രവും ശാസ്ത്രീയവും പ്രാദേശികവുമായ കർമ്മ പരിപാടികളും. ■

ലേഖകൻ: വാട്ടർ റിസോർസസ് മാനേജ്മെന്റിൽ ഡെപ്യൂട്ടി ഡയറക്ടറാണ്.

നാം നേടിയ അറിവും നാട്ടിലെ സമ്പത്തും കൂട്ടിയോജിപ്പിച്ച് പ്രാഥമിക, ദ്വിതീയ, ഉൽപ്പാദന മേഖലകളിലെ വളർച്ച എങ്ങനെ നേടാമെന്ന വെല്ലുവിളി ഗൗരവമായി ഏറ്റെടുത്തെകഴിയൂ. അതോടൊപ്പം സേവന മേഖലകളിൽ നേടിയവ നിലനിറുത്തി കൂടുതൽ ഗുണമേന്മ ഉറപ്പു വരുത്തുകയെന്നതും വലിയ ഉത്തരവാദിത്വമാണ്. "കുടുതൽ ഉൽപ്പാദനം, മികച്ച ഗുണമേന്മ" എന്നൊരു അജണ്ട തന്നെ പ്രാദേശിക ഗവൺമെന്റുകൾക്ക് ഏറ്റെടുക്കുവാൻ കഴിയേണ്ടതാണ്.

ഫീച്ചർ: **ഡോ. പി.ജെ. സുധാകർ**

അംഗപരിമിതരുടെ ശാക്തീകരണം

ഇന്ത്യൻ ഭരണഘടന അംഗപരിമിതർ ഉൾപ്പെടെയുള്ള എല്ലാ വിഭാഗം ആളുകൾക്കും തുല്യതയും, സ്വാതന്ത്ര്യവും, നീതിയും, അന്തസ്സും ഉറപ്പുവരുത്തുന്നു. ഭരണഘടന പ്രകാരം അംഗപരിമിതരുടെ ശാക്തീകരണം സംബന്ധിച്ച എല്ലാ ഉത്തരവാദിത്ത്വവും സംസ്ഥാന സർക്കാരുകൾക്കാണുള്ളത്. 2001–ലെ സെൻസസ് പ്രകാരം 2.19 കോടി ആളുകൾക്കാണ് വിവിധതരത്തിലുള്ള അംഗവിഹീനത ബാധിച്ചിട്ടുള്ളത്. ജനസംഖ്യയുടെ 2.13 ശതമാനമാണിത്. കാഴ്ച, കേൾവി, സംസാരം, ബുദ്ധി എന്നിവയുടെ വൈകല്യങ്ങളും കൈകാലുകളുടെ തളർച്ചയും ബാധിച്ചവരാണ് അംഗപരിമിതരുടെ പരിധിയിൽപ്പെടുന്നത്. ഏഷ്യാ പസഫിക്കിലെ അംഗപരിമിതരുടെ തുല്യതയ്ക്കായുള്ള കരാറിലും, അംഗപരിമിതർക്കായുള്ള ബൈവാക്കോ മില്ലെനിയം ഫ്രെയിംവർക്കിലും ഇന്ത്യ ഏർപ്പെട്ടിട്ടുണ്ട്. അംഗപരിമിതരുടെ പരിരക്ഷയ്ക്കും പ്രോത്സാഹനത്തിനുമായുള്ള യു.എൻ ഉടമ്പടിയിലും ഇന്ത്യ ഒപ്പിട്ടിട്ടുണ്ട്. 2005–ലാണ് അംഗപരിമിതർക്കായി ഒരു ദേശീയനയം ഉണ്ടാക്കിയത്. ഗവൺമെന്റും മറ്റ് ഏജൻസികളും ചേർന്നാണ് ഈ നയം നടപ്പാക്കുന്നത്.

അംഗപരിമിതർക്കായുള്ള ദേശീയ സ്ഥാപനങ്ങൾ

അംഗപരിമിതരുടെ വിവിധതരത്തിലുള്ള പ്രശ്നങ്ങൾ ഫലപ്രദമായി കൈകാര്യം ചെയ്യുന്നതിനായി സ്ഥാപിക്കപ്പെട്ടിട്ടുള്ളവയാണ് താഴെപ്പറയുന്ന സ്ഥാപനങ്ങൾ.

1. കാഴ്ച വൈകല്യം സംഭവിച്ചവർക്കായി ഡെറാഡൂണിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ വിഷലി ഹാന്റികാപ്പ്ഡ്.
2. എല്ലുകളുടെ വൈകല്യം സംഭവിച്ചവർക്കായി കൊൽക്കത്തയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഓർത്തോപീഡിക്കലി ഹാന്റിക്കാപ്പ്ഡ്.

2001 – ലെ സെൻസസ് പ്രകാരം 2.19 കോടി ആളുകൾക്കാണ് വിവിധതരത്തിലുള്ള അംഗവിഹീനത ബാധിച്ചിട്ടുള്ളത്. ജനസംഖ്യയുടെ 2.13 ശതമാനമാണിത്. കാഴ്ച, കേൾവി, സംസാരം, ബുദ്ധി എന്നിവയുടെ വൈകല്യങ്ങളും കൈകാലുകളുടെ തളർച്ചയും ബാധിച്ചവരാണ് അംഗപരിമിതരുടെ പരിധിയിൽപ്പെടുന്നത്.

3. കേൾവിത്തകരാറുകളുടെ പരിഹാരത്തിന് മുംബൈയിൽ അലി യവാർ ജംഗ് നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട്.

4. ബുദ്ധിമാന്ദ്യം സംഭവിച്ചവർക്കായി സെക്കന്ദരാബാദിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെന്റലി ഹാന്റികാപ്പ്ഡ്.

6. വിവിധ തരത്തിലുള്ള അംഗപരിമിതത്വം ബാധിച്ചവരുടെ പുനരധിവാസത്തിനും പരിശീലനത്തിനുമായി കട്ടക്കിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റീഹാബിലിറ്റേഷൻ ട്രെയിനിംഗ് ആന്റ് റിസർച്ച്.

7. വിവിധതരം അംഗപരിമിതത്വം ബാധിച്ചവർക്കായി ചെന്നൈയിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ എംപവർമെന്റ് ഓഫ് പേഴ്സൺസ്.

ഈ സ്ഥാപനങ്ങളാണ് രാജ്യത്ത് അംഗപരിമിതത്വ പരിഹാര രംഗത്ത് ഗവേഷണങ്ങൾ നടത്തുന്നതും, അംഗപരിമിതരുടെ പരിശീലനത്തിനായി പരിപാടികൾ ഏർപ്പെടുത്തുന്നതും സേവനങ്ങൾ ചെയ്യുന്നതും.

ഇതുകൂടാതെ ശ്രീനഗർ, ലക്നൗ, ഭോപ്പാൽ, സുന്ദർനഗർ, ഗുവാഹത്തി എന്നിവിടങ്ങളിലായി 5 പ്രാദേശിക പുനരധിവാസ കേന്ദ്രങ്ങളും അംഗപരിമിതർക്കായി പ്രവർത്തിക്കുന്നുണ്ട്. അംഗപരിമിതരുടെ പുനരധിവാസ രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്ക് പരിശീലനം നൽകുന്ന സ്ഥാപനങ്ങളാണിവ. ഒപ്പം അംഗപരിമിതർക്ക് പുനരധിവാസത്തിനു വേണ്ട സേവനങ്ങളും ഈ സ്ഥാപനങ്ങൾ ചെയ്യുന്നുണ്ട്. നട്ടെല്ലിന്റെ പരുക്കുകൾക്കും എല്ലുകളുടെ വൈകല്യത്തിനും ചികിത്സയും പുനരധിവാസവും ഏർപ്പെടുത്തുന്ന 4 പ്രാദേശിക പുനരധിവാസ കേന്ദ്രങ്ങൾ മൊഹാലി, കട്ടക്ക്, ജബൽപൂർ, ബെറെയ്‌ലി എന്നിവിടങ്ങളിലായി പ്രവർത്തിക്കുന്നു. അംഗപരിമിതിയുള്ളവർക്കായി കൃത്രിമ അവയവങ്ങൾ നിർമ്മിക്കുന്ന ആർട്ടിഫിഷ്യൽ ലിംബ്സ് മാനുഫാക്ചറിംഗ് കോർപ്പറേഷൻ ഓഫ് ഇൻഡ്യ (ALIMCO) കാൺപൂരിൽ പ്രവർത്തിക്കുന്നു. ഇതൊരു പൊതുമേഖലാ സ്ഥാപനമാണ്. ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് നിഷ്ക്കർഷിക്കുന്ന മാനദണ്ഡങ്ങൾക്കനുസരിച്ചുള്ള കൃത്രിമ അവയവങ്ങളാണ് അലിംകോ നിർമ്മിക്കുന്നത്. അലിംകോ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങളുടെ വിപണനം കൊൽക്കത്ത, മുംബൈ, ചെന്നൈ, ഭുവനേശ്വർ, ഡൽഹി എന്നിവിടങ്ങളിലെ പ്രാദേശിക കേന്ദ്രങ്ങൾ വഴിയാണ് നടത്തുന്നത്. ഇതിനുപുറമെ അംഗപരിമിതർക്കായുള്ള ദേശീയ സ്ഥാപനങ്ങളും സന്നദ്ധസംഘടനകളും കൃത്രിമ അവയവങ്ങളുടെ വിൽപ്പന നടത്തുന്നുണ്ട്.

സാമ്പത്തിക സഹായം

അംഗപരിമിതരുടെ സാമ്പത്തിക വികസനം ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്ഥാപനമാണ് നാഷണൽ ഹാന്റികാപ്പ്ഡ് ഫിനാൻസ് ആന്റ് ഡവലപ്പ്മെന്റ് കോർപ്പറേഷൻ (എൻ.എച്ച്.എഫ്.ഡി.സി). കേന്ദ്രഭരണപ്രദേശ ഗവൺമെന്റുകൾ ചുമതലപ്പെടുത്തുന്ന ഏജൻസികൾ വഴിയാണ് എൻ.എച്ച്.എഫ്.ഡി.സി ധനസഹായവിതരണം നടത്തുന്നത്. ഇതോടൊപ്പം ബിരുദ, ഉന്നതതലങ്ങളിലെ പഠനത്തിന് വായ്പയും എൻ.എച്ച്.എഫ്.ഡി.സി നൽകുന്നുണ്ട്. ഗുണഭോക്താക്കളുടെ ഉൽപ്പാദന യൂണിറ്റുകളുടെ മെച്ചപ്പെട്ട പ്രവർത്തനത്തിനു വേണ്ട സാങ്കേതിക, സംരംഭകത്വ സഹായങ്ങളും സ്ഥാപനം നൽകുന്നുണ്ട്. അംഗപരിമിതരുടെ സഹായത്തിനായി വേണ്ട ഉപകരണങ്ങൾ വാങ്ങുന്നതിനും, വെച്ചുപിടിപ്പിക്കുന്നതിനും വേണ്ട സഹായങ്ങളും കേന്ദ്രഗവൺമെന്റ് നൽകുന്നുണ്ട്. ഉപയോക്താക്കൾക്ക് ദീർഘകാലം ഈടുനിൽക്കുന്നതും ശാസ്ത്രീയമായി നിർമ്മിച്ചതുമായ ഉപകരണങ്ങൾ നൽകുന്നത് വഴി അവരുടെ അംഗപരിമിതിയുടെ തോത് വളരെയേറെ കുറയ്ക്കാനാകും. ഇത് അവരുടെ മാനസിക, ശാരീരിക, സാമ്പത്തിക, പുനരധിവാസത്തെ വളരെയേറെ സ്വാധീനിക്കുന്നു. സന്നദ്ധസംഘടനകളും, ദേശീയ സ്ഥാപനങ്ങളും, സാമൂഹ്യനീതി ശാക്തീകരണ വകുപ്പിനു കീഴിലുള്ള സ്ഥാപനങ്ങളും വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി കൃത്രിമ അവയവങ്ങളോ, ഉപകരണങ്ങളോ വെച്ചുപിടിപ്പിക്കുന്നതിനു വേണ്ടിവരുന്ന വൈദ്യ/ശസ്ത്രക്രിയാ ഇടപെടലുകളും ഉൾപ്പെടുന്നു.

നിയമവശങ്ങൾ സുപ്രീം കോടതി നിർദ്ദേശങ്ങൾ

ഉദ്യോഗങ്ങളിൽ അംഗപരിമിതർക്കായുള്ള മൂന്നു ശതമാനം സംവരണ ഒഴിവുകൾ മുൻഗനാടിസ്ഥാനത്തിൽ നികത്തണം എന്ന സുപ്രധാന വിധി സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുണ്ട്. അംഗപരിമിതരുടെ മനുഷ്യാവകാശങ്ങൾ പരിരക്ഷിക്കുന്നതിനും പൊതുസ്ഥലങ്ങളിലും ഓഫീസുകളിലും വേർതിരിവുകളില്ലാതെ ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ഉറപ്പാക്കണമെന്നും സുപ്രീം കോടതി ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

അംഗപരിമിതർക്കായുള്ള 1995-ലെ നിയമം

അംഗപരിമിതർക്കായി 1995-ൽ പാസ്സാക്കിയ സമഗ്രനിയമം (തുല്യഅവസരങ്ങൾ,

ശേഷം 22-ാം പേജിൽ

ഗ്രാമ പഞ്ചായത്ത്

പള്ളിക്കൽ (മലപ്പുറം ജില്ല) പഞ്ചായത്തിൽ ഇൻഫർമേഷൻ സിസ്റ്റം നിലവിൽ വന്നു

പഞ്ചായത്ത് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കി മലപ്പുറം ജില്ലയിലെ പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് പുതിയ നേട്ടം കുറിച്ചു. ഐ.എസ്.ഒ അംഗീകാരം നേടിയെടുത്ത പള്ളിക്കൽ പഞ്ചായത്തിന്റെ പ്രവർത്തന പാതയിൽ പുതിയ തിളക്കമാണ് പഞ്ചായത്ത് ഇൻഫർമേഷൻ സിസ്റ്റം. പഞ്ചായത്തിലെ എല്ലാ വിവരങ്ങളും ലോകത്തിന്റെ ഏത് കോണിൽ നിന്നും ലഭ്യമാക്കുന്ന സംവിധാനമാണിത്. ഉപഗ്രഹചാനൽ ഉപയോഗിച്ചാണിത് തയ്യാറാക്കിയത്. ജിയോഗ്രഫിക്കൽ ഇൻഫർമേഷൻ സിസ്റ്റവും ഇതിനായി ഉപയോഗിച്ചു.

പഞ്ചാത്ത് ഇൻഫർമേഷൻ സിസ്റ്റത്തിന്റെ ഉദ്ഘാടനം കേന്ദ്ര വിദേശകാര്യ സഹമന്ത്രി ഇ. അഹമ്മദ് നിർവ്വഹിച്ചു. പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ.പി. മുസ്തഫ തങ്ങൾ അദ്ധ്യക്ഷത വഹിച്ചു. സംസ്ഥാനത്ത് ആദ്യമായി സമ്പൂർണ്ണ ഐ.എസ്.ഒ അംഗീകാരമെന്ന നേട്ടത്തിന് പിന്നാലെ ആദ്യമായി പഞ്ചായത്ത് ഇൻഫർമേഷൻ സിസ്റ്റം നടപ്പാക്കുന്ന പഞ്ചായത്ത് എന്ന നേട്ടം കൈവരിക്കാൻ പള്ളിക്കൽ പഞ്ചായത്തിന് സാധ്യമായി. www.pallikal panchayat.com എന്ന സൈറ്റിൽ നിന്നും വിവരങ്ങൾ ശേഖരിക്കാനാവും.

പട്ടാമ്പി ഇനി ഇ-പഞ്ചായത്ത് (പാലക്കാട് ജില്ല)

പട്ടാമ്പി ഗ്രാമപഞ്ചായത്തിനെ ഇ-പഞ്ചായത്തായി പ്രഖ്യാപിച്ചു. പ്രസിഡന്റ് കെ.പി വാപ്പുട്ടിയുടെ അധ്യക്ഷതയിൽ സി.പി. മുഹമ്മദ് എം.എൽ.എ യാണ് പ്രഖ്യാപനം നടത്തിയത്.

ക്രഡിറ്റ് കാർഡ് ഉപയോഗിച്ച് പഞ്ചായത്തിൽ പണം അടയ്ക്കാവുന്ന പോയന്റ് ഓഫ് സെയിൽ, പഞ്ചായത്തിൽ സമർപ്പിച്ച ഫയലുകളുടെ സ്ഥിതി വിവരം വീട്ടിലിരുന്ന് ഓൺലൈൻ അറിയാവുന്ന ഫയൽട്രാക്കിംഗ് സംവിധാനം, ഇ പെയ്മെന്റ് സംവിധാനം തുടങ്ങിയവയാണ് പഞ്ചായത്തിൽ ഇതോടെ നിലവിൽ വന്നത്. ഏഴോളം സർട്ടിഫിക്കറ്റുകൾ പഞ്ചായത്തിലെത്താതെ തന്നെ ആവശ്യക്കാർക്ക് ഡൗൺലോഡ് ചെയ്തെടുക്കാം. ജില്ലയിലെ രണ്ടാമത്തെയും സംസ്ഥാനത്തെ ഏഴാമത്തെയും ഇ-പഞ്ചായത്താണ് പട്ടാമ്പി. ഫയൽട്രാക്കിംഗ് നടപ്പാക്കുന്ന ജില്ലയിലെ ആദ്യ പഞ്ചായത്തെന്ന ബഹുമതിയും പട്ടാമ്പിക്കാണ്.

ത്തുകളിലൂടെ

പഞ്ചാത്ത് ഡപ്യൂട്ടി ഡയറക്ടർ ജോസ്മാത്യു, പഞ്ചായത്ത് വൈസ്പ്രസിഡന്റ് കെ.പി. അനിത, അംഗങ്ങളായ സി. എ. സാജിത്, കെ.സി മണികണ്ഠൻ, കെ.പി. അജയകുമാർ, സി. മോഹനസുന്ദരൻ, എം.കെ. മുഷ്താഖ്, ലതാകുമാരി, ടി.പി. പ്രിയ, വ്യാപാരി വ്യവസായി ഏകോപനസമിതി പ്രസിഡന്റ് ബാബു കോട്ടയിൽ, ചേംബർ ഓഫ് കോമേഴ്സ് പ്രസിഡന്റ് പി. കോയണ്ണി, പഞ്ചായത്ത് സെക്രട്ടറി പി. ആർ. അമ്മിണി, അസി. സെക്രട്ടറി വി. കാർത്തികേയൻ തുടങ്ങിയവർ സംസാരിച്ചു. പഞ്ചാത്ത് ഓഫീസുമായി ബന്ധപ്പെട്ട ആവശ്യങ്ങൾക്ക് www.tax.lsgkerala.gov.in എന്ന സൈറ്റിലാണ് ബന്ധപ്പെടേണ്ടത്.

പഞ്ചായത്ത്‌രാജ് മാസികയിലേക്കുള്ള ലേഖനങ്ങളും വാർത്തകളും അയക്കേണ്ട വിലാസം: പബ്ലിസിറ്റി ആഫീസർ, പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം. പി.ഒ., തിരുവനന്തപുരം-695 033
ഫോൺ: 9447010166 E-mail: prodp12@gmail.com

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് (ആലപ്പുഴ ജില്ല)

പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത്-അർഹരായ എല്ലാവർക്കും പെൻഷൻ അനുവദിച്ച് സമ്പൂർണ്ണ പെൻഷൻ പഞ്ചായത്ത് എന്ന പദവി നേടിയ ആദ്യ പഞ്ചായത്തായി മാറി. കേരളത്തിൽ ആദ്യമായിട്ടാണ് ഒരു ഗ്രാമപഞ്ചായത്ത് സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പ്രഖ്യാപിക്കുന്നത്. ഇതിനായി ഗ്രാമപഞ്ചായത്ത് നിലവിൽ ക്ഷേമ പെൻഷൻ ലഭിക്കാത്തവർക്ക് അപേക്ഷ സമർപ്പിക്കുന്നതിനായി വ്യാപകമായ പ്രചാരണം നടത്തി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രവർത്തനങ്ങൾ വാർഡ് തലത്തിൽ സംഘടിപ്പിച്ചു.

പ്രഖ്യാപനം തീരുമാനിച്ചിരുന്നതിന് 10 ദിവസം മുമ്പേ (22.11.13ൽ) ഡി.ഡി.പി യുടെ നേതൃത്വത്തിൽ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനായി ആലോചനായോഗം ചേർന്ന ഹാളിൽ വെച്ച് തന്നെ ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥരുടേയും ഗുണഭോക്താക്കളുടേയും സാന്നിദ്ധ്യം കൊണ്ടു ധന്യമായ സദസ്സിൽ വച്ച് ആലപ്പുഴ എം.എൽ.എ ജി. സുധാകരൻ അർഹതപ്പെട്ടവർക്കെല്ലാം പെൻഷൻ അനുവദിച്ച് സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തായി പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്തിനെ പ്രഖ്യാപിച്ചു. പഞ്ചായത്ത് പ്രസിഡന്റ് എം. ത്യാഗരാജൻ, ഡിഡിപി കെ. പി. സാബുക്കുട്ടൻ നായർ, മറ്റ് ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. ■

പേജ് 19-ന്റെ തുടർച്ച

അവകാശ സംരക്ഷണം, പൂർണ്ണ പങ്കാളിത്തം) 1996 ഫെബ്രുവരിയിൽ നടപ്പായി. ഈ നിയമംപ്രകാരം കേന്ദ്ര, സംസ്ഥാന തലങ്ങളിൽ അംഗപരിമിതരുടെ പുനരധിവാസം സംബന്ധിച്ച വിദ്യാഭ്യാസം, തൊഴിൽ, തൊഴിൽ പരിശീലനം, വേർതിരിവുകളില്ലാത്ത സാഹചര്യം, പുനരധിവാസ സേവനങ്ങൾ, സ്ഥാപനതല സേവനങ്ങൾ, സാമൂഹ്യ സുരക്ഷാസംവിധാനങ്ങൾ, തൊഴിലില്ലായ്മ വേതനം, പരാതി പരിഹാര സംവിധാനം എന്നിവ നടപ്പാക്കേണ്ടതുണ്ട്. ഈ നിയമത്തിലെ 57-ാം വകുപ്പുപ്രകാരമുള്ള ഒരു സുപ്രധാന സ്ഥാപനമാണ് ചീഫ് കമ്മീഷണർ ഫോർ പേഴ്സൺസ് വിത്ത് ഡിസ്എബിലിറ്റീസ്. അംഗപരിമിതർക്കായുള്ള സംസ്ഥാന കമ്മീഷണറുകളുടെ പ്രവർത്തന ഏകോപനം, അംഗപരിമിതരുടെ അവകാശങ്ങളും സൗകര്യങ്ങളും പരിരക്ഷിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ഇതു സംബന്ധിച്ച പരാതികളിൽ തീർപ്പുണ്ടാക്കുന്നതും കമ്മീഷണറുകളുടെ ജോലിയാണ്. അംഗപരിമിതരുടെ ക്ഷേമത്തിനായുള്ള നിയമങ്ങളോ നടപടികളോ ലംഘിക്കപ്പെടുന്നതായി ബോദ്ധ്യപ്പെടാൻ ചീഫ് കമ്മീഷണർക്ക് അതുസംബന്ധിച്ച് നോട്ടീസ് പുറപ്പെടുവിച്ച് അന്വേഷണം നടത്തി നടപടിയെടുക്കാവുന്നതാണ്. 1999 -ലെ നാഷണൽ ട്രസ്റ്റ് ഫോർ ദി വെൽഫെയർ ഓഫ് പേഴ്സൺസ് വിത്ത് ഓട്ടിസം, സെറിബ്രൽ പാൾസി, മെന്റൽ റിട്ടാർഡേഷൻ ആന്റ് മൾട്ടിപ്പിൾ ഡിസ്എബിലിറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ് ദി നാഷണൽ ട്രസ്റ്റ് ഫോർ ഡിസ്ഏബിൾഡ്.

ഉദ്യോഗങ്ങളിൽ അംഗപരിമിതർക്കായുള്ള മൂന്നു ശതമാനം സംവരണ ഒഴിവുകൾ മുൻഗനാടിസ്ഥാനത്തിൽ നികത്തണം എന്ന സുപ്രധാന വിധി സുപ്രീം കോടതി പുറപ്പെടുവിച്ചിട്ടുണ്ട്. അംഗപരിമിതരുടെ മനുഷ്യാവകാശങ്ങൾ പരിരക്ഷിക്കുന്നതിനും പൊതുസ്ഥലങ്ങളിലും ഓഫീസുകളിലും വേർതിരിവുകളില്ലാതെ ജോലി ചെയ്യുന്നതിനുള്ള സാഹചര്യം ഉറപ്പാക്കണമെന്നും സുപ്രീം കോടതി ഗവൺമെന്റിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

വൈകല്യമുള്ളവരെ പരമാവധി സ്വതന്ത്രരായി, സ്വാശ്രയരായി ജീവിക്കുന്നതിന് ശാക്തീകരിക്കുക എന്നതാണ് ട്രസ്റ്റിന്റെ മുഖ്യലക്ഷ്യം. ഒപ്പം അംഗപരിമിതരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കുന്ന സംഘടനകൾക്ക് പിന്തുണയും നൽകുന്നു. കൂടാതെ ഒരു നിയമപരമായ രക്ഷാകർത്താവിന്റെ സംരക്ഷണം ആവശ്യമുള്ള അംഗപരിമിതർക്ക് അത്തരത്തിലുള്ള ആളുകളെ നിയമിച്ചു നൽകുന്നതും ട്രസ്റ്റിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

വൈകല്യമുള്ളവരെ പരമാവധി സ്വതന്ത്രരായി, സ്വാശ്രയരായി ജീവിക്കുന്നതിന് ശാക്തീകരിക്കുക എന്നതാണ് ട്രസ്റ്റിന്റെ മുഖ്യലക്ഷ്യം. ഒപ്പം അംഗപരിമിതരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കുന്ന സംഘടനകൾക്ക് പിന്തുണയും നൽകുന്നു. കൂടാതെ ഒരു നിയമപരമായ രക്ഷാകർത്താവിന്റെ സംരക്ഷണം ആവശ്യമുള്ള അംഗപരിമിതർക്ക് അത്തരത്തിലുള്ള ആളുകളെ നിയമിച്ചു നൽകുന്നതും ട്രസ്റ്റിന്റെ ലക്ഷ്യങ്ങളിൽപ്പെടുന്നു.

റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ

1992-ലെ റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ ആക്ട് പ്രകാരം സ്ഥാപിക്കപ്പെട്ട സ്റ്റാറ്റ്യൂട്ടറി സ്ഥാപനമാണ് റീഹാബിലിറ്റേഷൻ കൗൺസിൽ ഓഫ് ഇന്ത്യ. അംഗപരിമിതർക്കായുള്ള പുനരധിവാസ രംഗത്തും, സ്പെഷ്യൽ എഡ്യൂക്കേഷൻ രംഗത്തും പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്ക് പരിശിലനം നൽകുന്നതും ഇതു സംബന്ധിച്ച നയങ്ങൾ രൂപപ്പെടുത്തുന്നതും നിയന്ത്രിക്കുന്നതും കൗൺസിലാണ്. രാജ്യത്തെ വിവിധ പരിശീലന സ്ഥാപനങ്ങളിലെ പരിശീലന കോഴ്സുകൾ നിലവാരമുള്ളതാക്കിത്തീർക്കുന്നതും നിയന്ത്രിക്കുന്നതും കൗൺസിലിന്റെ മേൽനോട്ടത്തിലാണ്. അംഗപരിമിതരുടെ പുനരധിവാസത്തിന് വേണ്ട പരിശീലന കോഴ്സുകൾ നടത്തുന്ന രാജ്യത്തിനകത്തും പുറത്തുമുള്ള സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുക, അംഗപരിമിതരുടെ പുനരധിവാസം, സ്പെഷ്യൽ എഡ്യൂക്കേഷൻ രംഗത്ത് പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്ക് അംഗീകാരം നൽകുക, തുടർപുനരധിവാസ, വിദ്യാഭ്യാസ പരിപാടികൾ അംഗപരിമിതരുടെ പുനരധിവാസ രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുമായി ചേർന്ന് നടപ്പാക്കുക എന്നിവയും കൗൺസിലിന്റെ ചുമതലയിൽപ്പെടുന്നു. ■

(ലേഖനത്തിലെ അഭിപ്രായങ്ങൾ ലേഖകന്റേതു മാത്രം.

ലേഖകൻ ഭോപ്പാൽ പി.ഐ.ബി അഡീഷണൽ ഡയറക്ടർ ജനറലാണ്.)

കടപ്പാട്: പ്രസ്സ് ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

ജോൺ എസ്. ജെയിംസ്

വീണ്ടും പാളത്തിലായ ആസൂത്രണം

1992-ലെ 73-ാം 74-ാം ഭരണഘടനാ ഭേദഗതികളിലൂടെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് കൂടുതൽ അധികാരങ്ങളും ചുമതലകളും കൈമാറുകയും സംസ്ഥാനതല നിയമനിർമ്മാണത്തിലൂടെ കൂടുതൽ വിഷയങ്ങളിൽ നികുതികൾ ഏർപ്പെടുത്തുന്നതിനും, തൃണമൂലതലത്തിൽ പദ്ധതികൾ രൂപീകരിച്ച് നടപ്പാക്കുന്നതിനും തദ്ദേശ ഭരണ സ്ഥാപനങ്ങളെ പ്രാപ്തമാക്കത്തക്ക വിധം നിയമ നിർമ്മാണം നടത്തുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ഇതനുസരിച്ച് 1994-ൽ തന്നെ അധികാര കൈമാറ്റത്തിനും, പദ്ധതി രൂപീകരണത്തിനും ആവശ്യമായ സംസ്ഥാന നിയമങ്ങൾ പാസാക്കിയെങ്കിലും നിയമത്തിൽ രൂപീകരിക്കണമെന്ന് ആവശ്യപ്പെട്ട ചട്ടങ്ങൾ സംസ്ഥാന സർക്കാർ പുറപ്പെടുവിച്ചിരുന്നില്ല. നിയമത്തിലെ വകുപ്പുകളിൽ പദ്ധതി രൂപീകരിക്കേണ്ടതും നടപ്പാക്കേണ്ടതും നിർദ്ദേശിക്കപ്പെട്ട പ്രകാരം, അതായത് ചട്ടങ്ങളിലൂടെ ആയിരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു എങ്കിലും, തൊണ്ണൂറുകളുടെ ഉത്തരാർദ്ധത്തിൽ നിലവിൽ വന്ന സംസ്ഥാന സർക്കാർ വികേന്ദ്രീകൃത ആസൂത്രണത്തെ ജനകീയാസൂത്രണമെന്ന് നാമകരണം ചെയ്യുകയും, ഭരണഘടനാ ഭേദഗതിയും സംസ്ഥാന നിയമവും നിർദ്ദേശിച്ച നടപടിക്രമങ്ങൾ നിരാകരിച്ച് കൊണ്ട് പദ്ധതി രൂപീകരണത്തേയും നടപ്പാക്കലിനേയും ജനപങ്കാളിത്തത്തിന്റെ പേരിൽ ഒരു കാമ്പെയിൻ ആക്കിതീർത്തു. അങ്ങനെ വികേന്ദ്രീകൃത ആസൂത്രണം പാളം തെറ്റി ജനകീയ ആസൂത്രണമായി ഭവിച്ചു. ചട്ടങ്ങൾ ഉണ്ടായിരിക്കേണ്ട സ്ഥാനത്ത് ചില മാർഗ്ഗ നിർദേശങ്ങൾ മാത്രമായി. പിന്നീട് വന്ന സർക്കാർ അധികാര കൈമാറ്റവും സർക്കാർ സ്ഥാപനങ്ങളുടെ കൈമാറ്റവും നടത്തിയെങ്കിലും പദ്ധതി രൂപീകരണത്തിനും നടത്തിപ്പിനുമായുള്ള ചട്ടങ്ങൾ രൂപീകരിക്കാതെ സർക്കാർ ഉത്തരവുകളിലൂടെ കാര്യങ്ങൾ നടത്തിപ്പോന്നു. നാളിതുവരെ പദ്ധതി ചട്ടങ്ങൾ രൂപീകരിക്കാത്തതിനാൽ ഭരണഘടനാ ഭേദഗതികളുടേയോ സംസ്ഥാന നിയമത്തിൽ വരുത്തിയ ഭേദഗതികളുടേയോ പ്രയോജനം തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് ലഭ്യമാകുന്നില്ലായെന്നത് പകൽപോലെ വ്യക്തമാണ് എന്ന് നിയമദൃഷ്ടി മുൻലക്കങ്ങളിൽ കാര്യകാരണ സഹിതം വ്യക്തമാക്കിയിരുന്നു. ആവർത്തന വിരസത ഭയന്ന് ആവക കാര്യങ്ങൾ ഈ ലേഖന പരമ്പരകളിൽ ഇനി ഉൾപ്പെടുത്തുന്നില്ല. വിഷയം സർക്കാർ തീരുമാനത്തിന് വിടുന്നു.

1992-ലെ ഭരണഘടനാ ഭേദഗതികളുടെ ചരിത്രപരമായ സാഹചര്യം ഹ്രസ്വമായി പരാമർശിച്ച് കൊണ്ട് ഈ ലേഖന പരമ്പര ഉപസംഹരിക്കുന്നു.

1990-കളുടെ ആരംഭത്തിൽ ഈ രാജ്യത്തെ സാധാരണക്കാർക്കും പട്ടിണി പാവങ്ങൾക്കും വേണ്ടി തൃണമൂല തലത്തിൽ (ഗ്രാസ് റൂട്ട് ലെവലിൽ) സാമ്പത്തിക ഉന്നമനത്തിനും സാമൂഹിക ക്ഷേമത്തിനുമായി നിയമം മൂലം പദ്ധതികൾ രൂപീകരിക്കുകയും നടപ്പിലാക്കുകയും ചെയ്യുന്നതിന് ഭരണഘടനാ വ്യവസ്ഥകൾ ഉരുതിരിച്ചു കൊണ്ടും സർക്കാരിന്റെ അധികാരങ്ങളും ചുമതലകളും താഴത്തെ തട്ടുകളിലേക്ക്, പ്രായോഗികമായ തോതിൽ കൈമാറ്റം ചെയ്തും പകുത്ത് നൽകി കൊണ്ട് തദ്ദേശ സ്വയംഭരണം ശക്തിമത്ത് ആക്കി കൊണ്ടും ഒരു ശബ്ദ രഹിത രക്തരഹിത വൻ സാമൂഹ്യ വിപ്ലവത്തിന്, ഒരു വൻ കുതിച്ച് ചാട്ടത്തിന് തിരി കൊളുത്തിയത്, കഴിഞ്ഞ നൂറ്റാണ്ടിലെ മഹാനായ കർമ്മയോഗി എന്ന് വിശേഷിപ്പിക്കാവുന്ന ശ്രീ.മണി ശങ്കർ അയ്യർ തന്നെയാണ് എന്ന് വരും തലമുറ തിരിച്ചറിയും. ഗ്രാമ സ്വരാജ് എന്ന മഹാത്മ ഗാന്ധിയുടെ വിദൂര സ്വപ്നം സാക്ഷാത്കരിക്കുകയാണ്, ശ്രീ.ബൽവന്ത് റായി മേത്തയുടെ ദീർഘകാല ശ്രമങ്ങൾ സഫലീകരിക്കുകയാണ്, ഇതിലൂടെ ശ്രീ.മണിശങ്കർ അയ്യർ നിർവ്വഹിച്ചത്.

മലയാള നാട്ടിലെ രാജവീഥികളിലൂടെ തകരപ്പാട്ടകാറുകൾ ചുമച്ചും തുപ്പിയും മൂളിയും ഞരങ്ങിയും നീങ്ങിയിരുന്ന ഒരു കാലം നമുക്ക് മറക്കാറായിട്ടില്ല. ഇവറ്റകളെ ജീപ്പുകളിൽ കെട്ടിവലിച്ച് വർക്ഷോപ്പുകളിലേക്ക് കൊണ്ടു പോകുന്ന കാഴ്ച്ചയും അല്പം തലമൂത്തവരുടെ ഓർമ്മയിൽ തങ്ങി നിൽപ്പുണ്ടാവും.

പുതുതലമുറയിൽപ്പെട്ട ശാസ്ത്രജ്ഞരും സാമ്പത്തിക വിചക്ഷണരും സാമൂഹ്യ ചിന്തകരും ഭരണ ചക്രം തിരിക്കുന്നവർക്ക് ദിശാബോധം നൽകി തുടങ്ങിയപ്പോഴാണ്, മാരുതി സുസൂക്കിയെപ്പോലെ പുതു തലമുറയിലെ കാറുകൾ ജനം സ്വപ്നം കാണാൻ തുടങ്ങിയത്. തുടർന്ന് വളഞ്ഞു പുളഞ്ഞ് പോയ രാജവീഥികൾ പൊടുന്നനെ ഹൈവേകളും സ്പീഡ്‌വേകളുമായി. സ്കോഡ, ഷെവർലെ, ഫോർഡ് തുടങ്ങിയ ഇന്ത്യൻ നിർമ്മിത വിദേശ കാറുകൾ ചീറിപ്പായാൻ തുടങ്ങി. വിദ്യാസമ്പന്നരും ആരോഗ്യമുള്ളവരും വിദേശത്ത് ജോലി തേടിപ്പോയി, വരും തലമുറയ്ക്കായി, നാടിന് വേണ്ടി, സമ്പാദിച്ചു.

ഇവിടെ സാമ്പത്തിക സാമൂഹ്യ ഉയർച്ച എപ്പോഴെൊക്കെ ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം ഭരണ കേന്ദ്രങ്ങളിൽ ചിന്തായന്ത്രം ചലിപ്പിച്ചിരുന്നത് ശ്രീ മണിശങ്കർ അയ്യരെ പോലെയുള്ള ക്രാന്ത ദർശികളായ കർമ്മയോഗികളാണ്. ഇന്ന് കാണുന്ന സാമ്പത്തിക ഉന്നമനത്തിന്റെയും സാമൂഹ്യ ക്ഷേമത്തിന്റെയും വിധാതാക്കൾ ഇവരാണ്, ഇവർ മാത്രമാണ് എന്ന സത്യം ഇന്നത്തെ തലമുറ, ഇപ്പോൾ തിരിച്ചറിഞ്ഞു കഴിഞ്ഞു.



ബീഹാറിലും, ബംഗാളിലും ഉള്ളവർ മലയാള നാടിനെ അവരുടെ ഗൾഫ് രാജ്യം ആക്കി തീർത്തു. ഹരിത വിപ്ലവവും ധവള വിപ്ലവവും ഈ നാട്ടിൽ അരങ്ങേറിയത്, കാലം തങ്ങൾക്ക് തുല്യം ചാർത്തി നൽകിയ കർമ്മങ്ങൾ അത്യുത്സാഹത്തോടെ ചെയ്ത് തീർത്ത ഡോ.സ്വാമിനാഥൻ, ഡോ.കുര്യൻ എന്നീ ശാസ്ത്രജ്ഞരും ഗവേഷകരുമായ കർമ്മയോഗികൾ മുഖേനയാണ്. ഐ.ടി.രംഗത്തും ബഹിരാകാശ രംഗത്തും മറ്റ് രാജ്യക്കാരെ ഞെട്ടിക്കുന്ന വികാസ വിസ്ഫോടനങ്ങൾ ഉണ്ടായപ്പോൾ, ഡോ.പെട്രോഡാ ടെലഫോൺ മേഖലയിൽ അത്ഭുതം സൃഷ്ടിച്ചപ്പോൾ, ശ്രീധർജി മെട്രോ ട്രെയിനുകൾ ഭാരതത്തിലും ഈ കൊച്ച് കേരളത്തിലും സാധ്യമാക്കിയപ്പോൾ, ഒരു കക്ഷി രാഷ്ട്രീയ - സൈദ്ധാന്തിക - വിചാര ധാരകളും ഇവർക്ക് തുണയായി ഉണ്ടായിരുന്നില്ല. കൊടും സൈദ്ധാന്തികത്തിന്റെ കാലഹരണപ്പെട്ട രാഗസൂക്തങ്ങൾ ചിലർ വഴിയോരങ്ങളിലിരുന്ന് ശ്രുതി മീട്ടുമ്പോഴാണ് ഇപ്പറഞ്ഞ മാറ്റങ്ങൾ ഇവിടെ അരങ്ങേറുന്നത് എന്ന് ഓർക്കണം. ഇവിടെ സാമ്പത്തിക സാമൂഹ്യ ഉയർച്ച എപ്പോഴെൊക്കെ ഉണ്ടായിട്ടുണ്ടോ അപ്പോഴെല്ലാം ഭരണ കേന്ദ്രങ്ങളിൽ ചിന്തായന്ത്രം ചലിപ്പിച്ചിരുന്നത് ശ്രീ മണിശങ്കർ അയ്യരെ പോലെയുള്ള ക്രാന്ത ദർശികളായ കർമ്മയോഗികളാണ്. ഇന്ന് കാണുന്ന സാമ്പത്തിക ഉന്നമനത്തിന്റെയും സാമൂഹ്യ ക്ഷേമത്തിന്റെയും വിധാതാക്കൾ ഇവരാണ്, ഇവർ മാത്രമാണ് എന്ന സത്യം ഇന്നത്തെ തലമുറ, ഇപ്പോൾ തിരിച്ചറിഞ്ഞു കഴിഞ്ഞു.

1992-ലെ ഭരണഘടനാ ഭേദഗതിക്കനുസൃതമായി 1994-ൽ തന്നെ അടിയന്തിരമായി ആവശ്യമുള്ള നിയമനിർമ്മാണം പൂർത്തിയായിരുന്നു. എന്നാൽ പിന്നീട് നിയമത്തിനനുസരിച്ചുള്ള വികേന്ദ്രീകൃത ആസൂത്രണത്തിന് ചട്ടങ്ങൾ ഉണ്ടായതേയില്ല. പകരം നടപ്പായത് ജനകീയാസൂത്രണമായിരുന്നു. ചില മാർഗ്ഗനിർദേശങ്ങൾ മാത്രം അനുസരിച്ച് നടപ്പാക്കിയ ജനകീയാസൂത്രണം അമ്പേ പരാജയം ആയിരുന്നു എന്ന് ഇതിന്റെ സംഘാടകർ തന്നെ തുറന്ന് സമ്മതിക്കുകയും ചെയ്തു. സ്ഥാപനവൽക്കരണത്തിന്റെ അഭാവത്തിലാണ് ജനകീയാസൂത്രണം പരാജയപ്പെട്ടത് എന്നും കണ്ടെത്തി.



ഹരിത വിപ്ലവവും ധവള വിപ്ലവവും ഈ നാട്ടിൽ അരങ്ങേറിയത്, കാലം തങ്ങൾക്ക് തുല്യം ചാർത്തി നൽകിയ കർമ്മങ്ങൾ അത്യുത്സാഹത്തോടെ ചെയ്ത് തീർത്ത ഡോ. സ്വാമിനാഥൻ, ഡോ. കുര്യൻ എന്നീ ശാസ്ത്രജ്ഞരും ഗവേഷകരുമായ കർമ്മ യോഗികൾ മുഖേനയാണ്. ഐ. ടി. രംഗത്തും ബഹിരാകാശ രംഗത്തും മറ്റ് രാജ്യക്കാരെ ഞെട്ടിക്കുന്ന വികാസ വിസ്ഫോടനങ്ങൾ ഉണ്ടായപ്പോൾ, ഡോ. പെട്രോഡാ ടെലഫോൺ മേഖലയിൽ അത്ഭുതം സൃഷ്ടിച്ചപ്പോൾ, ശ്രീധർജി മെട്രോ ട്രെയിനുകൾ ഭാരതത്തിലും ഈ കൊച്ച് കേരളത്തിലും സാധ്യമാക്കിയപ്പോൾ, ഒരു കക്ഷി രാഷ്ട്രീയ – സൈദ്ധാന്തിക – വിചാര ധാരകളും ഇവർക്ക് തുണയായി ഉണ്ടായിരുന്നില്ല.

ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതി ചട്ടങ്ങൾ രൂപീകരിക്കാനും പുറപ്പെടുവിക്കാനും ശ്രമങ്ങൾ തുടങ്ങിയിരുന്നു. ജനകീയ ആസൂത്രണത്തിന്റെ നടപടി ക്രമങ്ങൾ അനുസരിച്ചുള്ള ഒരു കരട് ചട്ടങ്ങളാണ് 2011–ൽ തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചത്. ജനകീയാസൂത്രണം പാടെ ഉപേക്ഷിക്കുകയും മാർഗ്ഗ നിർദ്ദേശങ്ങൾ പലപ്രാവശ്യം പുതുക്കുകയും ചെയ്ത് കഴിഞ്ഞ സാഹചര്യത്തിൽ നിലവിൽ സർക്കാരിന്റെ പരിഗണനയിലുള്ള കരട് ചട്ടങ്ങൾ വികേന്ദ്രീകൃത ആസൂത്രണം നടപ്പാക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നയങ്ങൾക്കും സർക്കാർ ഉദ്ദേശിക്കുന്ന നടപടിക്രമങ്ങൾക്കും അനുരൂപമാണോ എന്ന് പരിശോധിച്ച് കരട് ചട്ടങ്ങൾ പുറപ്പെടുവിക്കുവാൻ നടപടി എടുക്കണമെന്ന് അധികാര വികേന്ദ്രീകരണ കൺസൾട്ടറ്റീവ് കമ്മിറ്റി 2012–ൽ സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു. ഈ കരട് ചട്ടങ്ങൾ സർക്കാരിന്റെ പരിഗണനയിലാണ്.

22–10–2012–ലെ ജി.ഒ.എം.എസ്. 273/12/ത.സ്വ.ഭ.വ. അനുസരിച്ച് അധികാരവികേന്ദ്രീകരണം സ്ഥാപനവൽക്കരിക്കുന്ന പ്രക്രിയയക്ക് മാർഗ്ഗ നിർദ്ദേശം നൽകുന്നതിലേക്ക് ഒരു തദ്ദേശ ഭരണ കമ്മീഷൻ രൂപീകരിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. മുമ്പ് അധികാര വികേന്ദ്രീകരണ കമ്മിറ്റി നിർവ്വഹിച്ചിരുന്ന ജോലികളും ഈ കമ്മീഷനാണ് ഇപ്പോൾ നിർവ്വഹിക്കുന്നത്. ഈ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ പറഞ്ഞിട്ടുള്ള കാര്യങ്ങളിൽ പ്രഥമവും പ്രധാനവുമായ കാര്യം, നിലവിൽ ഉള്ള നിയമങ്ങളും ചട്ടങ്ങളും പുന:പരിശോധിക്കുകയും അതിൽ വരുത്തേണ്ട ഭേദഗതികളും കൂട്ടിച്ചേർക്കലുകളും സംബന്ധിച്ച് സർക്കാരിന് മുമ്പാകെ നിർദ്ദേശം വയ്ക്കുകയുമാണ്. ഇതനുസരിച്ച് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ പരിഗണിക്കേണ്ട ഒരു കാര്യമാണ് പഞ്ചായത്ത് പദ്ധതി (രൂപീകരണവും നടപ്പാക്കലും മോണിറ്ററിംഗും ചെയ്യൽ) ചട്ടങ്ങൾ. ഈ ചട്ടങ്ങൾ പരിശോധിക്കുകയും തീർപ്പാക്കുകയും ചെയ്യുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് അറിയുന്നു.

വികേന്ദ്രീകൃത ആസൂത്രണം പുതിയ ചട്ടങ്ങൾ പുറപ്പെടുവിക്കുന്നതോടുകൂടി പാളത്തിലാകുമെന്ന് പഞ്ചായത്ത്കൾക്ക് പ്രതീക്ഷിക്കാം. ഭരണഘടനാ ഭേദഗതികളും അതോടു കൂടി സഫലീകൃതമാകും.

വാൽകഷ്ണം

ശിഷ്യൻ:

ആശാനെ, ജനകീയാസൂത്രണവും ആസൂത്രണവും തമ്മിലെന്താണ് വ്യത്യാസം?

ആശാൻ: ജനകീയാസൂത്രണം എന്നാൽ, ജനങ്ങൾ ജനങ്ങളാൽ, ജനങ്ങൾക്കു വേണ്ടി നടത്തുന്ന ഒരു തരം ആസൂത്രണം എന്നാണർത്ഥം. അതിന് പദ്ധതി വേണമെന്നില്ല. പദ്ധതി അതിൽ ഒരു വിഷയമേയല്ല. പക്ഷേ പദ്ധതിയാസൂത്രണമെന്നാൽ,പദ്ധതി എന്ത്,എങ്ങിനെ, എന്തിന്,എന്നീ കാര്യങ്ങളെകുറിച്ചുള്ള ഒരു രൂപരേഖയാണ്. അതിൽ കേന്ദ്ര വിഷയം പദ്ധതി തന്നെയാണ്.

ശിഷ്യൻ:

അപ്പോൾ ഇനി ഉറങ്ങാൻ കള്ള് വേറെ കുടിക്കണമെന്നോ ?

ആശാൻ:

അതേയതേ!!!! വേറെ കുടിച്ചേ തീരു.

(മദ്യപാനം ആരോഗ്യത്തിന് ഹാനികരം) ■

ലേഖകൻ: സെക്രട്ടറിയേറ്റ് ലാ ഡിപ്പാർട്ട്മെന്റിൽ നിന്നും അഡീഷണൽ സെക്രട്ടറിയായി വിരമിച്ചതാണ്.

വി.കെ. ശ്രീധരൻ

സമ്പത്തിനുമാത്രം ഊന്നൽ കൊടുത്ത് സൗഹൃദവും സമാധാനവും നഷ്ടപ്പെട്ടവരുടേതാണ് ഇന്നത്തെ തലമുറ. അതിനാൽ ആധിവ്യാധികളകറ്റാനും ആഹ്ലാദത്തിനും പൈതൃകത്തിന്റെ കൈതാങ്ങ്. കടുത്ത മാനസിക പിരിമുറുക്കത്തിൽ തളർന്നുപോകുമ്പോൾ ലോകത്തിന്റെ ഏതുകോണിലായാലും ഫോണിൽ അമ്മയെ വിളിക്കണമെന്ന് യൂണിവേഴ്സിറ്റി ഓഫ് വിസ്കോൺസൻ മാഡിസണിലെ ഗവേഷകർ.

നാടോടി വിജ്ഞാനീയം

വഴിയും മൊഴിയും

ഏതൊരു വിജ്ഞാന ശാഖയും മാറ്റത്തിന് വിധേയമാണ്. ഫോക്‌ലോറും ഇതിനു അപവാദമല്ല. നിരീക്ഷണം, പരീക്ഷണം, നിഗമനം എന്നിങ്ങനെ ചിട്ടപ്പെടുത്തിയ ശാസ്ത്രീയവും യുക്തിഭദ്രവുമായ നൂറ്റാണ്ടുകളുടെ ആർജ്ജിത വിജ്ഞാനമാണ് നാട്ടറിവുകൾ. പിറന്നുവീണ സന്ദർഭത്തിലും കാലത്തും പ്രസക്തവും അർത്ഥപൂർണ്ണവുമായിരുന്ന ഇവയിൽ ചിലത് ഇപ്പോൾ അപ്രായോഗികമായേക്കാം. ഏതൊരു വിജ്ഞാന മേഖലയും പോലെ നാട്ടറിവുകൾ കാലോചിതമായി പുതുക്കപ്പെടേണ്ടതുണ്ട്. ഭൂമി പരന്നതാണെന്ന് വിശ്വസിക്കുകയും പിന്നീട് ഉരുണ്ടതാണെന്നും അവസാനം അണ്ഡാകൃതിയിലുള്ളതാണെന്നും കണ്ടെത്തി. നവഗ്രഹങ്ങളുടെ സ്ഥാനത്ത് ഇപ്പോൾ എട്ടെണ്ണമേയുള്ളൂ. പല ഇംഗ്ലീഷ് മരുന്നുകളും ആരോഗ്യത്തിന് ഹാനികരമായതിനാൽ നിരോധിക്കപ്പെടുന്നു. രാസകൃഷിയിൽ നിന്നും സർക്കാർ ജൈവകൃഷിയിലേക്ക് തിരിയുന്നു. നാം ആരായിരുന്നുവെന്നും എങ്ങനെ ജീവിച്ചിരുന്നുവെന്നും മനസ്സിലാക്കാൻ നാട്ടുവഴക്കങ്ങൾ. സ്വന്തം ഉല്പത്തിയെക്കുറിച്ചറിയാൻ കടുത്ത വില നല്കിയും കണികാപരീക്ഷണത്തിലേർപ്പെട്ടു വിജയിച്ചിരിക്കുകയാണ് ലോകം.

പൂർവ്വികരുടെ ലോകവീക്ഷണവും ചിന്തകളും ആശകളും ആശങ്കകളും ഉപദേശങ്ങളും താക്കീതുകളും പ്രതിഫലിക്കുന്നത് നാട്ടറിവുകളിലൂടെ കൃഷിരീതികൾ, നാട്ടുവൈദ്യം, ആചാരാനുഷ്ഠാനങ്ങൾ, ആഘോഷങ്ങൾ, പഴഞ്ചൊല്ലുകൾ, കടംകഥകൾ, കഥകൾ കലകൾ, കരകൗശലം തുടങ്ങി സുജീവിതത്തിലേക്കുള്ള ഒട്ടനവധി മേഖലകളിലേക്ക് വാതായനങ്ങൾ തുറക്കപ്പെടേണ്ടതാണ്. സമ്പത്തിനുമാത്രം ഊന്നൽ കൊടുത്ത് സൗഹൃദവും സമാധാനവും നഷ്ടപ്പെട്ടവരുടേതാണ് ഇന്നത്തെ തലമുറ. അതിനാൽ ആധിവ്യാധികളകറ്റാനും ആഹ്ലാദത്തിനും പൈതൃകത്തിന്റെ കൈതാങ്ങ്. കടുത്ത മാനസിക പിരിമുറുക്കത്തിൽ തളർന്നുപോകുമ്പോൾ ലോകത്തിന്റെ ഏതുകോണിലായാലും ഫോണിൽ അമ്മയെ വിളിക്കണമെന്ന് യൂണിവേഴ്സിറ്റി ഓഫ് വിസ്കോൺസൻ മാഡിസണിലെ ഗവേഷകർ. അമ്മയുടെ ശബ്ദം കേൾക്കുന്നതോടെ എല്ലാ ടെൻഷനും പമ്പകടക്കുമെന്നാണ് അവരുടെ കണ്ടെത്തൽ. മുത്തശ്ശന്റേയും മുത്തശ്ശിയുടേയും അടുത്ത് കിടന്നുറങ്ങുന്ന കുട്ടിക്ക് പൂർണ്ണ സുരക്ഷിതത്വബോധമുണ്ടെന്ന് പഠനങ്ങൾ. ഹോം നഴ്സുകളുടേയും വേലക്കാരികളുടേയും സാമിപ്യ

ത്തിൽ നിന്ന് വ്യത്യസ്തമായി കുടുംബ ക്കാരിലെ പ്രോട്ടോപ്ലാസം ഒന്നായതിനാലാണിത്. ആധുനിക സമൂഹത്തിന്റെ അസ്വസ്ഥതകൾക്കാധാരം പ്രധാനമായും പ്രകൃതിയിൽ നിന്നും പൈതൃകത്തിൽ നിന്നും അന്യവത്കരിക്കപ്പെട്ടതാണ്.

പഴമനസ്സുകളിലാണ് ചരിത്രം കൂടുവെക്കുന്നതും ഓർമ്മകൾ കൂടണയുന്നതും, നാടൻപാട്ടുകൾ, നാടൻകലകൾ, നാടൻകളികൾ, നാട്ടുവൈദ്യം, കഥ, കടംകഥ, പഴഞ്ചൊല്ല്, കൈവേല, ദേശീയ ചരിത്രം എന്നിങ്ങനെ ശാഖോപശാഖകളായി അത് പന്തലിക്കുന്നു. സ്വാസ്ഥ്യവും സന്തോഷവും സൗഹൃദവും പുലരാൻ ആചാരാനുഷ്ഠാനങ്ങൾ ഇതോടൊപ്പം. അസ്തമിക്കും മുൻപേ ഒപ്പിയെടുത്ത സന്ധ്യാശോഭ കണക്കെ ഒരു നാടിന്റെ, ഒരു ജനതയുടെ ഹൃദയസ്പന്ദനങ്ങൾ, കാലം ഒളിപ്പിച്ചുവെച്ച ജ്ഞാനത്തിന്റെ കലവറ. ഉണ്ണികൾക്ക് കണികണ്ടുണരാൻ, ചൈതന്യം ആവാഹിച്ചെടുക്കാൻ, പുതുകാലത്തിന്റെ വെല്ലുവിളികളെ നേരിടാൻ. വസ്തുതകൾ സമാഹരിക്കേണ്ടത് നാട്ടാർകുലങ്ങളോട് സംവദിച്ചും ദ്വിതീയ വിവരശേഖരണത്തിലൂടെയും. ഇത്തരം അറിവുകൾ പഠനത്തിനും ഗവേഷണത്തിനും ഉപയോഗിക്കപ്പെടണം. ശേഖരിക്കുന്ന കഥകളും പാട്ടുകളും കളികളും ബോധന ഉപാധിയാക്കാം. അല്ലെങ്കിൽ കാരണവന്മാരെക്കൊണ്ട് പാട്ടുപാടിക്കുകയും കുട്ടികൾക്ക് കഥകൾ പറഞ്ഞുകൊടുക്കുകയും ചെയ്യാം. 'കുട്ട്യോളും കാർന്നോന്മാരും' അനുഭവിക്കുന്ന ഒറ്റപ്പെടലിന് അത് സാന്ത്വനമാകും; തീർച്ച. ശേഖരിച്ചവ ആധികാരികമാക്കുകയും ഇനിയുള്ളവ സമാഹരിക്കുകയും ചെയ്യുക. പുതിയ ആവേദകരെ കണ്ടെത്തുകയും സംരക്ഷിക്കുകയും വേണം.

ജനകീയ പുരാവസ്തുക്കൾ സമാഹരിച്ച് മ്യൂസിയങ്ങളിൽ പ്രദർശിപ്പിക്കുവാനാണ് ആദ്യകാല നാട്ടുവിജ്ഞാന പണ്ഡിതർ ശ്രമിച്ചത്. നാട്ടുപഴമകളുടെ ഉല്പത്തിയിലും വ്യാഖ്യാനത്തിലും അവർ ശ്രദ്ധിച്ചില്ല. സ്ത്രീകൾ കത്തിക്കുവാൻ വെച്ച ചില കയ്യെഴുത്തു പ്രതികളിൽ നിന്നും ബിഷപ്പ് തോമസ് പാർസി (1729–1811) പഴയ പാട്ടുകളും കഥാഗാനങ്ങളും കണ്ടെടുത്ത് പ്രസിദ്ധീകരിച്ചത് പ്രാക് കാലീന പഠനത്തിന് കളമൊരുക്കി. തുടർന്ന് 1775-ൽ റവ.എച്ച്.ബോണിന്റെ 'ആന്റികിറ്റീസ് ഓഫ് കോമൺ പീപ്പിൾ', 1777-ൽ ജെ. ബ്രാന്റിഡിന്റെ 'പോപ്പുലർ ആന്റികിറ്റീസ് ഓഫ് ഗ്രേറ്റ് ബ്രിട്ടൺ' എന്നീ പുസ്തകങ്ങൾ പ്രകാശിതമായി. ജർമ്മൻ നിരൂപകനായ ജെ.ജി ഹെർഡർ വിവധ ദേശക്കാരിൽ നിന്നും ശേഖരിച്ച ജനകീയ ഗാനസമാഹാരം (1778–1779) പ്രസിദ്ധീകരിച്ചു.

ജനകീയ വിജ്ഞാനരംഗത്ത് രാഷ്ട്രീയ പഠനത്തിന് തുടക്കം കുറിച്ചത് 19-ാം നൂറ്റാണ്ടിൽ. ജർമ്മൻ പണ്ഡിതരായ വിൽഹെം ഗ്രിം, ജേക്കബ് ഗ്രിം (ഗ്രിം സഹോദരന്മാർ) എന്നിവർ ഫോക്‌ലോറിന്റെ പിതാക്കൾ എന്നറിയപ്പെടുന്നു. വിവധ രാജ്യങ്ങളിലെ പാരമ്പര്യധാരകളെ

പഴമനസ്സുകളിലാണ് ചരിത്രം കൂടുവെക്കുന്നതും ഓർമ്മകൾ കൂടണയുന്നതും, നാടൻപാട്ടുകൾ, നാടൻകലകൾ, നാടൻകളികൾ, നാട്ടുവൈദ്യം, കഥ, കടംകഥ, പഴഞ്ചൊല്ല്, കൈവേല, ദേശീയചരിത്രം എന്നിങ്ങനെ ശാഖോപശാഖകളായി അത് പന്തലിക്കുന്നു. സ്വാസ്ഥ്യവും സന്തോഷവും സൗഹൃദവും പുലരാൻ ആചാരാനുഷ്ഠാനങ്ങൾ ഇതോടൊപ്പം.

പഴയ തലമുറ ജീവിച്ചിരുന്ന സമയത്തും സാഹചര്യത്തിലും പ്രസക്തവും പ്രായോഗികവുമായിരുന്ന പലതും ഇന്നത്തെ ചുറ്റുപാടുകളിൽ ശരിയായികൊള്ളണമെന്നില്ല. എങ്കിലും ഗ്രാമീണ ജീവിതരീതികൾ, ഭക്ഷണക്രമം, കാർഷിക സമ്പ്രദായം, രോഗശമനസംവിധാനങ്ങൾ, വികസനസങ്കല്പങ്ങൾ, ഹസ്തവേലകൾ തുടങ്ങിയവ ഇപ്പോൾ ഏറെ പ്രയോജനപ്രദം.

സാമൂഹിക പരിവർത്തനത്തിന്റെ പ്രതിനിധിയാണ് ഫോക്‌ലോർ എന്ന് അമേരിക്കൻ ഫോക്‌ലോർ സൊസൈറ്റിയുടെ പ്രസിഡന്റായിരുന്ന (1952–54) നരവംശശാസ്ത്രജ്ഞനും ഫോക്‌ലോറിസ്റ്റുമായ പ്രൊഫ. വില്യം.ആർ.ബാസ്കം പറയുന്നു. പഴയ സന്ദർഭത്തിൽ നിന്നും വേർപ്പെടുത്തി പുതിയ രൂപത്തിലാക്കുമ്പോൾ ഫോക്‌ലോറിന്റെ കർമ്മവും ധർമ്മവും മാറ്റപ്പെടുന്നു. സാഹിത്യകാരന്മാരെ കൂടാതെ കച്ചവടക്കാരും വ്യവസായികളും ഫോക്‌ലോറിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. റേഡിയോ, ടി.വി., സിനിമ എന്നിവയിൽ നാടോടിപ്പഴമയുടെ അനുകരണങ്ങളും അനുരണനങ്ങളും കാണാം. കേവലം ഫാഷനുവേണ്ടിയും പ്രചാരണത്തിനായും ദുരുപയോഗം ചെയ്യപ്പെടുകയാണിത്.

സൂചിപ്പിക്കുന്ന വോക്സ് കുണ്ടെ എന്ന വാക്കാണ് അവർ ഉപയോഗിച്ചത്. ഇംഗ്ലണ്ടിലെ പുരാവസ്തു ഗവേഷകനായ ഡബ്ലിയൂ.ജെ. തോംസ് 1846 ആഗസ്റ്റ് 22ന് അതീനിയം മാസികക്ക് എഴുതിയ കത്തിൽ ഫോക്‌ലോർ എന്ന പദം ആദ്യമായി പ്രയോഗിച്ചു. അതിനാൽ ലോക ഫോക്‌ലോർ ദിനമായി ആചരിക്കുന്നത് ആ ദിവസം. ആദ്യകാലങ്ങളിൽ ജനകീയപഴമ എന്നുവിളിച്ചിരുന്ന നാട്ടുവിജ്ഞാനീയം ഇന്ന് പഠനവിഷയവും പഠനവസ്തുവും വസ്തുതയുമായി മാറിയിരിക്കുന്നു. കണ്ടും കേട്ടും അനുഭവിച്ചും കൊണ്ടും കൊടുത്തും സംവത്സരങ്ങളായി കൈമാറ്റം ചെയ്യപ്പെട്ട ഈ ജ്ഞാനശേഖരങ്ങൾ അജ്ഞാത കർതൃകങ്ങൾ പാട്ടിനും പറച്ചിലിനും വിത്തിനും വൈദ്യത്തിനും പാറ്റന്റും പകർപ്പവകാശവുമില്ല. വിക്കിപീഡിയപോലെ പൊതുസ്വത്ത്. പ്രതിഫലിമന്യേ ഓരോരുത്തരും അവർക്ക് കഴിയാവുന്നത് സംഭാവന ചെയ്യുന്നു. പഴയ തലമുറ ജീവിച്ചിരുന്ന സമയത്തും സാഹചര്യത്തിലും പ്രസക്തവും പ്രായോഗികവുമായിരുന്ന പലതും ഇന്നത്തെ ചുറ്റുപാടുകളിൽ ശരിയായികൊള്ളണമെന്നില്ല. എങ്കിലും ഗ്രാമീണ ജീവിതരീതികൾ, ഭക്ഷണക്രമം, കാർഷിക സമ്പ്രദായം, രോഗശമന സംവിധാനങ്ങൾ, വികസനസങ്കല്പങ്ങൾ, ഹസ്തവേലകൾ തുടങ്ങിയവ ഇപ്പോൾ ഏറെ പ്രയോജനപ്രദം. ആഗോളീകരണത്തിന്റെ കാലഘട്ടത്തിൽ സ്വത്വാന്വേഷണത്തിന് പ്രത്യേക പ്രസക്തിയുണ്ട്. എൽ.കെ.ജി മുതൽ പി.ജി വരെ നാട്ടറിവ് പഠനവിഷയം. മലയാളം ബിരുദാനന്തര ബിരുദത്തിലെ ഉപവിഷയമായിരുന്നു ഫോക്‌ലോർ. 1999-ൽ കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ വടകരയിലെ സ്കൂൾ ഓഫ് ഫോക്‌ലോർ സ്റ്റഡീസിൽ എം.എ., എം.ഫിൽ., പി.എച്ച്.ഡി. കോഴ്സുകൾ ആരംഭിച്ചു. നാടൻ കലാ പ്രോത്സാഹനത്തിനായി കണ്ണൂരിലെ ചിറക്കലിൽ കേരള ഫോക്‌ലോർ അക്കാദമി സ്ഥാപിതമായത് 1995-ൽ.

സാമൂഹിക പരിവർത്തനത്തിന്റെ പ്രതിനിധിയാണ് ഫോക്‌ലോർ എന്ന് അമേരിക്കൻ ഫോക്‌ലോർ സൊസൈറ്റിയുടെ പ്രസിഡന്റായിരുന്ന (1952-54) നരവംശശാസ്ത്രജ്ഞനും ഫോക്‌ലോറിസ്റ്റുമായ പ്രൊഫ. വില്യം.ആർ.ബാസ്കം പറയുന്നു. പഴയ സന്ദർഭത്തിൽ നിന്നും വേർപ്പെടുത്തി പുതിയരൂപത്തിലാക്കുമ്പോൾ ഫോക്‌ലോറിന്റെ കർമ്മവും ധർമ്മവും മാറ്റപ്പെടുന്നു. സാഹിത്യകാരന്മാരെ കൂടാതെ കച്ചവടക്കാരും വ്യവസായികളും ഫോക്‌ലോറിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. റേഡിയോ, ടി.വി., സിനിമ എന്നിവയിൽ നാടോടിപ്പഴമയുടെ അനുകരണങ്ങളും അനുരണനങ്ങളും കാണാം. കേവലം ഫാഷനുവേണ്ടിയും പ്രചാരണത്തിനായും ദുരുപയോഗം ചെയ്യപ്പെടുകയാണിത്. ജനങ്ങളെ വഞ്ചിക്കുവാനായി കൃത്രിമമായി തയ്യാറാക്കുന്നതാണ് ഫേക്‌ലോർ. കാപട്യങ്ങളെ കണ്ടെത്തുന്നതോടൊപ്പം മൗലീകതയും കൂട്ടായ്മകളും കാത്തുസൂക്ഷിക്കുകയും വേണം. സമകാലീന സാമൂഹിക-സാംസ്കാരിക-രാഷ്ട്രീയ-വൈജ്ഞാനിക സാഹചര്യങ്ങളോട് പ്രതിസ്പന്ദിച്ചുകൊണ്ടുള്ള പഠനവും വ്യാഖ്യാനവുമാണ് ഇന്നത്തെ ആവശ്യം. ■

ലേഖകൻ: പഞ്ചായത്തു വകുപ്പിൽ സെക്രട്ടറിയാണ്.

അനിത സി.എസ്.

മികച്ച തരിശുരഹിത പഞ്ചായത്തുകൾക്ക് അവാർഡ്

തരിശുകൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 5000രൂപ സബ്സിഡി നൽകി. 2516 ഹെക്ടറിനു സുസ്ഥിര നെൽകൃഷി, 10,000രൂപ ഹെക്ടറിന് സഹായം നൽകി 732 ഹെക്ടറിൽ വനിതാ സംഘങ്ങൾ വഴി തരിശുനില കൃഷി, കുട്ടനാട് പാക്കേജിലൂടെ 125 ഹെക്ടറിൽ ഹെക്ടറിന് 30,000രൂപ സഹായം നൽകി തരിശു നിലകൃഷി, കോൺട്രാക്ട് ഫാമിംഗിലൂടെ ഹെക്ടറിന് 30,000 രൂപ നൽകി തരിശു നിലകൃഷി, ഇങ്ങനെ വിവധ പദ്ധതികളിലൂടെ മൊത്തം 246.37 ലക്ഷം രൂപ സഹായം നൽകി 3407 ഹെക്ടറിൽ തരിശുനില കൃഷി വ്യാപിപ്പിച്ചു.

തരിശു നിലങ്ങളിലെ കൃഷി വ്യാപിപ്പിക്കുന്നതിന് സംസ്ഥാന സർക്കാർ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നിരവധി പദ്ധതികളാണ് നടപ്പാക്കിവരുന്നത്. 2011-12 വർഷം, 14 ജില്ലകളിലുമായി ആകെ 3407 ഹെക്ടർ സ്ഥലത്ത് തരിശു നിലം നെൽ കൃഷി നടപ്പാക്കിയിട്ടുണ്ട്.

തരിശുകൃഷി പദ്ധതി പ്രകാരം ഹെക്ടറിന് 5000രൂപ സബ്സിഡി നൽകി. 2516 ഹെക്ടറിനു സുസ്ഥിര നെൽകൃഷി, 10,000രൂപ ഹെക്ടറിന് സഹായം നൽകി 732 ഹെക്ടറിൽ വനിതാ സംഘങ്ങൾ വഴി തരിശുനില കൃഷി, കുട്ടനാട് പാക്കേജിലൂടെ 125 ഹെക്ടറിൽ ഹെക്ടറിന് 30,000രൂപ സഹായം നൽകി തരിശു നിലകൃഷി, കോൺട്രാക്ട് ഫാമിംഗിലൂടെ ഹെക്ടറിന് 30,000 രൂപ നൽകി തരിശു നിലകൃഷി, ഇങ്ങനെ വിവധ പദ്ധതികളിലൂടെ മൊത്തം 246.37 ലക്ഷം രൂപ സഹായം നൽകി 3407 ഹെക്ടറിൽ തരിശുനില കൃഷി വ്യാപിപ്പിച്ചു.

തുടർന്ന് അടുത്ത സാമ്പത്തിക വർഷം (2012-13) 1373.4 ഹെക്ടർ തരിശുഭൂമി 339.75 ലക്ഷം രൂപ ചെലവഴിച്ച് കൃഷിയോഗ്യമാക്കി. ഇതിൽ രാഷ്ട്രീയ കൃഷി വികാസ് യോജന, കരാർ കൃഷി-തരിശുനിലം പദ്ധതി പ്രകാരം ആകെ 1005 ഹെക്ടർ തരിശു നിലം കൃഷിയോഗ്യമാക്കി. 400 ഹെക്ടറിന് 30,000 രൂപയും 605 ഹെക്ടറിന് 15,000 രൂപയുമാണ് സബ്സിഡി നൽകിയത്. പദ്ധതിക്കായി 210.75 ലക്ഷം രൂപ 14 ജില്ലകളിലും നൽകി. 13-ാമത് ഫിനാൻസ് കമ്മീഷൻ അവാർഡ് (കുട്ടനാട് പാക്കേജ്) പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലായി 368.4 ഹെക്ടർ തരിശുനിലം നെൽകൃഷിയോഗ്യമാക്കി. ഇതിലേക്ക് 129 ലക്ഷം രൂപ ചെലവഴിച്ചു.

ഈ സാമ്പത്തിക വർഷം 1855.38 ഹെക്ടർ തരിശുഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിന് അംഗീകാരം ലഭിച്ചിട്ടുണ്ട്. 2013-14ൽ തരിശുനിലകൃഷി നടപ്പാക്കാൻ 14 ജില്ലകളിൽ ആദ്യവർഷം 600 ഹെക്ടറിലേക്ക് 180 ലക്ഷം രൂപയും രണ്ടാം വർഷം 1005.38 ഹെക്ടറിലേക്ക് 150.8075 ലക്ഷം രൂപയും കുട്ടനാട് പാക്കേജ് പദ്ധതിയനുസരിച്ച് ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിൽ 250 ഹെക്ടർ സ്ഥലത്ത് 75 ലക്ഷവും വകയിരുത്തി തരിശുനില കൃഷി വ്യാപനപദ്ധതികൾക്കൊപ്പം തന്നെ തരിശുരഹിത പഞ്ചായത്തുകൾക്ക് പുരസ്കാരം നൽകുന്ന നൂതന പദ്ധതികൾക്കും കൃഷിവകുപ്പ് ഇതിനോടകം അപേക്ഷ ക്ഷണിച്ചിട്ടുണ്ട്.

ഒന്നാം സമ്മാനം 10 ലക്ഷം രൂപ, രണ്ടാം സമ്മാനം 5 ലക്ഷം രൂപ, മൂന്നാം സമ്മാനം 3 ലക്ഷം രൂപയുമാണ് അവാർഡ്. 2012-13,2013-14 കാലയളവിൽ ഏറ്റവും കൂടുതൽ തരിശുനിലം കൃഷിയോഗ്യമാക്കിയ മൂന്ന് മികച്ച പഞ്ചായത്തുകൾക്കാണ് പുരസ്കാരം. നെല്ല്, പച്ചക്കറി, വാഴ, കിഴങ്ങുവിളകൾ തുടങ്ങിയവ കൃഷിചെയ്ത തരിശുഭൂമികൾ പുരസ്കാരത്തിന് പരിഗണിക്കും. നാമനിർദ്ദേശം കാർഷിക വികസന സമിതിയിൽ ചർച്ച ചെയ്തശേഷം അനുബന്ധ രേഖകൾ, ഫോട്ടോഗ്രാഫുകൾ, സിഡികൾ സഹിതം ജില്ലാകൃഷി ഓഫീസർക്ക് സമർപ്പിക്കണം ജില്ലാപഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും ജില്ലാ കൃഷി ഓഫീസർ കൺവീനറുമായ സമിതിയാണ് ജില്ലാതലത്തിൽ അപേക്ഷകൾ പരിഗണിക്കുക. കാർഷികോത്പാദന കമ്മീഷണർ ചെയർമാനും കൃഷിഡയറക്ടർ അംഗവുമായ അഞ്ചംഗ സമിതിയാണ് സംസ്ഥാനതല പുരസ്കാര നിർണ്ണയം നടത്തുന്നത്. അപേക്ഷകൾ കൃഷിഭവനുകൾ മുഖേന അതാത് ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് ലഭിക്കേണ്ട അവസാന തീയതി ഡിസംബർ 31 ആണ്. കൂടുതൽ വിവരങ്ങൾക്ക് അടുത്തുള്ള കൃഷി ഭവനെ സമീപിക്കുക. ■

കെ. എസ് ജ്യോതി

സാമൂഹ്യ സുരക്ഷാ പെൻഷനുകൾ

ഡി.ബി.റ്റി സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുമ്പോൾ

സാമൂഹ്യ സുരക്ഷാ പെൻഷനുകളുടെ വിതരണം ഗുണഭോക്താക്കളുടെ ബാങ്ക്/പോസ്റ്റോഫീസ് അക്കൗണ്ടുകളിലേക്ക് നേരിട്ട് ലഭ്യമാക്കുന്ന സമ്പ്രദായം നടപ്പാക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ, ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ എന്നിവയാണ് ഡിബിടി സമ്പ്രദായത്തിലൂടെ വിതരണം ചെയ്യുന്നതിന് സ.ഉ (പി)നം. 363/2013 ധന. തീയതി 27.07.2013 പ്രകാരം ഉത്തരവായിട്ടുള്ളത്. പുതിയ രീതിയിലുള്ള പെൻഷൻ വിതരണം നടപ്പാക്കുന്നതിന് മുൻപ് പഞ്ചായത്ത് തലത്തിൽ ഏറെ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഓരോ പെൻഷൻ ഗുണഭോക്താവും കോർ ബാങ്കിംഗ് സൗകര്യമുള്ള ബാങ്കിന്റെ ഏതെങ്കിലും ശാഖയിലോ പോസ്റ്റോഫീസുകളിലോ സേവിംഗ്സ് ബാങ്ക് അക്കൗണ്ട് തുറക്കേണ്ടതാണ്. ദേശീയതലത്തിൽ പെൻഷൻ വിതരണം ആധാർ നമ്പറുമായി ബന്ധപ്പെടുത്താൻ തീരുമാനിച്ചിട്ടുള്ളതിനാൽ എല്ലാ ഗുണഭോക്താക്കളും ആധാർ രജിസ്ട്രേഷൻ നടത്തുന്നത് ഏറെ പ്രയോജനകരമായിരിക്കും. എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭകളിലും ഗുണഭോക്താക്കളുടെ വിവരങ്ങൾ സേവന സോഫ്റ്റ് വെയറിൽ ലഭ്യമാണ്. അക്കൗണ്ട് നമ്പർ, ബാങ്ക്/പോസ്റ്റോഫീസ് ബ്രാഞ്ചിന്റെ പേര്, കോഡ്, ആധാർ നമ്പർ എന്നിവ ഗുണഭോക്താക്കളിൽ നിന്നും ശേഖരിച്ച് അതും സേവന സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തണം. ആധാർ നമ്പർ ലഭിച്ചിട്ടില്ലാത്തവർക്ക് എൻറോൾമെന്റ് ഐ ഡി ഉൾപ്പെടുത്താവുന്നതാണ്.

ഗുണഭോക്തൃ വിവരങ്ങൾ സേവന സോഫ്റ്റ്വെയറിൽ ഉൾപ്പെടുത്തിയ ശേഷം പോസ്റ്റോഫീസ്/ബാങ്ക് തലത്തിൽ തരം തിരിച്ച് അതാത് സംഗതി പോലെ പ്രിന്റൗട്ട് എടുത്ത് ബന്ധപ്പെട്ട ബാങ്ക്/പോസ്റ്റാഫീസുകൾക്ക് നൽകണം. ആയത് അവർ പരിശോധനാ വിധേയമാക്കി ബാങ്ക്/പോസ്റ്റാഫീസ് രേഖകളുമായി ഒത്തുനോക്കി കൃത്യമാണെന്നു സാക്ഷ്യപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് തിരികെ നൽകണം. ഇങ്ങനെ ശുദ്ധമാക്കി ലഭിക്കുന്ന ഗുണഭോക്താക്കളുടെ ഡാറ്റാബേസ് ആണ് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിമാർ ഡിജിറ്റൽ സിഗ്നേച്ചർ ഉപയോഗിച്ച് ഐ.കെ.എം. സെർവ്വറിലേക്ക് അപ്‌ലോഡ് ചെയ്യേണ്ടത്. അയയ്ക്കുന്ന ഡാറ്റാബേസ് തെറ്റുകുറ്റങ്ങൾക്കതീതമാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കാണ്. ഓരോ മാസവും പുതുതായി ഗുണഭോക്താക്കളെ സംബന്ധിച്ച് വരുന്ന കൂട്ടിച്ചേർക്കലുകളും പുതിയ ഗുണഭോക്താക്കളുടെ വിവരങ്ങളും ഗുണഭോക്താവിന്റെ മരണം

മൂലം ഉണ്ടാകുന്ന കുറവു ചെയ്യലും കൃ ത്യമായി രേഖപ്പെടുത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണ്. പെൻഷൻ വിതരണം സെൻട്രൽ പ്ലാൻ സ്കീം മോണിറ്ററിംഗ് സിസ്റ്റം (സിപിഎസ്എംഎസ്) സംവിധാനത്തിലൂടെയാണ് നിർവ്വഹിക്കുന്നത്. തുടക്കത്തിൽ കോർ ബാങ്കിംഗ് സംവിധാനമുള്ള ബാങ്കുകൾ വഴിയുള്ള പെൻഷൻ വിതരണം മാത്രമേ സാധ്യമാകുകയുള്ളൂ. ബാങ്കുകളിൽ അക്കൗണ്ടില്ലാത്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ ഇലക്ട്രോണിക് മണി ഓർഡർ വഴിയോ അവരുടെ പോസ്റ്റോഫീസ് സേവിംഗ്സ് അക്കൗണ്ട് വഴിയോ വിതരണം ചെയ്യാവുന്നതാണ്.

എല്ലാ രീതിയിലുള്ള പെൻഷൻ വിതരണവും കൈകാര്യം ചെയ്യുവാൻ സിപിഎസ്എംഎസ് സംവിധാനം സജ്ജമാകുന്ന മുറയ്ക്ക് ആ രീതിയിൽ പെൻഷൻ വിതരണം നടത്താവുന്നതാണ്. ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറാനുള്ള തുക സംബന്ധിച്ച ഫയൽ സിപിഎസ്എംഎസ് വെബ് സൈറ്റിലേക്ക് പഞ്ചായത്ത് ഡയറക്ടർ അപ്‌ലോഡ് ചെയ്യുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് പെൻഷൻതുക എത്തിച്ചേരുന്നതാണ്. സിപിഎസ്എംഎസ് സംവിധാനത്തിലൂടെ സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് കൈമാറുമ്പോൾ മണിഓർഡർ കമ്മീഷൻ വഴി സർക്കാരിന് ചെലവാകുന്ന ഭീമമായ തുക ലാഭിക്കാൻ കഴിയും എന്നതാണ് ഏറ്റവും വലിയ നേട്ടം. അയയ്ക്കുന്ന തുകയുടെ അഞ്ച് ശതമാനമാണ് കമ്മീഷനായി പോസ്റ്റൽ വകുപ്പ് ഈടാക്കിവരുന്നത്. കർഷകതൊഴിലാളി പെൻഷൻ, അൻപതു വയസ്സു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ എന്നിവയും ഇതിന്റെ തുടർച്ചയായി സിപിഎസ്എം എസ് സംവിധാനം വഴി അയയ്ക്കേണ്ടി വരും. നിലവിലുള്ള കണക്കുകൾ പ്രകാരം ഗുണഭോക്താക്കളുടെ എണ്ണം. പെൻഷൻ തുക, മണി ഓർഡർ കമ്മീഷൻ എന്നിവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

അയയ്ക്കുന്ന ഡാറ്റാബേസ് തെറ്റുകുറ്റങ്ങൾക്കതീതമാണെന്ന് ഉറപ്പുവരുത്തേണ്ട ഉത്തരവാദിത്വം ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപന സെക്രട്ടറിമാർക്കാണ്. ഓരോ മാസവും പുതുതായി ഗുണഭോക്താക്കളെ സംബന്ധിച്ച് വരുന്ന കൂട്ടിച്ചേർക്കലുകളും പുതിയ ഗുണഭോക്താക്കളുടെ വിവരങ്ങളും ഗുണഭോക്താവിന്റെ മരണം മൂലം ഉണ്ടാകുന്ന കുറവു ചെയ്യലും കൃത്യമായി രേഖപ്പെടുത്തേണ്ടതും തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറിയുടെ ചുമതലയാണ്.

ക്രമനം	പെൻഷൻ ഇനം	ഗുണഭോക്താക്കളുടെ എണ്ണം	മാസ നിരക്ക്	ഒരു മാസത്തേക്ക് വേണ്ട തുക	മണി ഓർഡർ കമ്മീഷൻ	ആകെ
1	വിധവാ പെൻഷൻ	832720	700	582904000	29145200	612049200
2	വാർദ്ധക്യകാല പെൻഷൻ					
2 (എ)	80 വയസ്സു വരെ	290599	500	145299500	7264975	152564475
2 (ബി)	80 വയസ്സിനു മുകളിൽ	65605	1100	72165500	3608275	75773775
3	വികലാംഗ പെൻഷൻ					
3 (എ)	80% വൈകല്യമുള്ളവർ	253123	700	177186100	8859305	186045405
3 (ബി)	80% - ലധികം വൈകല്യമുള്ളവർ	25299	1000	25299000	1264950	26563950
4	കർഷക തൊഴിലാളി പെൻഷൻ	520163	500	260081500	13004075	273085575
5	50 വയസ്സു കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ	56910	700	39837000	1991850	41828850
ആകെ		2044419		1302772600	65138630	1367911230

ഒരു വർഷത്തെ പെൻഷൻ തുക 1302772600 x 12 = 15633271200/-

മണി ഓർഡർ കമ്മീഷൻ (5%) = 781663560/-



ടി. ഷാഹുൽ ഹമീദ്

ഊർജ്ജ പ്രതിസന്ധിക്ക് ബദൽ നിർദ്ദേശവുമായി

കേരള സൗരോർജ്ജനയം 2013

പാരിസ്ഥിതിക സുരക്ഷിതത്വം ഉറപ്പ് വരുത്തി ഊർജ്ജത്തിന്റെ ഘടനപരമായ സുരക്ഷ ഊട്ടിയുറപ്പിച്ചു ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തി ലോകം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ കാർബൺ ബഹിർഗമനത്തെ തടയുക എന്നത് ഈ നയത്തിന്റെ പ്രധാന ലക്ഷ്യമാണ്.

രാജ്യത്തിന്റെ വികസന പ്രവർത്തനങ്ങളിൽ അതിനിർണ്ണായക ഘടകമാണ് ഊർജ്ജം. പല കാരണങ്ങളായി വൈദ്യുതി ഉൽപാദനം കുറയുകയും ഉപഭോഗം നാൾക്കുനാൾ വർദ്ധിക്കുകയും ചെയ്യുന്നു. കടുത്ത ഊർജ്ജ പ്രതിസന്ധിക്ക് ശാശ്വതായ പരിഹാരവുമായി പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളെ കണ്ടെത്തി പരമാവധി ജനങ്ങൾക്ക് സേവനം നൽകുവാൻ സർക്കാറുകൾ ശ്രദ്ധിക്കാൻ തുടങ്ങിയിരിക്കുന്നു. ഏറ്റവും വലിയ ഊർജ്ജ സ്രോതസ്സായ സൗരോർജ്ജത്തെ ഫലപ്രദമായി ഉപയോഗിക്കുവാൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. കേന്ദ്ര സർക്കാർ ജവഹർലാൽ നെഹ്റു ദേശീയ സോളാർ മിഷൻ രൂപീകരിച്ച് സോളാർ കൊണ്ട് പ്രവർത്തിക്കുന്ന ഉപകരണങ്ങൾ വ്യാപരിപ്പിക്കുവാൻ ശ്രമങ്ങൾ ആരംഭിച്ചിട്ടുണ്ട്. 30% സബ്സിഡി ഈ കാര്യത്തിൽ വിഭാവനം ചെയ്യുമ്പോൾ സംസ്ഥാനങ്ങൾ ഈ കാര്യത്തിൽ കൂടുതൽ ഊർജ്ജസ്വലത പ്രകടിപ്പിക്കേണ്ടതായിട്ടുണ്ട്. രാജ്യത്തെ 400 മില്യൻ കുടുംബങ്ങൾക്ക് വൈദ്യുതി ഒരു സ്വപ്നം മാത്രമാണ്. മണ്ണെണ്ണ ഉപഭോഗം കുറച്ച് 2022 ആകുമ്പോഴേക്കു രാജ്യാത്താകമാനം 20 മില്യൻ സോളാർ വളക്കുകൾ വിതരണം ചെയ്യുവാൻ കേന്ദ്ര ഗവൺമെന്റ് ഉദ്ദേശിക്കുന്നു. കൂടാതെ 20 മില്യൻ സ്ക്വയർ മീറ്റർ വിസ്തൃതിയിൽ സോളാർ ഊർജ്ജം സ്വികരിക്കുന്ന പ്രതലം ഉണ്ടാക്കുവാനും 1.5 മില്യൻ വൈദ്യുതി ലാഭിക്കുവാനുള്ള സർക്കാറിന്റെ ശ്രമത്തിന് പൂർണ്ണത വരുത്തുവാൻ ഭാവിയിലെ വൈദ്യുതി പ്രതിസന്ധി മുൻകൂട്ടികണ്ട് ഭാവന സമ്പന്നവും യാഥാർത്ഥ്യ ബോധം ഉൾക്കൊള്ളുകയും ചെയ്യുന്ന സൗരോർജ്ജ നയം 2013 മന്ത്രിസഭ അംഗീകരിച്ച് പൊതുജന സമക്ഷം ചർച്ചക്കായി പ്രസിദ്ധികരിച്ചിരിക്കുകയാണ്.

കടുത്ത ഊർജ്ജ പ്രതിസന്ധിയിലൂടെ കേരളം പോകുമ്പോൾ പാരമ്പര്യേതര ഊർജ്ജ മാർഗങ്ങൾ വിവിധ രീതിയിലും രൂപത്തിലും ഭാവത്തിലും ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം നയം ഊന്നി പറയുന്നു. വിവിധ രാജ്യങ്ങൾ സൗരോർജ്ജത്തെ വിപ്ലവകരമായ രീതിയിൽ ഉപയോഗിക്കുമ്പോൾ കേരളം ഈ രംഗത്തേക്ക് വലിയരീതിയിൽ പ്രവേശിച്ചിട്ടില്ല. ഈ കാര്യത്തിൽ സമഗ്രമായ ഒരു നയവും ഒരു സർക്കാരും ഉണ്ടാക്കിയിട്ടില്ല. ഈ

2003 ലെ കേരള ഇലക്ട്രിസിറ്റി നിയമം വലിയ സംരംഭങ്ങളിൽ സൗരോർജ്ജം ഉപയോഗിക്കേണ്ട തിന്റെ പ്രാധാന്യം പറയുന്നുണ്ട്. ഭൂമിയിൽ 174 പെറ്റാവാൾട്ട് സൂര്യപ്രകാശം ലഭിക്കുന്നുവെങ്കിലും 30% തിരിച്ചു സൂര്യനിലേക്ക് പോകുകയും ബാക്കി 70% മേഘങ്ങളിലും, കടലുകളിലും ഭൂമിയിലും പതിക്കുന്നു എന്നാണ് വിദഗ്ദ്ധർ പറയുന്നത്. സൂര്യനിൽ നിന്ന് ലഭിക്കുന്ന ഊർജ്ജത്തെ പരമാവധി ഉപയോഗിച്ചു മുഖ്യധാര ഊർജ്ജ സ്രോതസ്സായി വളർത്തികൊണ്ട് വരിക എന്നതാണ് ഈ നയത്തിന്റെ കാഴ്ചപ്പാട്.

പോരായ്മ പരിഹരിക്കുന്നതിനാണ് നാനാവശങ്ങൾ കൃത്യമായി പരിശോധിച്ച് ഒരു നയത്തിന് സർക്കാർ തുടക്കം കുറിക്കുന്നത്. പൊതുജനങ്ങളിൽ നിന്നും വിവിധ സ്റ്റേക്ക് ഹോൾഡർമാരിൽ നിന്നും അഭിപ്രായങ്ങളും സർക്കാർ ആരായുകായാണ്. സർവ്വ ഊർജ്ജത്തിന്റേയും ഉറവിടം സൂര്യനാണ് എന്ന യഥാർത്ഥ്യ ബോധം ഉൾക്കൊണ്ട് സൗരോർജ്ജത്തെ എങ്ങിനെ നമ്മുടെ നാട്ടിലെ ജനങ്ങൾക്ക് ഉപകാരപ്രദമാകാം എന്ന് ഈ നയം സവിസ്തരം പരിശോധിക്കുന്നു. കൂടാതെ സൗരോർജ്ജത്തെ ഉപയോഗിക്കുന്നതിനുള്ള തൊഴിൽ ശാസ്ത്രജ്ഞാനം ഇനിയും പൂർണ്ണ അർത്ഥത്തിൽ നാം നേടിയിട്ടില്ല. ഈ കാര്യത്തിൽ നയം ചില നല്ല നിർദ്ദേശങ്ങൾ മുന്നോട്ടുവെക്കുന്നു. ഭാരിച്ച ചെലവ്, പ്രസരണ വിതരണ സമ്പ്രദായത്തിലെ അപര്യാപ്തത, അടിസ്ഥാന സൗകര്യങ്ങളുടെ ലഭ്യതക്കുറവ്, സാമ്പത്തിക പ്രോൽസാഹനങ്ങൾ നൽകാത്തത്, ഭൂമിയുടെ ലഭ്യത എന്നീ കാര്യങ്ങൾകൊണ്ട് കേരളം സൗരോർജ്ജ മേഖലയിൽ കാലുറപ്പിച്ചിട്ടില്ലായിരുന്നു. 2003 ലെ കേരള ഇലക്ട്രിസിറ്റി നിയമം വലിയ സംരംഭങ്ങളിൽ സൗരോർജ്ജം ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം പറയുന്നുണ്ട്. ഭൂമിയിൽ 174 പെറ്റാവാട്ട് സൂര്യപ്രകാശം ലഭിക്കുന്നുവെങ്കിലും 30% തിരിച്ചു സൂര്യനിലേക്ക് പോകുകയും ബാക്കി 70% മേഘങ്ങളിലും, കടലുകളിലും ഭൂമിയിലും പതിക്കുന്നു എന്നാണ് വിദഗ്ദ്ധർ പറയുന്നത്. സൂര്യനിൽ നിന്ന് ലഭിക്കുന്ന ഊർജ്ജത്തെ പരമാവധി ഉപയോഗിച്ചു മുഖ്യധാര ഊർജ്ജ സ്രോതസ്സായി വളർത്തികൊണ്ട് വരിക എന്നതാണ് ഈ നയത്തിന്റെ കാഴ്ചപ്പാട്. 2017 ആകുമ്പോഴേക്കും 500 മെഗാവാട്ട് ഊർജ്ജം സൗരോർജ്ജത്തിലൂടെ ലഭിക്കാനുള്ള പ്രയാണത്തിനാണ് ഈ നയം ലക്ഷ്യമിടുന്നത്. 2030 ആകുമ്പോൾ കേരളത്തിൽ 1500 മെഗാവാട്ട് ഊർജ്ജം സോളാറിലൂടെ ലഭിക്കും എന്ന് ഈ നയം പ്രത്യാശ പ്രകടിപ്പിക്കുന്നു.



പാരിസ്ഥിതിക സുരക്ഷിതത്വം ഉറപ്പ് വരുത്തി ഊർജ്ജത്തിന്റെ ഘടനാപരമായ സുരക്ഷ ഊട്ടിയുറപ്പിച്ചു ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തനം നടത്തി ലോകം നേരിടുന്ന പ്രധാന പ്രശ്നങ്ങളിൽ ഒന്നായ കാർബൺ ബഹിർഗമനത്തെ തടയുക എന്നത് ഈ നയത്തിന്റെ പ്രധാന ലക്ഷ്യമാണ്. ആരൊക്കെയാണ് സൗരോർജ്ജം വലിയതോതിൽ ഉപയോഗിക്കേണ്ടത് എന്ന് ഈ നയം നിർവ്വചിക്കുന്നു. സൗരോർജ്ജം ഉപയോഗിക്കുന്നതിന് വിവിധങ്ങളായ സാമ്പത്തിക പ്രോൽസാഹനങ്ങൾ ഈ നയത്തിന്റെ ജനകീയ മുഖമാണ്. സൂക്ഷ്മതലം മുതൽ വലിയ മേഖലവരെ സൗരോർജ്ജം ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും, നിബന്ധനകളും ഈ നയത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. കേരളം നേരിടുന്ന രൂക്ഷമായ അഭ്യസ്ത വിദ്യരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധങ്ങളായ തൊഴിൽ അവസരങ്ങളുടെ വിവിധ തലങ്ങൾ ഈ നയം വിഭാവനം ചെയ്യുന്നു.

കടുത്ത ഊർജ്ജ പ്രതിസന്ധിയിലൂടെ കേരളം പോകുമ്പോൾ പാരമ്പര്യേതര ഊർജ്ജ മാർഗങ്ങൾ വിവിധ രീതിയിലും രൂപത്തിലും ഭാവത്തിലും ഉപയോഗിക്കേണ്ടതിന്റെ പ്രാധാന്യം നയം ഊന്നിപറയുന്നു. വിവിധ രാജ്യങ്ങൾ സൗരോർ ജ്ജത്തെ വിപ്ലവകരമായ രീതിയിൽ ഉപയോഗിക്കുമ്പോൾ കേരളം ഈ രംഗത്തേക്ക് വലിയരീതിയിൽ പ്രവേശിച്ചിട്ടില്ല. ഈ കാര്യത്തിൽ സമഗ്രമായ ഒരു നയവും ഒരു സർക്കാരും ഉണ്ടാക്കിയിട്ടില്ല. ഈ പോരായ്മ പരിഹരിക്കുന്നതിനാണ് നാനാവശങ്ങൾ കൃത്യമായി പരിശോധിച്ച് ഒരു നയത്തിന് സർക്കാർ തുടക്കം കുറിക്കുന്നത്.

വൈദഗ്ദ്ധ്യമുള്ളവരേയും അർദ്ധ വൈദഗ്ദ്ധ്യമുള്ളവരേയും സൃഷ്ടിച്ച് ശാസ്ത്രീയമായ പഠനം നടത്തി വിവിധ തലങ്ങളിൽ സന്നിവേശിപ്പിക്കും. ഈ മേഖലയിൽ പ്രവേശിക്കുന്ന നവാഗതൻമാരേയും, പുതുമയാർന്ന നിർദ്ദേശങ്ങൾ നൽകുന്നവരേയും പരമാവധി പ്രോൽസാഹിപ്പിക്കുന്ന സമീപനമാണ് ഈ നയത്തിന്റെ കാതൽ. വിവിധ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും ചെലവ് കുറഞ്ഞ സോളാർ പദ്ധതികളെകുറിച്ച് അഭിപ്രായം സ്വീകരിക്കും. സോളാർ ഉപയോഗിക്കുന്ന എല്ലാ സ്ഥാപനങ്ങളേയും അകമഴിഞ്ഞ് സഹായിക്കുന്ന കാഴ്ചപ്പാടാണ് ഈ നയത്തിന് ഉള്ളത്. 1-4-2013 മുതൽ പ്രാബല്യമുള്ള നയത്തിൽ കെട്ടിടങ്ങളുടെ മുകളിൽ സോളാർ പാനൽ സ്ഥാപിക്കുവാനും, ചെറിയ അറകളുള്ള സോളാർ വികരണ ടവറുകൾ സ്ഥാപിക്കുവാനും, പരസ്യബോർഡുകൾ, ഹോർഡിങ്ങ് എന്നിവ സൂര്യപ്രകാശം കൊണ്ട് പ്രവർത്തിപ്പിക്കുവാനും, നിലവിലുള്ള ഇൻവെർട്ടറുകൾ സോളാറിലേക്ക് ചുവട്മാറ്റം നടത്തുവാനും ആഹ്വാനം നൽകുന്നു. കൂടാതെ ഡീസൽകൊണ്ട് പ്രവർത്തിക്കുന്ന ജനറേറ്ററുകൾ കാലക്രമേണ സോളാറിലേക്ക് മാറണം എന്ന് നിർദ്ദേശിക്കുന്നു.

സോളാർ വിതരണ ശൃംഘല ഉണ്ടാക്കി വികേന്ദ്രീകൃത രീതിയിൽ പ്രവർത്തിക്കുവാൻ സർക്കാർ നടപടി സ്വികരിക്കും. കൂടാതെ സൂക്ഷിപ്പ് കേന്ദ്രങ്ങൾ ഇല്ലാത്തത്കൊണ്ട് സോളാർ കൂടുതൽ ആഗീരണം ചെയ്യാൻ സാധിക്കുന്നില്ല., ഇത് പരിഹരിക്കുവാൻ പ്രത്യേക പമ്പിംഗ് സംവിധാനത്തോടെ സൂക്ഷിപ്പ് കേന്ദ്രങ്ങൾ സർക്കാർ ഒരുക്കുന്നതാണ്. സോളാറിന്റെ വിവിധ ഉൽപന്നങ്ങൾ നിർമ്മിക്കുന്നതിന് പൊതുമേഖല സ്ഥാപനമായ കെൽട്രോണിന് നിർദ്ദേശം നൽകുന്നതാണ്. വാട്ടർ ഹീറ്റർ സിസ്റ്റം ഉപയോഗിക്കുന്ന എല്ലാ സ്ഥാപനങ്ങളും 3000 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളും സോളാറിലേക്ക് മാറണം എന്ന് ഈ നയം നിർദ്ദേശിക്കുന്നു. കറണ്ട് ഉപയോഗിച്ച് ആവിയിൽ വേവിക്കുന്ന ഉപകരണങ്ങൾ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളും അമിതമായ ചൂട് വെള്ളം ഉപയോഗിക്കുന്ന സ്ഥാപനങ്ങളും ചുവട് മാറ്റം നടത്തി സോളാറിലേക്ക് പ്രവേശിക്കണം.

ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട് ലോൺ സൗകര്യം ഏർപ്പെടുത്തുവാൻ സർക്കാർ പരിശ്രമിക്കുമെന്ന് നയം ഉറപ്പ് തരുന്നു. പൊതുആവശ്യങ്ങൾക്ക് വേണ്ടി ഉണ്ടാക്കുന്ന എല്ലാ കെട്ടിടങ്ങൾക്കും സോളാർ നിർബന്ധമാക്കും ഇതിന് ആവശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കും സർക്കാർ ഓഫീസിന്റെ മുകളിൽ സോളാർ പാനൽ ഘടിപ്പിച്ച് ഓഫീസിന് ആവശ്യമുള്ള എല്ലാ വൈദ്യുതിയും സമാഹരിക്കും. സോളാർ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷിതത്വ മര്യാദകൾ, കീഴ്വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും ലോക നിലവാരത്തിലുള്ള ഗൈഡ് ലൈൻ ഉണ്ടാക്കും. ഇതിന് സോഷ്യൽ മീഡിയയിലൂടെ പ്രചരണം നൽകി പൊതുജനങ്ങൾക്ക് സോളാറിനെകുറിച്ച് അവഗാഹം ഉണ്ടാക്കും. സോളാർ ഉപയോഗിക്കുന്നവർക്ക് പ്രത്യേക താരീഫും മീറ്റർ ഇളവുകളും ഉണ്ടാക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് തെരുവ് വിളക്കുകൾ സോളാർ ഉപയോഗിച്ച് കത്തിക്കുന്നതാണ്. 20 കിലോവാട്ടിന് മുകളിൽ കറണ്ട് ഉപയോഗിക്കുന്ന വ്യാപാരസ്ഥാപനങ്ങൾക്കു 50 കിലോവാട്ട് ഉപയോഗിക്കുന്ന വ്യവസായ ശാലകൾക്കും സോളാർ നിർബന്ധമാക്കും. HT, EHT ഉപഭോക്താക്കൾ 2014 മാർച്ചിന് മുമ്പായി ആകെ വൈദ്യുതി ഉപഭോഗത്തിന്റെ 3% സോളാറിലേക്ക് മാറണം, 2014 മാർച്ചിനുശേഷം ഇത് 6% മായി വർദ്ധിക്കുന്നതാണ്. 2000 മുതൽ 3000 ചതുരശ്ര അടി കെട്ടിടങ്ങൾ 500 മെഗാവാട്ട് ഉള്ള 100 ലിറ്ററിന്റെ വാട്ടർ ഹീറ്റർ നിർബന്ധമാക്കും. 3000 ത്തിനു മുകളിലുള്ള കെട്ടിടങ്ങൾക്ക് 1000 മെഗാവാട്ട് കപ്പാസിറ്റിയിലുള്ള സോളാർ വാട്ടർ ഹീറ്റർ ഘടിപ്പിക്കണം. ഫ്ളാറ്റുകളും കട്ടിട സമുച്ചയങ്ങളും അവരുടെ ആകെ വൈദ്യുതി ഉപയോഗത്തിന്റെ 5% സോളാറിലേക്ക് മാറ്റണം, 30 യൂണിറ്റ് മാത്രം വൈദ്യുതി ഉപയോഗിക്കുന്നവർ സോളാറിലേക്ക് മാറിയാൽ പ്രത്യേക താരീഫ് ലഭിക്കുന്നതാണ്.

പൊതുആവശ്യങ്ങൾക്ക് വേണ്ടി ഉണ്ടാകുന്ന എല്ലാ കെട്ടിടങ്ങൾക്കും സോളാർ നിർബന്ധമാക്കും ഇതിന് ആവിശ്യമായ ക്രമീകരണങ്ങൾ ഉണ്ടാക്കും സർക്കാർ ഓഫീസിന്റെ മുകളിൽ സോളാർ പാനൽ ഘടിപ്പിച്ച് ഓഫീസിന് ആവിശ്യമുള്ള എല്ലാ വൈദ്യുതിയും സമാഹരിക്കും. സോളാർ ഉപയോഗിക്കുമ്പോൾ പാലിക്കേണ്ട സുരക്ഷിതത്വ മര്യാദകൾ, കീഴ്വഴക്കങ്ങൾ എന്നിവ സംബന്ധിച്ചും ലോക നിലവാരത്തിലുള്ള ഗൈഡ് ലൈൻ ഉണ്ടാക്കും. ഇതിന് സോഷ്യൽ മീഡിയയിലൂടെ പ്രചരണം നൽകി പൊതുജനങ്ങൾക്ക് സോളാറിനെകുറിച്ച് അവഗാഹം ഉണ്ടാക്കും.

കേരളത്തിലെ സൗരോർജ്ജ പ്രക്രിയയുടെ നോഡൽ ഏജൻസിയായി ANERT നെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്, പ്രിൻസിപ്പൽ സിക്രട്ടറി (ഊർജ്ജം)യുടെ നേതൃത്വത്തിലുള്ള ഒരു കമ്മിറ്റി സോളാർ ഊർജ്ജ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കും. എല്ലാ സാധ്യതകളേയും കാലഘട്ടത്തിനനുസരിച്ച് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലുള്ള ശാസ്ത്രീയ സംവിധാനത്തിലൂടെ കേരളത്തിലെ ജനങ്ങൾക്ക് ഭാവി ഭാസുരമാകാൻ ഉതകുന്ന ഒരു വലിയ പ്രവർത്തനത്തിന്റെ നേർരേഖയാണ് പ്രസിദ്ധീകരിച്ച കേരള സൗരോർജ്ജ നയം 2013. ■

ലേഖകൻ: കുടുംബശ്രീ കണ്ണൂർ ജില്ലാ മിഷൻ ADMC ആണ്.

സമ്പൂർണ്ണ പെൻഷൻ – ആലപ്പുഴ ജില്ല മാതൃക

ഡോ: എം.കെ. മുനീർ

ആലപ്പുഴ ജില്ലയെ മാതൃകയാക്കി മറ്റ് 13 ജില്ലകളിലും സമ്പൂർണ്ണ പെൻഷൻ ജില്ലകളാക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് പഞ്ചായത്തു സാമൂഹ്യ നീതി വകുപ്പു മന്ത്രി അഭിപ്രായപ്പെട്ടു.ആലപ്പുഴ ജില്ലയെ ഇന്ത്യയിലെ ആദ്യ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിക്കുന്ന ചടങ്ങിൽ പങ്കെടുത്തു സാരിക്കുകയായിരുന്നു മന്ത്രി. അമ്പലപ്പുഴ എം.എൽ.എ ജി. സുധാകരന്റെ അദ്ധ്യക്ഷതയിൽ 5.12.2013ൽ ഐശ്വര്യ ആഡിറ്റോറിയത്തിൽ വച്ച് നടന്ന ചടങ്ങിൽ വച്ചാണ് മന്ത്രി ഡോ. എം.കെ മുനീർ ആലപ്പുഴ ജില്ലയെ സമ്പൂർണ്ണ പെൻഷൻ ജില്ലയായി പ്രഖ്യാപിച്ചത്. സാമൂഹ്യ നീതി വകുപ്പ് സമീപകാലത്ത് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകൾ കൂടുതൽ ആളുകൾക്ക് സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ ലഭിക്കുന്നതിന് സഹായകരമായിട്ടുണ്ടെന്നും മന്ത്രി പറഞ്ഞു. ജനന–മരണ–വിവാഹ രജിസ്ട്രേഷൻ സമ്പൂർണ്ണ ഡിജിറ്റലൈസേഷൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ആഫീസ് (ആലപ്പുഴ) സമ്പൂർണ്ണ കമ്പ്യൂട്ടർവൽകൃത പേപ്പർ ലെസ്സ് ഓഫീസ് എന്നിവയുടെ പ്രഖ്യാപനവും മന്ത്രി നിർവ്വഹിച്ചു. തുടർന്ന് 2012/2013 വർഷത്തിൽ മികച്ച പദ്ധതി പ്രവർത്തനം കാഴ്ചവെച്ച ഗ്രാമ പഞ്ചായത്തുകൾക്കുള്ള ഗ്രാമ പഞ്ചായത്ത് അസ്സോസ്സിയേഷന്റെ പുരസ്ക്കാരം 100 ശതമാനം പദ്ധതി തുക ചെലവഴിച്ച ആര്യാട് ഗ്രാമ പഞ്ചായത്തിനും 99.70 ശതമാനം തുക ചെലവഴിച്ച ചുനക്കര ഗ്രാമ പഞ്ചായത്തിനും 97.62 ശതമാനം തുക ചെലവഴിച്ച തണ്ണീർമുക്കംഗ്രാമ പഞ്ചായത്തിനും മന്ത്രി നൽകി. ചടങ്ങിൽ ചെങ്ങന്നൂർ എം.എൽ.എ. പി.സി.വിഷ്ണുനാഥ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് പ്രതിഭാ ഹരി, പഞ്ചായത്ത് ഡയറക്ടർ മിത്ര.റ്റി, ഐ.എ.എസ്, പഞ്ചായത്ത് ജോയിന്റ് ഡയറക്ടർമാരായ എ.സെയ്ദ്, സി.എൻ.ബാബു. തദ്ദേശ സ്വയം ഭരണ വകുപ്പ് അണ്ടർ സെക്രട്ടറി ശെൽവരാജ്. ഗ്രാമ പഞ്ചായത്ത് അസ്സോസ്സിയേഷൻ വൈസ് പ്രസിഡന്റുമാരായ കോശി.എം.കോശി, എൻ.പി.സ്നേഹജൻ, ജില്ലാ പ്രസിഡന്റ്.എം.ത്യാഗരാജൻ, പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർ മുഹമ്മദ് അഷറഫ് തുടങ്ങിയവർ സംസാരിച്ചു. ഗ്രാമ പഞ്ചായത്ത് അസ്സോസ്സിയേഷൻ ജില്ലാ സെക്രട്ടറി ബി.ബിനു സ്വാഗതവും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കെ.പി.സാബുക്കുട്ടൻനായർ നന്ദിയും രേഖപ്പെടുത്തി. ചടങ്ങിൽ ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ജനപ്രതിനിധികൾ, സെക്രട്ടറിമാർ, അസ്സി. സെക്രട്ടറിമാർ, മറ്റ് ജീവനക്കാർ തുടങ്ങിയവർ പങ്കെടുത്തു.

ഇന്ത്യയിലെ ആദ്യ പഞ്ചായത്ത്തല സമ്പൂർണ്ണ പെൻഷൻ ജില്ല – ആലപ്പുഴ

സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതികൾക്കായി കേന്ദ്ര സർക്കാർ അനുവദിക്കുന്ന തുകയുടെ 50 ശതമാനം പോലും ചെലവഴിക്കാൻ സാധിക്കാത്ത നിലവിലെ അവസ്ഥ മാറ്റി 100 ശതമാനം തുകയും ചെലവഴിക്കുന്നതിലേക്കായി പഞ്ചായത്ത് സമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലും സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി ഓരോ ജില്ലയിലെയും 10 ഗ്രാമ പഞ്ചാ യത്തുകളിൽ സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയുണ്ടായി. പ്രസ്തുത നിർദ്ദേശം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാരുടെ പ്രതിമാസ കോൺഫറൻസിൽ പഞ്ചായത്ത് ഡയറക്ടർ അറിയിച്ചു. തുടർന്ന് ആലപ്പുഴ ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളും ടി പദ്ധതി ഏറ്റെടുത്ത് നടപ്പിലാക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ താഴെപറയുന്ന ചിട്ടയായ പ്രവർത്തനങ്ങളിലൂടെ ആലപ്പുഴ ജില്ലയെ ഇന്ത്യയിലെ ആദ്യ പഞ്ചായത്ത്തല സമ്പൂർണ്ണ പെൻഷൻ ജില്ലയായി 05/12/2013– പഞ്ചായത്ത് സമൂഹ്യ നീതി വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീർ പ്രഖ്യാപിക്കുകയുമുണ്ടായി.

ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളിലേയും അർഹരായ മുഴുവൻ ആളുകൾക്കും ഏതെങ്കിലും ഒരു സാമൂഹ്യ സുരക്ഷാ പെൻഷൻ ഉറപ്പാക്കി മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിന് തീരുമാനി ക്കുകയും തുടർന്ന് പദ്ധതി നടപ്പിലാക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതിനായി ജില്ലയിലെ ഗ്രാമ പഞ്ചായത്ത് അസ്സോസ്സിയേഷനുമായി ആലോചിച്ച് ജില്ലയിലെ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർ, ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺമാർ, സെക്രട്ടറിമാർ എന്നിവരുടെ ഒരു യോഗം 18/10/2013 വെള്ളിയാഴ്ച രാവിലെ 10.30ന് പുന്നപ്ര വടക്ക് ഗ്രാമപഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽ വെച്ച് ചേരുകയും പ്രസ്തുത യോഗത്തിൽ ആലപ്പുഴ ജില്ലയിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകളെയും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിനുള്ള നടപടിക്രമങ്ങളെക്കുറിച്ച് പഞ്ചായത്ത്

ഡെപ്യൂട്ടി ഡയറക്ടർ വിശദീകരിക്കുകയും ചെയ്തു. തുടർന്ന് വിശദമായ ചർച്ചകൾക്കുശേഷം തയ്യാറാക്കിയ കർമ്മപരിപാടി പ്രകാരം പ്രവർത്തനം 23/10/2013ൽ ആരംഭിക്കുന്നതിനും ഡിസംബർ ആദ്യവാരത്തിൽ ജില്ലയിലെ മുഴുവൻ പഞ്ചായത്തുകളും സമ്പൂർണ്ണ പെൻഷൻ പഞ്ചായത്തുകളായി പ്രഖ്യാപിക്കുന്നതിനും തീരുമാനിച്ചു. നിലവിലുള്ള സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം അർഹതയുള്ള മുഴുവൻ ആളുകൾക്കും പെൻഷൻ അനുവദിച്ചു നൽകുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ലക്ഷ്യം കൈ വരിക്കുന്നതിലേക്കായി ഗ്രാമ പഞ്ചായത്തുകളിൽ നിലവിൽ തീർപ്പാക്കുവാൻ ശേഷിക്കുന്ന പെൻഷൻ അപേക്ഷകളിൽ അടിയന്തിരമായി തീർപ്പുണ്ടാക്കുന്നതിനും അതോടൊപ്പം വാർഡ് തലത്തിൽ വാർഡ് മെമ്പർ ചെയർമാനായി വാർഡ്തല സമിതി രൂപീകരിച്ച് സമഗ്രമായ സർവ്വെ നടത്തി അർഹരായ മുഴുവൻ ആളുകളുടെയും അപേക്ഷകൾ, ബന്ധപ്പെട്ട രേഖകൾ സഹിതം, ശേഖരിച്ച് പെൻഷൻ അനുവദിക്കുന്നതിനും തീരുമാനിച്ചു. പെൻഷൻ ലഭിക്കുന്നതിന് അർഹത ഇല്ലാത്ത അപേക്ഷകളിൽ (നിലവിൽ പഞ്ചായത്തിലുള്ള പെൻഡിംഗ് അപേക്ഷകൾ ഉൾപ്പെടെ) പ്രസ്തുത വിവരം രജിസ്റ്റേഡ് തപാൽ മുഖേന അപേക്ഷകനെ അറിയിക്കുന്നതിനും തീരുമാനിച്ചു. ടി പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കി സമ്പൂർണ്ണ പെൻഷൻ പഞ്ചായത്ത് എന്ന സ്വപ്ന നേട്ടം കൈവരിക്കുന്നതിന് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ കൂട്ടായ പരിശ്രമം ഉണ്ടാകണമെന്നും അപ്രകാരം ഈ മഹത്തായ പദ്ധതി ഒരു വൻവിജയമാക്കി തീർക്കുന്നതിനും തീരുമാനിച്ചു. പദ്ധതി സുഗമമായി നടപ്പിലാക്കുന്നതിലേക്കായി ഒരു പ്രവർത്തന കലണ്ടർ തയ്യാറാക്കി മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും നൽകുകയും ആയത് പ്രകാരം ഗ്രാമ പഞ്ചായത്തുകളിൽ നടക്കുന്ന പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആഴ്ചതോറും റിപ്പോർട്ട് ചെയ്യുന്നതിന് പെർഫോമൻസ് ആഡിറ്റ് സൂപ്പർവൈസർമാരെ ചുമതലപ്പെടുത്തുകയും ചെയ്തു. സമ്പൂർണ്ണ പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന്റെ ആദ്യപടിയായി വിവിധ സാമൂഹ്യ സുരക്ഷാ പെൻഷൻ അപേക്ഷകളുടെ അന്വേഷണ ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് എല്ലാ ഗ്രാമ പഞ്ചായത്തുകളും അടിയന്തിര പഞ്ചായത്ത് കമ്മിറ്റി കൂടുകയും വാർഡ് തല സമിതി രൂപീകരിക്കുകയും ചെയ്തു. തുടർന്ന് വാർഡ് തല സമിതിയുടെ ആദ്യ യോഗം. വാർഡ് മെമ്പർ, എ.ഡി.എസ് പ്രസിഡന്റ്, സെക്രട്ടറി, അംഗങ്ങൾ, അംഗൻവാടി വർക്കേഴ്സ്, ആശാ പ്രവർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ട് കൂടുകയും പ്രസ്തുത യോഗത്തിൽ വാർഡിലെ നിലവിലുള്ള പെൻഷൻ ഗുണഭോക്താക്കളുടെ ലിസ്റ്റ് വാർഡ് മെമ്പർ അവതരിപ്പക്കുകയും ചെയ്തു. വാർഡ് തല സമിതി രണ്ടോ മൂന്നോ പേർ ഉൾപ്പെടുന്ന ഗ്രൂപ്പുകളായി തിരിഞ്ഞ് എല്ലാ വീടുകളും സന്ദർശിച്ച് നിലവിൽ യാതൊരു പെൻഷനും ലഭിക്കാത്ത അർഹതയുള്ള എല്ലാ ആളുകളെയും സംബന്ധിച്ച വാർഡ് തല വിവരശേഖരണ സർവ്വേ നടത്തി അപേക്ഷകൾ ബന്ധപ്പെട്ട രേഖകൾ സഹിതം ശേഖരിച്ച് വാർഡ് തല സമിതി വീണ്ടും കൂടി ലഭിച്ച പെൻഷൻ അപേക്ഷകൾ തരം തിരിച്ച് ലിസ്റ്റ് തയ്യാറാക്കി, വാർഡിലെ അർഹരായ മുഴുവൻ ആളുകളും ഏതെങ്കിലും ഒരു പെൻഷൻ ഇനത്തിൽ ഉൾപ്പെട്ടിട്ടുണ്ടെന്ന് യോഗത്തിൽ ഉറപ്പാക്കുകയും ചെയ്തു. തുടർന്ന് ലഭിച്ച പെൻഷൻ അപേക്ഷകൾ മുഴുവൻ രേഖകൾ സഹിതം

ലിസ്റ്റാക്കി ഗ്രാമ പഞ്ചായത്തിൽ നൽകുകയും ഗ്രാമ പഞ്ചായത്തുകൾ ആയത് ബന്ധപ്പെട്ട പരിശോധനാ ഉദ്യോഗസ്ഥർക്ക് അന്വേഷ ണത്തിനായി കൈമാറുകയും ചെയ്തു. പരിശോധനാ ഉദ്യോഗസ്ഥർ അന്വേഷണ റിപ്പോർട്ട് സഹിതം അപേക്ഷകൾ തിരികെ പഞ്ചായത്താഫിസിൽ നൽകുകയും ആയത് പഞ്ചായത്ത് തലത്തിൽ പരിശോധന നടത്തിയതിന് ശേഷം ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കൂടി അപേക്ഷകളുടെ അംഗീകാരം/തിരസ്ക്കരണം സംബന്ധിച്ച് തീരുമാനം എടുക്കുകയും ചെയ്തിട്ടുള്ളതാണ്. തുടർന്ന് ഗ്രാമ പഞ്ചായത്ത് കമ്മറ്റി കൂടി പെൻഷൻ അപേക്ഷകളുടെ അംഗീകാരം/ തിരസ്ക്കരണം അന്തിമമാക്കി തീരുമാനിക്കുകയും 05/12/2013-ന് മുമ്പായി ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളും പഞ്ചായത്ത് തലത്തിൽ സമ്പൂർണ്ണ പെൻഷൻ പഞ്ചായത്ത് പ്രഖ്യാപനം നടത്തുകയും ചെയ്തിട്ടുള്ളതുമാണ്. ഈ മഹത്തായ പ്രവർത്ത നത്തിലൂടെ ജില്ലയിൽ 50519 ഗുണഭോക്താക്കൾക്ക് പുതിയതായി പെൻഷൻ അനുവദിച്ച് നൽകുവാൻ സാധിച്ചിട്ടുള്ളതാണ്. വിവിധ ക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിലേക്കായി ജില്ലയിലെ 73 ഗ്രാമ പഞ്ചായത്തുകളിലുമായി ലഭിച്ച അപേക്ഷകൾ സംബന്ധിച്ച കണക്കു കൾ ചുവടെ ചേർക്കുന്നു:

സമ്പൂർണ്ണ പെൻഷൻ പദ്ധതി പൂർത്തികരിച്ച ജില്ലയിലെ മുഴു വൻ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാർക്കും, ഭരണസമിതി അംഗ ങ്ങൾക്കും, ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസ്സിസ്റ്റന്റ് സെക്രട്ടറി എന്നിവർ ഉൾപ്പെടെയുള്ള മുഴുവൻ ജീവനക്കാർക്കും, കൈമാറി ക്കിട്ടിയ സ്ഥാപനങ്ങളിലെ ഇതുമായി സഹകരിച്ച ജീവനക്കാർക്കും, കുടുംബശ്രീ പ്രവർത്തകർ, അംഗൻവാടി വർക്കേഴ്സ്, ആശാപ്ര വർത്തകർ, സന്നദ്ധ സംഘടനാ പ്രവർത്തകർ, രാഷ്ട്രീയ കക്ഷി പ്രതിനിധികൾ തുടങ്ങിയവർക്കും, കൂടാതെ ഇതുമായി സഹകരിച്ച എല്ലാവർക്കും പഞ്ചായത്ത് വകുപ്പിന്റെ പേരിൽ അഭിനന്ദനങ്ങൾ അറിയിച്ചുകൊള്ളുന്നു. ■

കെ.പി. സാബുക്കുട്ടൻ നായർ,
പഞ്ചായത്തു ഡപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

ക്രമ നമ്പർ	പെൻഷൻ തരം	ആകെ ലഭിച്ച അപേക്ഷകളുടെ എണ്ണം	അംഗീകരിച്ച അപേക്ഷകളുടെ എണ്ണം	നിരസിച്ച അപേക്ഷകളുടെ എണ്ണം	ഒരു മാസത്തേക്ക് ആവശ്യമായ	ഒരു വർഷത്തേക്ക് ആവശ്യമായ
1 (a)	വാർദ്ധക്യകാല പെൻഷൻ (60–79 വയസ്സ് വരെ)	43260	39320	3940	19660000	235920000
1 (b)	വാർദ്ധക്യകാല പെൻഷൻ (80വയസ്സോ അതിന് മുകളിലോ)	3771	3533	238	3886300	46635600
2 (a)	വികലാംഗ പെൻഷൻ (80%- താഴെ)	982	814	168	569800	6837600
2 (b)	വികലാംഗ പെൻഷൻ (80%-ന് മുകളിൽ)	231	178	53	178000	2136000
3	വിധവാ പെൻഷൻ	5596	5190	406	3633000	43596000
4	അവിവാഹിത പെൻഷൻ (50 വയസ്സിന് മുകളിൽ പ്രായമുള്ളവർ)	609	526	83	368200	4418400
5	കർഷകത്തൊഴിലാളി പെൻഷൻ	1080	958	122	479000	5748000
	ആകെ	55529	50519	5010	28774300	345291600

റിപ്പോർട്ട്

ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2013

പഞ്ചായത്ത് വകുപ്പിന് ഒന്നാം സമ്മാനം

ഇന്ത്യ മഹാരാജ്യത്തിന്റെ തലസ്ഥാനനഗരിയെ ശീതകാലം വീശിത്തുടങ്ങിയ നവംബർ മാസത്തിന്റെ ആദ്യവാരത്തിൽ തന്നെ ഞങ്ങൾ മുപ്പത്തിമൂന്നാമത് ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയറിൽ പങ്കെടുക്കുന്നതിനായി ന്യൂഡൽഹിയിൽ എത്തിച്ചേർന്നു. പഞ്ചായത്ത് വകുപ്പ് മന്ത്രി ഡോ.എം.കെ.മുനീറിന്റെ ആശംസകളും ആശിർവാദങ്ങളും ഏറ്റുവാങ്ങിക്കൊണ്ടാണ് രണ്ടാം തവണയും ഇന്ത്യാ ഇൻർനാഷണൽ ട്രേഡ് ഫെയറിൽ പഞ്ചായത്ത് വകുപ്പ് പങ്കെടുത്തത്. 2012-ൽ ആദ്യമായി പഞ്ചായത്ത് വകുപ്പ് ഐ.ഐ.ടി.എഫ്-ൽ പങ്കെടുക്കുകയും ഗവൺമെന്റ് സ്റ്റാൾ വിഭാഗത്തിൽ രണ്ടാംസ്ഥാനം നേടുകയും ചെയ്തിരുന്നു. കഴിഞ്ഞ വർഷത്തെ നേട്ടത്തിൽ നിന്നും ആവേശം ഉൾക്കൊണ്ട് ഇത്തവണ വളരെ മുൻകരുതലോടും വ്യക്തമായ പദ്ധതികളോടും കൂടിയാണ് ഐ.ഐ.റ്റി.എഫ് 2013-ന് പഞ്ചായത്ത് വകുപ്പ് തയ്യാറെടുത്തത്. പഞ്ചായത്ത് ഡയറക്ടർ മിത്ര.റ്റി. ഐ.എ.എസ് ന്റെ മാർഗ്ഗനിർദ്ദേശങ്ങളും, പിന്തുണയും ഐ.ഐ.റ്റി.എഫ് ടീമിന്റെ ആദ്യാവസാനമുള്ള പ്രവർത്തനങ്ങൾ വിജയകരമാക്കി.

ന്യൂഡൽഹിയിലെ വിശാലമായ പ്രഗതി മൈതാനത്ത് പി.ഡബ്ലിയൂ.ഡി. ആർക്കിടെക്റ്റ് രാജീവിന്റെയും എക്സിബിഷൻ സൂപ്പർവൈസർ രാധാകൃഷ്ണപിള്ളയുടെയും മേൽനോട്ടത്തിൽ സുപ്രസിദ്ധ ശില്പിയും കലാകാരനുമായ ജിനന്റെ കരവിരുതിലും കലാചാതുര്യതയിലും കേരള പവലിയൻ ദിനംപ്രതി പൂർത്തിയായിക്കൊണ്ടിരുന്നു. 'ഇൻക്ലൂസീവ് ഗ്രോത്ത്' അഥവാ 'സമഗ്രവളർച്ച' എന്നതായിരുന്നു ഇന്ത്യ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2013-ന്റെ തീം വാചകം. സ്ത്രീകൾ, വികലാംഗർ, ദരിദ്രർ, മാനസിക വെല്ലുവിളികൾ നേരിടുന്നവർ, പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾ, കുട്ടികൾ തുടങ്ങിയ പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്ക് ഉണ്ടായിട്ടുള്ള വളർച്ച ആസ്പദമാക്കിയാണ് കേരള പവലിയന്റെ മുൻവശം ചിത്രീകരിക്കപ്പെട്ടത്. ഇന്ദിരാ ആവാസ് യോജനയും, കുടുംബശ്രീയും, മത്സ്യബന്ധനമേഖലയും, ആട് ഗ്രാമവും, കേരളത്തിന്റെ ഭാവിസ്വപ്നമായ മെട്രോ ട്രെയിനും ഒക്കെ കേരള പവലിയന്റെ മുൻവശത്തെ അലങ്കാര ചിത്രീകരണങ്ങളിൽ സ്ഥാനം പിടിച്ചിരുന്നു.

കേരള പവലിയന്റെ ഉള്ളിൽ ഒത്ത നടുക്കായി ഒരു കർഷക കുടുംബത്തിന്റെ ധവള ഭീമാകാരമായ ശിൽപ്പം നിർമ്മിച്ചിരുന്നു. ന്യൂതന സാങ്കേതിക വിദ്യകളിലൂടെ കാർഷിക മേഖലയിലും കർഷക സമൂഹത്തിലും സംഭവിച്ചു കൊണ്ടിരിക്കുന്ന വളർച്ചയാണ് ശിൽപ്പത്തിലൂടെ അർത്ഥമാക്കിയിരിക്കുന്നത്. ശിൽപ്പത്തിന് പുറകിൽ ഇടിമുഴക്കവും, മിന്നലും, പേമാരിയും, കായലും, ഹൗസ്ബോട്ടും ഒത്തുചേർന്ന മൺസൂൺ ടൂറിസം അതിമനോഹരമായ വിധത്തിൽ നിർമ്മിച്ചു. പെയ്തൊഴിയാത്ത മഴയുടെ ലൈവ് ദൃശ്യം അതീവ ഹൃദ്യമായിരുന്നു. തുടർന്നുള്ള തീം സ്റ്റാൾ ഏര്യയിൽ പഞ്ചായത്ത് വകുപ്പിന് പുറമെ വിനോദസഞ്ചാരവകുപ്പ്, വനംവന്യജീവി വകുപ്പ്, മത്സ്യവകുപ്പ്, കുടുംബശ്രീ, ഫാം ഇൻഫർമേഷൻ ബ്യൂറോ, വ്യവസായ വാണിജ്യ വകുപ്പ്, കയർ ബോർഡ്, കേരള സോപ്പ്, അനിമൽ ഹസ്ബന്ററി, കേരള ലോട്ടറീസ്, മിൽമ, സി-ഡിറ്റ് എന്നിവയുടെ സ്റ്റാളുകൾ അണിയിച്ചൊരുക്കിയിരിക്കുന്നു.

മാണിക്കൽ പഞ്ചായത്ത് അസ്സി.സെക്രട്ടറി. ബിന്ദുരാജ് എം.എ ആണ് തീം സ്റ്റാൾ ഡിസൈൻ ചെയ്തത് 'ഇൻക്ലൂസീസ് ഗ്രോത്ത്' അടിസ്ഥാനമാക്കി കേരളത്തിലെ പഞ്ചായത്തുകൾ മുഖാന്തിരം കേരള സമൂഹത്തിന് ഒട്ടാകെ സംഭവിച്ചുകൊണ്ടിരിക്കുന്ന സമഗ്രവളർച്ചയാണ് തീം സ്റ്റാളിൽ പ്രതീകാത്മകമായി ചിത്രീകരിക്കപ്പെട്ടത്.

അനുദിനം വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രാംഗിതമായ പ്രപഞ്ചത്തെ തീം സ്റ്റാളിൽ പശ്ചാത്തലമാക്കി ഒരുക്കുക വഴി പഞ്ചായത്ത് വകുപ്പിൽ 'വളർച്ച' എന്ന പ്രതിഭാസം ഓരോ നിമിഷവും സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുവാൻ കഴിഞ്ഞു. ഭൂമിയുടെ എല്ലാ വളർച്ചയ്ക്കും നിദാനമായ സൂര്യനെ പഞ്ചായത്തു വകുപ്പായി പ്രതീകാത്മക ചിത്രീകരണം നടത്തുകയും അതുവഴി കേരളസമൂഹത്തിന്റെ സമഗ്രവളർച്ചക്ക് പഞ്ചായത്ത് വകുപ്പ് കാരണമാകുന്നു എന്നും സൂര്യന്റെ ഉള്ളിൽ ചിത്രീകരിച്ച കുതിക്കുന്ന മനുഷ്യരൂപം പഞ്ചായത്തിലെ മാനവശേഷിയെ അർഥമാക്കുകയും ജനപ്രതിനിധികളും, ഉദ്യോഗസ്ഥരും, സന്നദ്ധസംഘടനകളും ചേർന്ന ഈ മാനവശേഷിയാണ് പഞ്ചായത്ത് വകുപ്പിന് സമഗ്രവളർച്ച എന്ന അപൂർവ്വനേട്ടം കൈവരിക്കുന്നതിന് സഹായകരമായത് എന്ന വസ്തുത സിംബോളിക്കായി ചിത്രീകരണം നടത്തി സന്ദർശകർക്ക് വ്യക്തമാക്കി കൊടുക്കുന്നതിൽ പഞ്ചായത്ത് വകുപ്പ് നൂറ് ശതമാനം വിജയം കൈവരിച്ചു. ഭൂഗോളത്തിന്റെ 3 D രൂപവും കേരളത്തിന്റെ 2 D രൂപവും ദൃശ്യവൽക്കരിക്കുക വഴി ഈ ലോകത്തിൽ അടിസ്ഥാനതലങ്ങളിൽ സമഗ്രവളർച്ച കൈവരിച്ചത് നമ്മുടെ കൊച്ച് കേരളത്തിലാണ് എന്നും ആയത് പഞ്ചായത്ത് വകുപ്പ് മുഖാന്തിരമാണ് സഫലമായത് എന്നുമുള്ള യാഥാർത്ഥ്യം സന്ദർശകർക്ക് തിരിച്ചറിയുവാനും സാധിച്ചു. സാധാരണക്കാർക്ക് പോലും വേഗത്തിൽ മനസ്സിലാക്കത്തക്ക വിധത്തിൽ ലളിതമായ പ്രതീകങ്ങൾ സജ്ജീകരിച്ചതിന് സന്ദർശകർ പഞ്ചായത്ത് വകുപ്പിനെ അഭിനന്ദിച്ചു.

കേരളത്തിലെ ക്ഷണിക്കപ്പെട്ട പഞ്ചായത്തുകളിൽ സന്ദർശനം നടത്തി ചിത്രീകരിച്ച് 'ഇൻക്ലൂസീവ് ഗ്രോത്ത്' അടിസ്ഥാനമാക്കി 'ഗ്രോത്ത് ടു ദ ഗ്യാലക്സീസ്' (വാനോളം വളർച്ച) എന്ന പേരിൽ ഒരു ഡോക്യുമെന്ററി ഫിലിം പഞ്ചായത്ത് വകുപ്പ് തയ്യാർ ചെയ്തിരുന്നു. ബിന്ദുരാജ് എം.എ. ആശയവും, സംഭാഷണവും, സംവിധാനവും നിർവ്വഹിച്ച പഞ്ചായത്ത് വകുപ്പിന്റെ ഡോക്ക്യുമെന്ററി ചിത്രം വിവിധ പഞ്ചായത്തുകളിൽ കരഗതമായ വളർച്ച വിശദമാക്കിയിരുന്നു. കേരള പവലിയന്റെ മെയിൻ തീം ഏര്യയിലും പഞ്ചായത്ത് വകുപ്പിന്റെ തീം സ്റ്റാളിലും മുഴുവൻ സമയവും പ്രദർശിപ്പിച്ചിരുന്ന പഞ്ചായത്ത് വകുപ്പിന്റെ ഡോക്കുമെന്ററി ചിത്രം വൻ ജനശ്രദ്ധ ആകർഷിച്ചു.

പഞ്ചായത്ത് വകുപ്പിന്റെ തീം സ്റ്റാളിൽ തിരുവനന്തപുരം ഇടവാ ഗ്രാമപഞ്ചായത്തിൽ നിന്നും ഉണങ്ങിയ തേങ്ങ കൊണ്ടും, തെങ്ങിലെ മറ്റ് പാഴ് വസ്തുക്കൾ കൊണ്ടും കരകൗശല വസ്തുക്കൾ നിർമ്മിക്കുന്നതിൽ വിദഗ്ദ്ധനായ സുധികുമാറിന്റെ തത്സമായ കരകൗശല നിർമ്മാണം ഉണ്ടായിരുന്നു. ഇത് നേരിൽ കാണുന്നതിന് അഭൂതപൂർവ്വമായ തിരക്കാണ് തീം സ്റ്റാളിൽ അനുഭവപ്പെട്ടത്. പലപ്പോഴും

അനുദിനം വളർന്ന് വികസിച്ചുകൊണ്ടിരിക്കുന്ന നക്ഷത്രാംഗിതമായ പ്രപഞ്ചത്തെ തീം സ്റ്റാളിൽ പശ്ചാത്തലമാക്കി ഒരുക്കുക വഴി പഞ്ചായത്ത് വകുപ്പിൽ 'വളർച്ച' എന്ന പ്രതിഭാസം ഓരോ നിമിഷവും സംഭവിച്ചുകൊണ്ടിരിക്കുകയാണെന്ന വസ്തുത അസന്നിഗ്ദ്ധമായി പ്രഖ്യാപിക്കുവാൻ കഴിഞ്ഞു.

പഞ്ചായത്ത് സ്റ്റാളിലെ തിരക്ക് നിയന്ത്രിക്കുവാൻ സെക്യൂരിറ്റികൾ വിഷമിക്കുന്നുണ്ടായിരുന്നു.

ഇന്ത്യാ ഇന്റർനാഷണൽ ട്രേഡ് ഫെയർ 2013 നവംബർ 14 ന് രാവിലെ ഇന്ത്യൻ പ്രസിഡന്റ് പ്രണബ് മുഖർജി ഉദ്ഘാടനം ചെയ്തു. തുടർന്ന് കേരള പവലിയൻ കേന്ദ്ര മാനവ വിഭവ ശേഷി വകുപ്പ് സഹമന്ത്രി ശശിതരൂർ ഉദ്ഘാടനം ചെയ്തു. 2013 ഇന്ത്യാ ഇന്റർ നാഷണൽ ട്രേഡ് ഫെയറിന്റെ ഫോക്കസിംങ് രാജ്യം സൗത്ത് ആഫ്രിക്കയും ഫോക്കസിംഗ് സംസ്ഥാനം ഒറീസയും ആയിരുന്നു. രണ്ട് ആഴ്ച നീണ്ടു നിൽക്കുന്ന പ്രദർശനത്തിന്റെ ആദ്യത്തെ അഞ്ച് ദിവസങ്ങൾ വ്യാപാരികൾക്കും വ്യവസായികൾക്കും വേണ്ടിമാത്രം പ്രവേശനം നിജപ്പെടുത്തിയിരുന്നു. തുടർന്നുള്ള ദിനങ്ങളിൽ സന്ദർശകരുടെ മലവെള്ളപ്പാച്ചിൽ തന്നെ പ്രദർശനനഗരിയിൽ സംഭവിച്ചു.

പ്രഗതി മൈതാനത്തിൽ രാവിലെ കൃത്യം 9 മണിക്ക് തന്നെ പവലിയനുകൾ സന്ദർശകർക്കായി തുറന്നു കൊടുക്കുമായിരുന്നതിനാൽ അതിരാവിലെയുള്ള കൊടുംതണുപ്പ് അവഗണിച്ചുകൊണ്ട് ടീം അംഗങ്ങൾ സ്റ്റാളിൽ എത്തിച്ചേർന്നിരുന്നു. രാവിലെ ആരംഭിക്കുന്ന പ്രദർശനം രാത്രി എട്ട് മണിവരെ നീണ്ടുനിൽക്കുകയും ചെയ്തതിനാൽ സന്ദർശകർക്ക് വിശദീകരണങ്ങൾ നൽകുന്നതിന് ടീം അംഗങ്ങൾക്ക് എല്ലായ്പ്പോഴും സ്റ്റാളിൽ നിലകൊള്ളേണ്ടതായി വന്നു.

കേരള പവലിയനിലെ പഞ്ചായത്ത് സ്റ്റാളുകളിൽ അനേകം വിശിഷ്ഠ വ്യക്തികൾ സന്ദർശനം നടത്തി. കേന്ദ്ര മാനവ വിഭവശേഷി വകുപ്പ് മന്ത്രി ശശി തരൂർ, കേരള നിയമസഭ ചീഫ് വിപ്പ് പി.സി. ജോർജ്ജ്, ആരോഗ്യവകുപ്പ് മന്ത്രി വി.എസ്. ശിവകുമാർ, സാംസ്ക്കാരിക വകുപ്പ് മന്ത്രി കെ.സി.ജോസഫ്, പട്ടികവർഗ്ഗ/യുവജനക്ഷേമ വകുപ്പ് മന്ത്രി പി.കെ. ജയലക്ഷ്മി, കൃഷിവകുപ്പ് മന്ത്രി കെ.പി. മോഹനൻ എന്നിവരും മറ്റ് നിരവധി ജനപ്രതിനിധികളും ഉദ്യോഗസ്ഥ പ്രമുഖരും സന്ദർശനം നടത്തിയവരിൽ ഉൾപ്പെടുന്നു.

പഞ്ചായത്ത് ഡയറക്ടർ മിത്ര.റ്റി. ഐ.എ.എസ് 20-11-2013 തീയതി പഞ്ചായത്ത് സ്റ്റാളുകളിൽ സന്ദർശനം നടത്തുകയും ജീവനക്കാരുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും അഭിനന്ദിക്കുകയും ചെയ്തു.

പഞ്ചായത്ത് വകുപ്പിന്റെ ഐ.ഐ.റ്റി. എഫ് നോഡൽ ഓഫീസറായ സീനിയർ സൂപ്രണ്ട് നൗഫൽ എസ് പ്രദർശനം സംബന്ധിച്ച എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുകയും നിയന്ത്രിക്കുകയും ചെയ്തു. പബ്ലിസിറ്റി ഓഫീസർ എ. ഹാഷിം വിവരസമാഹരണം സംബന്ധിച്ച വിഷയങ്ങൾ നിർവ്വഹിച്ചു. പഞ്ചായത്ത് വകുപ്പിന്റെ കൊമേഴ്സ്യൽ സ്റ്റാൾ പത്തനംതിട്ട ഡെപ്യൂട്ടിഡയറക്ടർ ഓഫീസിലെ ജൂനിയർ സൂപ്രണ്ട് ആർ.രാരാരാജിന്റെ നിയന്ത്രണത്തിലാണ് നടത്തിയത്. പഞ്ചായത്ത് ഡയറക്ടറേറ്റിലെ സീനിയർ ക്ലാർക്കായ രോഹിത് തോമസ്സിന്റെ നിസ്തുലമായ സേവനം കൊമേഴ്സ്യൽ സ്റ്റാളിന് ലഭ്യമായിരുന്നു.

ഐ.ഐ.റ്റി.എഫ് 2013-ൽ പങ്കെടുത്ത എല്ലാ ഗവൺമെന്റ് വകുപ്പുകളും, മിഷനുകളും, ബോർഡുകളും, സ്വകാര്യ സ്ഥാപനങ്ങളും ഒന്നിനൊന്ന് മെച്ചപ്പെട്ട വിധത്തിൽ തന്നെയാണ് സ്റ്റാളുകൾ തയ്യാർ ചെയ്തിരുന്നത്. പഞ്ചായത്ത് വകുപ്പിന് തീം വിഭാഗത്തിലും കൊമേഴ്സ്യൽ വിഭാഗത്തിലും ചേർന്ന് രണ്ട് സ്റ്റാളുകൾ അനുവദിച്ചിരുന്നു. കൊമേഴ്സ്യൽ വിഭാഗത്തിൽ പഞ്ചായത്ത് വകുപ്പ് സജ്ജീകരിച്ച സ്റ്റാളിൽ കേരളത്തിലെ വിവിധ പഞ്ചായത്തുകളിലെ സ്വയം സഹായ സംഘങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ സംഘങ്ങൾ നടത്തിവരുന്ന ചെറുകിട വ്യവസായ യൂണിറ്റുകൾ, വനിതാസംരംഭങ്ങൾ തുടങ്ങിയവയുടെയും പഞ്ചായത്തുകൾ ധാർമ്മികമായ പിന്തുണയും സഹായവും സഹകരണവും നൽകുന്നതുമായ ചെറുകിട വ്യവസായ ഗ്രൂപ്പുകൾ, ഭാഷാ ന്യൂനപക്ഷങ്ങൾ എന്നിവർ നടത്തുന്ന ചെറുകിട വ്യവസായ ഉൽപന്നങ്ങൾ, കരകൗശല വസ്തുക്കൾ, ആഭരണങ്ങൾ തുടങ്ങിയവ പ്രദർശനത്തിനും, വിൽപ്പനയ്ക്കുമായി സ്റ്റാളിൽ ക്രമീകരിച്ചിരുന്നു. പഞ്ചായത്തിന്റെ ഉൽപ്പന്നങ്ങൾ വാങ്ങുന്നതിന് സ്റ്റാളിൽ എല്ലാദിവസവും സന്ദർശകരുടെ വൻതിരക്ക് അനുഭവപ്പെട്ടിരുന്നു.

നവംബർ 23-ാം തീയതി 'കേരള ഡേ' ആഘോഷങ്ങൾ ഐ.ഐ.റ്റി.എഫ് പ്രദർശനനഗരിക്കകത്തുള്ള ലാൽ ചൗക്ക് ഓപ്പൺ എയർ ഓഡിറ്റോറിയത്തിൽ നടന്നു. സാംസ്ക്കാരിക വകുപ്പ് മന്ത്രി കെ. സി.ജോസഫ് കലാപരിപാടികൾ ഉദ്ഘാടനം നിർവ്വഹിക്കുകയും തുടർന്ന് ഞരളത്ത് ഹരിഗോവിന്ദിന്റെ സോപാനസംഗീതവും, സുനിൽ പണിക്കരുടെ തോറ്റവും, സംസ്ഥാന അവാർഡ് ജേതാക്കളായ ജി. ശ്രീറാമും, വൈക്കം ജയലക്ഷ്മിയും നയിച്ച ഗാനമേളയും ആഘോഷങ്ങൾക്ക് ആവേശവും, ഉണർവ്വും പകർന്നു.

പഞ്ചായത്ത് വകുപ്പിന്റെ ഐ.ഐ.ടി. എഫ് ടീം ലീഡറായ ജോയിന്റ് ഡയറക്ടർ എ.സെയിദ്, ജോയിന്റ് ഡയറക്ടർ, സി. എൻ.ബാബു എന്നിവർ എത്തിച്ചേർന്നത് ഐ.ഐ.റ്റി.എഫ് ടീമിന് ഉണർവ്വേകി.

എക്സിബിഷൻ അവസാനിക്കുന്ന നവംബർ മാസം 27-ാം തീയതി രാവിലെ കേരള പവലിയൻ സമ്മാനർഹമായില്ല എന്ന് അറിച്ചുകൊണ്ടെത്തിയ വാർത്ത ഞങ്ങളെ നിരാശപ്പെടുത്തി. ഏറ്റവും നല്ല പവലിയനുള്ള ഗോൾഡ് മെഡൽ അസ്സാമിനും രണ്ടാം സ്ഥാനക്കാർക്കുള്ള വെള്ളി മെഡൽ മധ്യപ്രദേശിനും നൽകപ്പെട്ടു. അന്ന് വൈകുന്നേരം 7 മണിക്ക് കേരള പവലിയനിലെ പ്രദർശനം അവസാനിക്കുകയും തുടർന്ന് ഐ.ആന്റ് പി.ആർ.ഡി ഡയറക്ടർ മിനി ആന്റണി ഐ.എ.എസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ ഏറ്റവും നല്ല ഗവൺമെന്റ് സ്റ്റാളായി പഞ്ചായത്ത് വകുപ്പിനെ തിരഞ്ഞെടുത്ത വിവരം അറിയിക്കുകയുണ്ടായി. പുരസ്കാരവും പ്രശസ്തി പത്രവും ടീം ലീഡർ എ. സെയിദും നോഡൽ ഓഫീസർ നൗഫലും ചേർന്ന് ഐ.ആന്റ്. പി.ആർ.ഡി. ഡയറക്ടറുടെ പക്കൽ നിന്നും ഏറ്റുവാങ്ങി. കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും അഭിമാനം പകർന്നു നൽകിയ ആ നിമിഷത്തിനെ ഞങ്ങൾ കരഘോഷത്തോടെ ആഘോഷിച്ചു. പഞ്ചായത്തുകളുടെ നേട്ടങ്ങൾ ലോകം മുഴുവൻ അംഗീകരിച്ചതിന്റെ അടയാളമാണ് നമുക്ക് കിട്ടിയ ഒന്നാം സ്ഥാനം. അർഹതയ്ക്ക് ലഭിച്ച അംഗീകാരം.

അടുത്ത വർഷം പ്രഥമസ്ഥാനം നിലനിർത്തണം എന്ന തീരുമാനത്തോടെയും പ്രതീക്ഷയോടെയും ഞങ്ങൾ ഈ അസുലഭനേട്ടവുമായി കേരളത്തിലേയ്ക്ക് തിരിക്കുമ്പോൾ തലസ്ഥാനനഗരി നിയമസഭാ ഇലക്ഷന്റെ പിരിമുറുക്കത്തിലാണ്ടിരുന്നു. ■

തയ്യാറാക്കിയത്: ബിന്ദുരാജ് എം.എ

ഐ.ആന്റ് പി.ആർ.ഡി ഡയറക്ടർ മിനി ആന്റണി ഐ.എ.എസിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുയോഗത്തിൽ ഏറ്റവും നല്ല ഗവൺമെന്റ് സ്റ്റാളായി പഞ്ചായത്ത് വകുപ്പിനെ തിരഞ്ഞെടുത്ത വിവരം അറിയിക്കുകയുണ്ടായി. പുരസ്കാരവും പ്രശസ്തി പത്രവും ടീം ലീഡർ എ. സെയിദും നോഡൽ ഓഫീസർ നൗഫലും ചേർന്ന് ഐ.ആന്റ്.പി.ആർ.ഡി. ഡയറക്ടറുടെ പക്കൽ നിന്നും ഏറ്റുവാങ്ങി. കേരളത്തിലെ എല്ലാ പഞ്ചായത്തുകൾക്കും അഭിമാനം പകർന്നു നൽകിയ ആ നിമിഷത്തിനെ ഞങ്ങൾ കരഘോഷത്തോടെ ആഘോഷിച്ചു.

വാർത്തകളും വിശേഷങ്ങളും

പ്രത്യേക ഗ്രാമസഭകൾ/വാർഡ് സഭകൾ വിളിച്ച് ചേർക്കണം

കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ ഭാരതത്തിലാകമാനം നടന്നു വന്ന സാമൂഹിക സാമ്പത്തിക ജാതി സെൻസസ് നമ്മുടെ സംസ്ഥാനത്ത് ഓരോ ജില്ലയിലും അവസാന ഘട്ടത്തിലെത്തിയിരിക്കുകയാണ്. കേരളത്തിലെ മുഴുവൻ ജില്ലകളിലും 2013 നവംബർ 28 മുതൽ ജനുവരി 31 വരെയുള്ള വിവിധ തീയതികളിലായി കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിന് തയ്യാറാകുന്നതാണ്. അതത് ജില്ലകളിലെ കരട് ലിസ്റ്റ് പ്രസിദ്ധീകരണം സംബന്ധിച്ച തീയതികൾ ബന്ധപ്പെട്ട ജില്ല കളക്ടർമാർ ഔദ്യോഗികമായി പ്രഖ്യാപിക്കും. കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് 10 ദിവസത്തിനകം തന്നെ ലിസ്റ്റ് പരിശോധനയ്ക്കായി പ്രത്യേക ഗ്രാമസഭകൾ വിളിച്ച് ചേർക്കണമെന്ന് കേന്ദ്രസർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ജില്ലകളിലെ കരട് ലിസ്റ്റ് പ്രസിദ്ധീകരിച്ചാൽ ഉടൻ തന്നെ പ്രത്യേക ഗ്രാമസഭ/ വാർഡ് സഭ വിളിച്ചു കൂട്ടി കരട് ലിസ്റ്റ് അംഗീകരിക്കുന്നതിനുള്ള നടപടികൾ കാലേക്കൂട്ടി സ്വീകരിക്കണം. കരട് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്ന ദിവസം മുതൽ തന്നെ പരാതികളും ആക്ഷേപങ്ങളും സ്വീകരിക്കുന്നതിനുള്ള ഘട്ടം ആരംഭിക്കുന്നതാണ്. ലിസ്റ്റിൽ വിട്ടുപോയവരെ ഉൾപ്പെടുത്തുന്നതിനും തെറ്റായി രേഖപ്പെടുത്തപ്പെട്ട കുടുംബവിവരങ്ങളിൽ തിരുത്തൽ വരുത്തുന്നതിനും ഈ ഘട്ടത്തിൽ അവസരം ലഭിക്കുന്നതാണ്. ഇതിലേയ്ക്കുള്ള പ്രത്യേക അപേക്ഷകൾ പ്രിന്റ് ചെയ്ത് തദ്ദേശ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ദേശീയ ഭക്ഷ്യ സുരക്ഷാ ബിൽ 2013 പ്രകാരമുള്ള ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത് ഇപ്പോൾ പ്രസിദ്ധീകരിക്കുന്ന ലിസ്റ്റിൽ നിന്നാകയാൽ കാലതാമസം ഉണ്ടാകാതെ തന്നെ ലിസ്റ്റ് ഗ്രാമസഭ/ വാർഡ്സഭ പരിഗണനയ്ക്ക് സമർപ്പിക്കേണ്ടതാണെന്നും നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. സർക്കുലർ നമ്പർ 72213/ഡിഡി3/2013 തസ്വഭവ. തീയതി 9.12.13.

ഇ.എം.എസ് ഭവന പദ്ധതി വായ്പയുടെ പലിശ മാറിനൽകുന്നതിനുള്ള അനുമതി നൽകി ഉത്തരവായി

ഇ.എം.എസ് ഭവന പദ്ധതിയ്ക്കായി സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പയുടെ പലിശയിനത്തിൽ "2216-80-800(NP)" ശീർഷകത്തിലുള്ള 40,00,00,000/- രൂപ ഗ്രാമ/ബ്ളോക്ക്/ജില്ലാ പഞ്ചായത്തുകൾക്കും, നഗരസഭ/ കോർപ്പറേഷനുകൾക്കും താഴെപ്പറയും പ്രകാരം മാറി നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചു.

ഗ്രാമപഞ്ചായത്ത് തലത്തിലെ പലിശ ഇനത്തിൽ30.09.2012 വരെ ബാദ്ധ്യതയായി 32,28,74,347/-രൂപ പലിശയിനത്തിൽ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടറെയും ബ്ളോക്ക് പഞ്ചായത്തുകൾക്ക് 31.03.2013 വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 1,89,61,805/-രൂപയും, നഗരസഭകളിലും കോർപ്പറേഷനുകളിലും 31.12.2012വരെ പലിശയിനത്തിൽ ബാദ്ധ്യതയായ 5,18,97,240/-രൂപയും ജില്ലാ പഞ്ചായത്ത് തലത്തിൽ പലിശയിനത്തിൽ 31.03.2013 വരെ ബാദ്ധ്യതയായ 2,20,80,756/-രൂപയിൽ മുകളിൽ സൂചിപ്പിച്ച പ്രകാരം അനുവദിച്ചു കഴിഞ്ഞാൽ മേൽ ഹെഡ് ഓഫ് അക്കൗണ്ടിൽ ബാക്കിയാകുന്ന 62,66,608/-രൂപ മാറി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ ഗ്രാമവികസന കമ്മീഷണറെയും ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചു. സ.ഉ.(സാധാ)നം. 2984/13/തസ്വഭവ തീയതി 04.12.2013

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ- സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കണം.

രാജ്യത്തിന്റെ സ്വാതന്ത്ര്യത്തിന് വേണ്ടി ജീവത്യാഗം വരിക്കുവാൻ പോലും സന്നദ്ധരായിരുന്ന സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കുന്നതിനും, സമൂഹത്തിനാകെ മാതൃകയായ അത്തരം വ്യക്തികളുടെ മരണാനന്തര ചടങ്ങുകളിൽ അതത് തദ്ദേശ സ്വയംഭരണ പ്രതിനിധികൾ പങ്കെടുത്ത് അവരെ ആദരിക്കുന്നതുമായി ബന്ധപ്പെട്ടും 20.01.2010ലെ 402/ഇ.എം1/2010/തസ്വഭവ നമ്പർ സർക്കുലർ പ്രകാരം ചില മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. അവ പൂർണ്ണമായും പാലിക്കുന്നതിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ട സാഹചര്യത്തിൽ സ്വാതന്ത്ര്യസമര സേനാനികളെ ആദരിക്കുന്നതുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചു.

- ◆ പ്രദേശവാസികളായ സ്വാതന്ത്ര്യസമര സേനാനികളെ അതത് സ്വയംഭരണ സ്ഥാപനങ്ങൾ സംഘടിപ്പിക്കുന്ന സ്വാതന്ത്ര്യദിനം, റിപ്പബ്ലിക് ദിനം തുടങ്ങിയ പൊതു പരിപാടികളിലും മറ്റ് ദേശീയോദ്ഗ്രഥനപരിപാടികളിലും പ്രത്യേക ക്ഷണിതാക്കളാകുവാൻ ശ്രദ്ധിക്കേണ്ടതാണ്.
- ◆ പ്രദേശവാസികളായ സ്വാതന്ത്ര്യസമര സേനാനികൾ അന്തരിക്കുമ്പോൾ അതത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ അവരുടെ വീടുകൾ സന്ദർശിക്കേണ്ടതും അതത് തദ്ദേശ സ്വയംഭരണ സ്ഥാപനത്തെ പ്രതിനിധീകരിച്ച് റീത്ത് സമർപ്പിക്കേണ്ടതുമാണ്.
- ◆ സ്വാതന്ത്ര്യസമര സേനാനികളുടെ വാസസ്ഥലത്തോ, താമസസ്ഥലത്തോ ഉള്ള പൊതു സ്ഥലത്തിന്/പൊതു റോഡിന് സ്വാതന്ത്ര്യസമര സേനാനിയുടെ പേര് നൽകി ആദരിക്കുന്ന കാര്യം പരിഗണിക്കേണ്ടതാണ്.
- ◆ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കീഴിലുള്ള ലൈബ്രറി, കവല, ജലാശയം തുടങ്ങിയ പൊതു സ്ഥാപനങ്ങൾക്ക് തദ്ദേശവാസികളായ സ്വാതന്ത്ര്യസമര സേനാനിയുടെ പേര് നൽകി അവരുടെ സ്മരണ നിലനിർത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധചെലുത്തേണ്ടതാണ്.
- ◆ ഈ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളോ ജീവനക്കാരോ സ്വാതന്ത്ര്യസമര സേനാനികളോട് ഏതെങ്കിലും തരത്തിലുള്ള അനാദരവ് കാട്ടിയതായ ആക്ഷേപം ഉണ്ടാകുന്ന പക്ഷം ടി വിഷയം ബന്ധപ്പെട്ട അധികാരികൾ ഗൗരവമായി കണ്ട് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ് സർക്കുലർ നം. 63648/ഇ.എം.1/ 2013/തസ്വഭ തീയതി 11.11.2013

തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ, ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണ്ണരൂപം www.lsgkerala.gov.in വെബ്സൈറ്റിൽ ലഭ്യമാണ്.

Edited and Published by Mithra.T. IAS, Director of Panchayats, Govt. of Kerala, Thiruvananthapuram - 695 033
and Printed for GLM at Akshara Offset, Thiruvananthapuram.





ഗ്രാമ നഗര ഭരണത്തിന്റെ
നേർക്കാഴ്ചകളുമായി

പഞ്ചായത്ത് രാജ്

- ലേഖനങ്ങൾ
- മാതൃകകൾ
- അനുഭവങ്ങൾ
- ഫീച്ചറുകൾ
- അവലോകനങ്ങൾ
- വാർത്തകൾ

വായിക്കുക വരിക്കാരാകുക

പരസ്യ നിരക്ക്

		തുക (രൂപയിൽ)
കവർ (അവസാനപുറം) കളർ	:	12000/-
കവർ (ഉൾവശം) കളർ	:	10000/-
കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ്	:	8000/-
മറ്റു പേജുകൾ (കളർ)	:	8000/-
മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്)	:	6000/-
അര പേജ് (കളർ)	:	5000/-
അര പേജ് (ബ്ലാക്ക് & വൈറ്റ്)	:	3000/-

വാർഷിക വരിസംഖ്യ : 120 രൂപ

ഡിമാന്റ് ഡ്രാഫ്റ്റായോ,
മണിഓർഡറായോ അയയ്ക്കുക.

വിലാസം:
എഡിറ്റർ / പഞ്ചായത്ത് ഡയറക്ടർ,
പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്,
മ്യൂസിയം പി.ഒ., തിരുവനന്തപുരം-695033

PANCHAYATRAJ (Monthly) November 2013
Annual Subscription ₹120/-, Published on 20th November 2013
Posted at Trivandrum RMS on 25th & 26th of every month

RNI. No.: 7959/64
Postal Reg. No. KL/TV(N) 391/2012-14
Licensed to Post without Prepayment No. KL/TV(N) WPP-85/2012-14

www.ammini.com

ammini
partnering with tomorrow

ഊർജ്ജസംരക്ഷണത്തിന്റെ വിജയഗാഥയുമായി

BIS CERTIFIED

ലൈട്രോൺ
CFL വഴിവിളക്കുകൾ



11W | 22W | 36W | 72W

LEDtron
LED വഴിവിളക്കുകൾ

12W | 18W | 24W | 36W | 48W | 72W | 96W

അമ്മിണി എനർജി സിസ്റ്റംസ്

Special packages for
LOCAL BODY PROJECTS

കൂടുതൽ വിവരങ്ങൾക്ക്:
1800 300 00600 (Toll Free)
0471-3060200 (Call Centre)

The brightest range of
Solar & Energy Conservation
Lighting Products

- സോളാർ ഹോം ലൈററിംഗ് സിസ്ററം
- സോളാർ സ്ട്രീററ് ലൈററിംഗ് സിസ്ററം
- സോളാർ ലാന്റേൺ (MNRE Approved)
- സോളാർ പവർ പ്ലാന്റുകൾ (With 30% MNRE Subsidy)

ammini
partnering with tomorrow

ലൈറ്റിംഗ് രംഗത്ത്
18 വർഷത്തെ
സേവന പാരമ്പര്യം

STQC Certification QMS
MGMT. SYS. RvA C 286
ISO 9001: 2008
ONICRA We Secure Trust
NSIC - ONICRA CREDIT RATED:SE1B
एन. एस. आई. सी
NSIC
ISO 9001 : 2008
REGISTERED
SIDCO
REGISTERED

അമ്മിണി എനർജി സിസ്റ്റംസ്
ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, പാപ്പനംകോട്,
തിരുവനന്തപുരം – 695 019
ഫോൺ: 0471-3060200 ഫാക്സ്: 3060201
മാനേജർ-സെയിൽസ്: 9387160200
ഇ-മെയിൽ: mail@ammini.com

CONTACT : 1800 300 00 600 (TOLL FREE)

Printed & Published by Mithra.T. IAS, Director, Dept. of Panchayats on behalf of Govt. of Kerala and
Printed at Akshara Offset (for GLM), Vanchiyoor,Thiruvananthapuram, Kerala - 695 035 and Published at Directorate of Panchayats,
Museum P.O., Thiruvananthapuram - 695 033, Kerala. Editor: Mithra.T. IAS